# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

ആഗസ്റ്റ് 2022 | വാല്യം 49 ലക്കം 5 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 16 | വില 10.00 രൂപ




## വിപ്ലവകർത്തവ്യ നിർവ്വഹണത്തിനായി ദൃഢപ്രതിജ്ഞ ചെയ്ത്

# സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരിക്കുക

സമുന്നത മാർക്സിസ്റ്റ് ദാർശനികനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സ്ഥാപകനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ ജന്മശതാബ്ദി, 2022 ആഗസ്റ്റ് 5 മുതൽ 2023 ആഗസ്റ്റ് 5 വരെ, ഒരു വർഷം നീണ്ടുനിൽക്കുന്ന രാജ്യവ്യാപകമായ പരിപാടികളോടെ ആചരിക്കുകയാണ്. സഖാവ് ഘോഷിന്റെ ജീവിതസമരത്തിൽനിന്നും വൈജ്ഞാനിക സംഭാവനകളിൽനിന്നും പാഠങ്ങൾ ഉൾക്കൊള്ളാനും അവ ജീവിതത്തിൽ പകർത്തിക്കൊണ്ട് നല്ല കമ്മ്യൂണിസ്റ്റുകളായി വളരാനും അതുവഴി സാമൂഹ്യ മാറ്റത്തിനുള്ള പ്രവർത്തനങ്ങളിൽ അർത്ഥവത്തായ പങ്കുവഹിക്കാനും ഏതൊരാളെയും പ്രചോദിപ്പിക്കുക എന്നതാണ് ജന്മശതാബ്ദി ആചരണത്തിന്റെ മുഖ്യ ലക്ഷ്യം. സഖാവ് ശിബ്ദാസ് ഘോഷിന്റെ നാമവും അദ്ദേഹത്തിന്റെ ആഴമാർന്ന പാഠങ്ങളും വിശകലനങ്ങളും വലിയ അളവിൽ ജനങ്ങളിലെത്തിക്കുക എന്നതും ജന്മശതാബ്ദി ആചരണത്തിന്റെ ലക്ഷ്യമാണ്.

ഇന്ത്യൻ സ്വാതന്ത്ര്യസമരം ശക്തിയാർജ്ജിച്ചുവന്ന ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലാണ് സഖാവ് ഘോഷിന്റെ ജനനം. സ്കൂൾ വിദ്യാർത്ഥിയായിരിക്കെ, കേവലം 13 വയസ്സുള്ളപ്പോൾതന്നെ അദ്ദേഹം സമരപ്രവർത്തനങ്ങളിൽ വ്യാപൃതനായി. ഖുദിറാം ബോസിന്റെ രക്തസാക്ഷിത്വവും ഭഗത് സിംഗിന്റെ ഐതിഹാസികമായ പോരാട്ടവും സുഭാഷ് ചന്ദ്ര ബോസിന്റെ രാഷ്ട്രീയ പക്വതയുമൊക്കെ സഖാവ് ഘോഷിന്റെ വ്യക്തിത്വരൂപീകരണത്തിൽ വലിയ പങ്കുവഹിച്ചു. അനുശീലൻ സമിതി എന്ന വിപ്ലവപ്രസ്ഥാനത്തിലെ സജീവ പ്രവർത്തകനായി അദ്ദേഹം.

ഗാന്ധിജിയുടെ വ്യക്തിത്വത്തോട് ആദരവ് പുലർത്തവെതന്നെ അദ്ദേഹം നേതൃത്വം നൽകിയ സഹന സമരത്തിന്റെയും സന്ധിമനോഭാവത്തോടെയുള്ള പോരാട്ടത്തിന്റെയും ധാര സഖാവ് ഘോഷിനെ ആകർഷിച്ചില്ല. ചൂഷണമുക്തമായൊരു സമൂഹം ലക്ഷ്യമാക്കിയുള്ള സന്ധിരഹിത പോരാട്ടത്തിന്റെ വിപ്ലവധാരയോടാണ് അദ്ദേഹം ആഭിമുഖ്യം പുലർത്തിയത്. ഇന്ത്യൻ ദേശീയവാദം മതോന്മുഖവും ഹിന്ദുമത പുനരുദ്ധാരണ സ്വഭാവമാർജ്ജിച്ചതുമായിരുന്നു. സവർണ്ണ മേധാവിത്വം ദളിത് വിഭാഗങ്ങളെ മാത്രമല്ല, മുസ്ലീങ്ങളെയും ദേശീയപ്രസ്ഥാനത്തിൽനിന്ന് അകറ്റി. ബ്രിട്ടീഷ് ആധിപത്യത്തിന് അന്ത്യം കുറിക്കുന്നതുകൊണ്ട് മാത്രം ചൂഷണമുക്തമായ ഒരു ഇന്ത്യ കെട്ടിപ്പടുക്കാൻ ആവില്ലെന്നും അതിന് സാമ്പത്തിക-രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക മേഖലകളെയാകെ ഉൾക്കൊള്ളുന്ന സമഗ്രമായ സമരം അനിവാര്യമാണെന്നുമുള്ള നിഗമനത്തിൽ കുറഞ്ഞ കാലം കൊണ്ടുതന്നെ അദ്ദേഹം എത്തിച്ചേർന്നു.

(ശേഷം 2-ാം പേജിൽ)


6 ബിജെപിയുടെ ബുൾഡോസർ ഡ്രൈവിനെതിരെ നിയമജ്ഞർ
7 പൊതുജനാരോഗ്യ സംവിധാനം തകരുമ്പോൾ
9 സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രസംഗം
12 സിപിഐ(എം)ന്റെ അപചയം ഇടതു മനഃസാക്ഷിയെ ഞെട്ടിക്കുന്നു


# കടമെടുത്തുകൊണ്ടുള്ള 'പശ്ചാത്തലസൗകര്യ വികസനം' മുതലാളിത്തത്തിന്റെ പ്രതിസന്ധി മറച്ചുവയ്ക്കാനുള്ള 'ഇടതു'ശ്രമം

കേരളം അകപ്പെട്ടിരിക്കുന്നത് അതിരൂക്ഷമായ പ്രതിസന്ധിയിലാണെന്നും നമ്മൾ പൊയ്ക്കൊണ്ടിരിക്കുന്നത് ശ്രീലങ്കയുടെ മാതൃകയിലുള്ള കടക്കെണിയിലേക്കാണെന്നും യൂണിറ്റിയുടെ ജൂൺ ലക്കത്തിൽ ഞങ്ങൾ ചൂണ്ടിക്കാട്ടിയിരുന്നു. അത് സാധൂകരിക്കുന്ന തരത്തിൽ തൊട്ടുപിന്നാലെ റിസർവ് ബാങ്കിന്റെ നിരീക്ഷണം പുറത്തുവരികയുണ്ടായി. ഏറ്റവും കടബാധ്യതയുള്ള അഞ്ച് ഇന്ത്യൻ സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം.

## കടക്കെണിയിൽ അകപ്പെട്ട കേരളം

ശ്രീലങ്കയുടെ മാതൃകയിലുള്ള പ്രതിസന്ധിയിലേക്കു പോകുന്ന അടിയന്തര സാഹചര്യമില്ലെങ്കിൽപോലും വേണ്ട നടപടികളെടുത്തില്ലെങ്കിൽ അപരിഹാര്യമായ പ്രതിസന്ധിയിലേയ്ക്കാണ് വർധിക്കുന്ന കടം നമ്മളെ കൊണ്ടുചെന്നെത്തിക്കുകയെന്ന ആർബിഐയുടെ പഠനം ഗൗരവമേറിയതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ദൗർബല്യത്തെ കുറിക്കുന്ന സൂചകങ്ങളെല്ലാം തന്നെ അപകടനില കടന്നു നിൽക്കുകയാണ്.

ധനക്കമ്മിയുടെകാര്യമെടുക്കാം.

(ശേഷം 4-ാം പേജിൽ)




ഭക്ഷ്യവസ്തുക്കളുടെമേൽ ഏർപ്പെടുത്തിയ ജിഎസ്ടി പിൻവലിക്കുവാനാവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോഴിക്കോട് നടത്തിയ പ്രതിഷേധ ധർണ്ണ ജില്ലാ സെക്രട്ടറി സഖാവ് എ. ശേഖർ ഉദ്ഘാടനം ചെയ്യുന്നു.




# കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കുന്നതിന്റെ ശരിയായ പ്രക്രിയ സഖാവ് ഘോഷ് അവതരിപ്പിച്ചു

*(1–ാം പേജിൽ നിന്ന്)*

സമൂലമായ സാമൂഹികമാറ്റത്തിന്റെ ആശയപരമായ അടിത്തറയെക്കുറിച്ചുള്ള അന്വേഷണം അദ്ദേഹത്തെ മാർക്സിസം എന്ന മഹത്തായ ദർശനത്തിലാണ് കൊണ്ടെത്തിച്ചത്. ആശയം ഗ്രഹിക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തനം നടത്തുകയും മാത്രമല്ല പുതിയൊരു സമൂഹ നിർമ്മിതിക്ക് ആവശ്യമായ സമരം ഏറ്റെടുക്കുന്നവരുടെ ദൗത്യമെന്നും, ഗ്രഹിക്കുന്ന ആശയം സ്വാംശീകരിച്ചുകൊണ്ട് ആന്തരിക സമരത്തിലൂടെ പുതിയ സമൂഹത്തിന്റെ പ്രതിനിധിയായി സ്വയം മാറേണ്ടതുണ്ടെന്നുമുള്ള മാർക്സിസ്റ്റ് കാഴ്ചപ്പാട് അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്തി.

വിപ്ലവഗ്രൂപ്പുകളുടെയും ഇടതുപക്ഷ സംഘടനകളുടെയും പരിമിതികൾ കൃത്യമായി വിലയിരുത്താൻ മാർക്സിസം പ്രദാനംചെയ്ത ഉൾക്കാഴ്ച അദ്ദേഹത്തിന് സഹായകമായി. ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ തൊഴിലാളി വർഗ്ഗത്തെയും മറ്റ് ചൂഷിത ജനവിഭാഗങ്ങളെയും അണിനിരത്തിയുള്ള സുദീർഘവും കഠിനതരവുമായ പോരാട്ടത്തിലൂടെ മാത്രമേ ചൂഷണരഹിതമായ ഒരു സമൂഹത്തിന്റെ സൃഷ്ടി സാധ്യമാകൂ എന്ന ഉറച്ച ബോധ്യം അദ്ദേഹത്തിനുണ്ടായി.

മാർക്സിസത്തിൽ നേടിയ അവഗാഹത്തിന്റെയും വിലപ്പെട്ട പ്രവർത്തനാനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയെ വിശകലനം ചെയ്ത സഖാവ് ഘോഷ് സിപിഐയ്ക്ക് മാർക്സിസത്തിന്റെ അന്തസ്സത്ത കണ്ടെത്താനോ ഉന്നതമായ ആ ദർശനത്തിന്റെ അടിസ്ഥാനത്തിൽ ശരിയായ ഒരു തൊഴിലാളിവർഗ്ഗ പാർട്ടി കെട്ടിപ്പടുക്കാനോ കഴിഞ്ഞില്ല എന്ന വിലയിരുത്തലിലാണ് എത്തിയത്. ഏതൊരു ഉന്നതമായ ആശയത്തിന്റെയും ദർശനത്തിന്റെയും കാതലും പ്രാണനും അതുയർത്തിപ്പിടിക്കുന്ന സാംസ്കാരത്തിലും നൈതികതയിലും സൗന്ദര്യ സങ്കല്പത്തിലും ഉള്ളടങ്ങിയിരിക്കുന്നു എന്നായിരുന്നു സഖാവ് ഘോഷിന്റെ അഭിപ്രായം. മാർക്സിസം ഉദാത്തമായ ദർശനമായി മാറുന്നത് ഇക്കാരണത്താലാണ്. എന്നാൽ ആ മഹത്തായ തത്വശാസ്ത്രത്തിന്റെ സാംസ്കാരിക-നൈതിക മൂല്യങ്ങൾ ജീവിതത്തിൽ പകർത്താൻ അവിഭജിത സിപിഐ പരാജയപ്പെട്ടുവെന്ന് അദ്ദേഹം വിലയിരുത്തി. അപരിഹാര്യമായ പിശകുകൾ സിപിഐയെ അനിവാര്യമായ പതനത്തിൽ ആയിരിക്കും കൊണ്ടെത്തിക്കുക എന്ന് അദ്ദേഹം മുൻകൂട്ടി കണ്ടു. സിപിഐയുടെയും അത് പിളർന്നുവന്ന സിപിഐ(എം)ന്റെയും നക്സലൈറ്റുകൾ അടക്കമുള്ള നിരവധി ഗ്രൂപ്പുകളുടെയുമൊക്കെ പിൽക്കാല ചരിത്രം സഖാവ് ഘോഷിന്റെ നിഗമനം അക്ഷരം പ്രതി ശരിവയ്ക്കുന്നതായിരുന്നു.

ഒരു ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ത്യൻ മണ്ണിൽ കെട്ടിപ്പടുക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തം ഒരുപിടി വിപ്ലവകാരികളോടൊപ്പം അദ്ദേഹം ഏറ്റെടുത്തു. ജനാധിപത്യ കേന്ദ്രീയതയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അടിസ്ഥാന സംഘടനാ തത്വം എന്ന ലെനിനിസ്റ്റ് കാഴ്ചപ്പാട് അദ്ദേഹം മുറുകെപ്പിടിച്ചു. മാർക്സിസം സയൻസ് തന്നെയാണെന്നും നിരന്തരം വളർന്നുകൊണ്ടിരിക്കുമ്പോഴാണ് മാറിയ കാലഘട്ടത്തിലെ പ്രശ്നങ്ങൾക്ക് ഉത്തരം നൽകാൻ അതിന് കഴിയുകയെന്നും സഖാവ് ഘോഷ് മനസ്സിലാക്കിയിരുന്നു. ആ ധാരണയുടെ അടിസ്ഥാനത്തിൽ ജനാധിപത്യ കേന്ദ്രീയതയെ കുറിച്ചുള്ള ഏറ്റവും കാലികമായ കാഴ്ചപ്പാട് രൂപീകരിച്ചെടുത്തുകൊണ്ട് സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ എന്ന ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കുന്നതിന് അദ്ദേഹം നേതൃത്വം നൽകി.

മാർക്സിസത്തെക്കുറിച്ച് തെറ്റായ ധാരണകൾ രാജ്യത്ത് നിലനിന്നിരുന്ന ഒരു കാലയളവിലായിരുന്നു എസ്‌യുസിഐ രൂപീകരിക്കപ്പെട്ടത്. ക്വിറ്റ് ഇന്ത്യാ സമരത്തെ വഞ്ചിച്ചുകൊണ്ട് സിപിഐ സ്വീകരിച്ച ബ്രിട്ടീഷ് അനുകൂല നിലപാട്, സ്വാതന്ത്ര്യ സമരത്തിൽ മുഴുകിയിരുന്ന ഇന്ത്യൻ ജനതയിൽ മാർക്സിസത്തോട് എന്തെന്നില്ലാത്ത വെറുപ്പും ശത്രുതയും സൃഷ്ടിച്ചിരുന്നു. മാർക്സിസത്തെ സിപിഐ വികലമായി മനസ്സിലാക്കിയതിന്റെയും ആ മനസ്സിലാക്കലിന്റെ അടിസ്ഥാനത്തിൽ ലോകയുദ്ധത്തിന്റെയും സ്വാതന്ത്ര്യ സമരത്തിന്റെയുമൊക്കെ കാര്യത്തിൽ സ്വീകരിച്ച തെറ്റായ നിലപാടുകളുടെയും ഫലമായുണ്ടായതാണ്, ഈ തെറ്റിദ്ധാരണകൾ എന്ന വസ്തുത ഇന്ത്യയിലെ ജനങ്ങൾക്കു മുമ്പാകെ സഖാവ് ഘോഷ് അവതരിപ്പിച്ചു. മനുഷ്യരാശിക്ക് സൃഷ്ടിക്കാൻ കഴിഞ്ഞ ഏറ്റവും ആധുനികവും ഉന്നതവുമായ ആശയം മാത്രമല്ല, മുതലാളിത്ത കാലഘട്ടത്തിൽ ചൂഷണ മുക്തമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന ഒരേയൊരു പ്രത്യയശാസ്ത്രമാണ് മാർക്സിസമെന്നും അദ്ദേഹം സമർത്ഥിച്ചു. ആദ്യ കാലത്ത് അധികമാളുകൾക്കൊന്നും ഇത് ബോദ്ധ്യപ്പെട്ടില്ലെങ്കിലും നാൾ ചെല്ലുന്തോറും എസ്‌യുസിഐക്ക് സ്വീകാര്യത ഏറിവന്നു. പശ്ചിമ ബംഗാളിലെ ജയ്നഗർ എന്ന കൊച്ചു പട്ടണത്തിൽ ഏതാനും പേർ ചേർന്ന് രൂപം കൊടുത്ത ഈ പ്രസ്ഥാനം ഇന്ന് ഇന്ത്യയിൽ ഏതാണ്ടെല്ലാ സംസ്ഥാനങ്ങളിലുംപ്രവർത്തനമുള്ളതും പല സംസ്ഥാനങ്ങളിലും ശക്തമായ സമരങ്ങൾ വളർത്തിയെടുക്കാൻ ശേഷിയുള്ളതുമായ ഒരു പാർട്ടിയാണ്.



ആഗസ്റ്റ് 5ന് ഡൽഹിയിൽ നടന്ന സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരണ പരിപാടികളുടെ ദേശീയതല ഉദ്ഘാടന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ്, ശിബ്ദാസ് ഘോഷിന്റെ ചിത്രത്തിനുമുന്നിൽ അഭിവാദ്യമർപ്പിക്കുന്നു.




എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ് ബ്യൂറോ അംഗം സഖാവ് അസിത് ഭട്ടാചാര്യ ദേശീയതല ഉദ്ഘാടന സമ്മേളനത്തിൽ പ്രസംഗിക്കുന്നു. പൊളിറ്റ് ബ്യൂറോ അംഗങ്ങളായ സഖാക്കൾ സപൻ ഘോഷ്, സുമൻ ബോസ്, ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ്, പൊളിറ്റ് ബ്യൂറോ അംഗം സഖാവ് സത്യവാൻ എന്നിവർ മുൻനിരയിൽ.

അനേകം പരാധീനതകൾക്കു നടുവിൽ, ലക്ഷ്യബോധവും അർപ്പണ മനോഭാവവും പ്രദാനം ചെയ്ത കരുത്തിന്റെ ബലത്തിൽ പാർട്ടി കെട്ടിപ്പടുക്കാനുള്ള സമരം മുന്നേറി. സാമ്പത്തിക ബുദ്ധിമുട്ടുകളോ പരിഹാസങ്ങളോ അവരെ അലോസരപ്പെടുത്തിയില്ല. മരിക്കേണ്ടി വരുമ്പോൾ തലയുയർത്തിപ്പിടിച്ച് മരിക്കണമെന്നും വിപ്ലവ സമരത്തിൽ മുഴുകുന്നതാണ് ഏറ്റവും മഹത്തായ ജീവിത രീതിയെന്നും അവർ ഉറച്ചു വിശ്വസിച്ചു. ആശയക്കുഴപ്പമേതുമില്ലാതെ മാർക്സിസത്തിന്റെ ഏറ്റവും തെളിമയാർന്ന ധാരണകൾ, ഏറ്റവും വികസിതവും സമ്പുഷ്ടവുമായ രൂപത്തിൽ അവതരിപ്പിക്കാൻ അവർക്കുകഴിഞ്ഞു.

അധികാര കൈമാറ്റത്തിലൂടെ ഭരണകൂട നിയന്ത്രണം കൈയടക്കിയ ഇന്ത്യൻ മുതലാളിവർഗ്ഗത്തിന് അതിന്റെ ചൂഷണവാഴ്ച സുഗമമാക്കാൻ ജനങ്ങൾക്കിടയിലെ ജാതി-മത ഭിന്നിപ്പുകൾ സഹായകമായി. മുതലാളിവർഗ്ഗം അതിന്റെ രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാമെന്ന വ്യാമോഹത്താൽ ആവിഷ്ക്കരിക്കുന്ന ഫാസിസ്റ്റ് ഭരണ ക്രമത്തിന്, ഭരണകൂട ഒത്താശയോടെ വളർത്തിയെടുക്കപ്പെടുന്ന സങ്കുചിത ദേശീയവാദവും മതഭ്രാന്തുമൊക്കെ മുതൽക്കൂട്ടാകുന്നു. ഏറെ സങ്കീർണ്ണവും ഗുരുതരവുമായ ഈ സ്ഥിതിവിശേഷത്തെ മറികടക്കാതെ സാമൂഹ്യപരിവർത്തനത്തിനായുള്ള സമരത്തെ മുന്നോട്ടു കൊണ്ടുപോകാനാകില്ല. ജാത്യാധിഷ്ഠിത സമൂഹം രൂഢമൂലമാക്കിയ പഴഞ്ചൻ മൂല്യങ്ങൾക്കെതിരെ, സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിൽ നവോത്ഥാന പ്രസ്ഥാനം വരുത്തിയ വീഴ്ചകൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പൊരുതിക്കൊണ്ട് ജനാധിപത്യ-മതേതര കാഴ്ചപ്പാടുകളും ഉന്നതമായ തൊഴിലാളിവർഗ്ഗ മൂല്യങ്ങളും സ്ഥാപിച്ചെടുക്കേണ്ടതുണ്ടെന്ന് സഖാവ് ഘോഷ് ഓർമ്മിപ്പിച്ചു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെയും സിപിഐയുടെയും പരിമിതികൾ തിരിച്ചറിഞ്ഞ സഖാവ് ഘോഷ് മാർക്സിസം ചൂണ്ടിക്കാണിച്ച പാതയിലൂടെ ഉറച്ച ചുവടുവയ്പ്പുകളാണ് നടത്തിയത്. സിപിഐയുടെ രാഷ്ട്രീയവും സംഘടനാപരവുമായ പരിമിതികൾ അദ്ദേഹം ആഴത്തിലുള്ള പഠനത്തിന് വിധേയമാക്കി. സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി വിമർശനാത്മകവും വൈരുദ്ധ്യാധിഷ്ഠിതവുമായബന്ധംസ്ഥാപിക്കുന്നതിൽ സിപിഐ പരാജയപ്പെട്ടുവെന്ന് അദ്ദേഹം കണ്ടെത്തി. ദേശീയ മുതലാളിവർഗ്ഗവുമായി സഹകരിച്ചുകൊണ്ട് വിദേശാധിപത്യത്തിനെതിരായ സ്വാതന്ത്ര്യ സമരത്തെ ശക്തിപ്പെടുത്തേണ്ട ഘട്ടത്തിൽ സിപിഐ അതിനെതിരായ നിലപാട് സ്വീകരിച്ചു. സ്വാതന്ത്ര്യാനന്തരം അധികാരമേറ്റ ദേശീയ ബൂർഷ്വാസിക്കെതിരെ മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ലൈൻ ആവിഷ്ക്കരിക്കുന്നതിലും അവർ പരാജയപ്പെട്ടു. മൂർത്ത സാഹചര്യത്തിന്റെ മൂർത്ത വിശകലനമില്ലാതെ ഒരു രാജ്യത്തും വിപ്ലവം സംഘടിപ്പിക്കാനാവില്ല.

വിപ്ലവ സമരത്തിന്റെ ആദ്യപടി വിപ്ലവപാർട്ടിക്ക് രൂപം കൊടുക്കലാണ്. അതിന് വിപ്ലവ സിദ്ധാന്തം ആവിഷ്ക്കരിക്കണം. ജീവിതത്തിന്റെ സർവ്വാംശങ്ങളെയും ഉൾക്കൊള്ളുന്നതും മാർക്സിസം-ലെനിനിസത്തിന്റെ പാഠങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ചെടുക്കുന്നതുമായ സമഗ്രമായ വിപ്ലവ പദ്ധതിയാണ് വിപ്ലവ സിദ്ധാന്തം എന്ന ധാരണ ഇന്ത്യൻ സമൂഹത്തിന് പ്രദാനം ചെയ്തത് സഖാവ് ശിബ്ദാസ് ഘോഷാണ്. വിപ്ലവ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന ജീവിത സമരത്തിലൂടെ ശരിയായ വിപ്ലവ നേതൃത്വം ഉരുത്തിരിഞ്ഞുവരികയും ജനാധിപത്യ കേന്ദ്രീയതയുടെ അടിസ്ഥാനത്തിലുള്ള ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപമെടുക്കുകയും ചെയ്യുന്നു.

ശ്രമകരമായ ഈ ദൗത്യം തിരിച്ചറിയാനും ഏറ്റെടുക്കാനും കഴിയാതെ പോയതാണ് സിപിഐയുടെ അടിസ്ഥാന പരാജയമെന്ന് സഖാവ് ഘോഷ് ചൂണ്ടിക്കാണിച്ചു. ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ മാത്രം കൈമുതലാക്കി ഒരു പാർട്ടിക്കും കമ്മ്യൂണിസ്റ്റ് പാർട്ടിയായി വളർന്നു വരാനാകില്ല. ശരിയായ സിദ്ധാന്തവും ശരിയായ വിപ്ലവ ലൈനും അവയെ ആധാരമാക്കിയ ശരിയായ സംഘടനയും ശരിയായ സമരപ്രക്രിയയുമൊക്കെ അതിന് അനിവാര്യമാണ്. ശരിയായ പാർട്ടി നിലവിൽ വന്നുകഴിഞ്ഞാൽ വർഗ്ഗ-ബഹുജന സമരങ്ങളിലൂടെ ജനങ്ങളുടെ സ്വന്തം സമരോപകരണങ്ങൾ വികസിപ്പിച്ചെടുക്കണം. പാർട്ടി ജീവിതവും വിപ്ലവം ജീവിത ശൈലിയുമാക്കിയ വിപ്ലവകാരികളുടെ ദളവും വളർത്തിയെടുക്കണം. ഈ മുന്നുപാധികൾ പൂർത്തീകരിച്ചുകൊണ്ടേ വിപ്ലവം നയിക്കാൻ ഒരു രാജ്യത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കഴിയൂ.

സിപിഐയുടെ പരാജയത്തിന്റെ മറ്റൊരു പ്രധാന കാരണമായി സഖാവ് ഘോഷ് ചൂണ്ടിക്കാണിച്ചത്, വ്യക്തിവാദത്തെ ഉന്മൂലനം ചെയ്യുന്ന സമരം അവർ ഏറ്റെടുത്തില്ല എന്നതാണ്. സ്വയം മാറാതെ തൊഴിലാളിവർഗ്ഗത്തിന് സമൂഹത്തെ മാറ്റാനാകില്ല എന്ന മാർക്സിസ്റ്റ് പാഠമാണ് ഇവിടെ അടിത്തറയായത്. സ്വയം മാറുകയെന്നാൽ മുതലാളിത്ത സമൂഹം വ്യക്തിയിൽ സൃഷ്ടിക്കുന്ന ബൂർഷ്വാ സംസ്കാരത്തിന്റെ സ്ഥാനത്ത്, നിസ്വാർത്ഥതയും സാമൂഹികത

*(ശേഷം 3–ാം പേജിൽ)*




# സഖാവ് ശിബ്ദാസ് ഘോഷ് ഫാസിസത്തെക്കുറിച്ചുള്ള ആധുനിക ധാരണ പ്രദാനം ചെയ്തു

(2-ാം പേജിൽ നിന്ന്)

യും ഉൾക്കൊള്ളുന്ന തൊഴിലാളിവർഗ്ഗ സംസ്ക്കാരം സ്ഥാപിച്ചെടുക്കുക എന്നാണർത്ഥം. വ്യക്തിപരമായും കൂട്ടായും നിരന്തരം നടത്തുന്ന ആന്തരികവും ബാഹ്യവുമായ സമരത്തിലൂടെയാണ് ഈ സംസ്കാരം ആർജ്ജിച്ചെടുക്കാൻ കഴിയുക.

തൊഴിലാളിവർഗ്ഗ സംസ്കാരം ആർജ്ജിക്കുന്നതിനുള്ള സമരം ഒഴിവാക്കിയതും ലെനിനിസ്റ്റ് സംഘടനാ തത്വങ്ങൾ പ്രാവർത്തികമാക്കാൻ കഴിയാതെ പോയതും സിപിഐയെ ഗ്രൂപ്പിസത്തിന് ഇരയാക്കിത്തീർത്തു. സിപിഐയും സിപിഐ(എം)ഉം നക്സലൈറ്റുകളുമൊക്കെ പലവട്ടം പിളർന്നതും ആ പ്രക്രിയ ഇന്നും തുടരുന്നതും ഇതിന്റെ ഫലമായിട്ടാണ്.

സാർവ്വദേശീയ രംഗത്ത് ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി അനുവർത്തിക്കേണ്ട ഉത്തരവാദിത്വം എസ്‌യുസിഐ(സി) മാത്രമാണ് നിറവേറ്റിയത്. ലെനിനനന്തര കാലഘട്ടത്തിൽ സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മുന്നിൽ വന്ന സയൻസ് അടക്കമുള്ള എല്ലാ വിഷയങ്ങളിലും ശരിയായ നിലപാട് മുന്നോട്ടു വയ്ക്കാൻ എസ്‌യുസിഐക്ക് കഴിഞ്ഞു. സ്റ്റാലിന്റെ അവസാന നാളുകളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ പ്രത്യക്ഷപ്പെട്ട യാന്ത്രിക ചിന്താപദ്ധതിയും നേതൃത്വവുമായി യാന്ത്രികബന്ധം പുലർത്തുന്ന രീതിയും ഗുരുതരമായ ഭവിഷ്യത്തുണ്ടാക്കുമെന്ന് സഖാവ് ഘോഷ് മുന്നറിയിപ്പു നൽകി. ലെനിനനന്തര കാലഘട്ടത്തിൽ മനുഷ്യജീവിതവും വിപ്ലവസംഘടനയും അഭിമുഖീകരിച്ച പുതിയ ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും മനുഷ്യവിജ്ഞാനത്തിന്റെ വികാസത്തിന് അനുരോധമായി മാർക്സിസ്റ്റ് ധാരണ വികസിപ്പിക്കാനും കഴിയാതെ പോയി എന്നും സഖാവ് ഘോഷ് വിലയിരുത്തി. പഠനപ്രവർത്തനങ്ങളിലും ഉൾപ്പാർട്ടി സമരത്തിലും അലംഭാവ സമീപനവും കൂടി വന്നതോടെ പ്രത്യയശാസ്ത്ര നിലവാരം വലിയ അളവിൽ ഇടിഞ്ഞു. ഇത് ആധുനിക തിരുത്തൽവാദത്തിന്റെ മൂലകാരണമായി ഭവിച്ചു. സോവിയറ്റ് പാർട്ടിയിലടക്കം വളർന്നുവന്ന തിരുത്തൽവാദം സോഷ്യലിസ്റ്റ് ചേരിയുടെതന്നെ തകർച്ചയ്ക്ക് ഇടയാക്കുമെന്നും സഖാവ് ഘോഷ് മുന്നറിയിപ്പ് നൽകിയിരുന്നു.

സ്റ്റാലിനെതിരെ സിപിഎസ്‌യു കൈക്കൊണ്ട നടപടികളെ നിശിതമായി വിമർശിച്ച സഖാവ് ഘോഷ്, ലെനിനിസത്തിന് ശരിയായ വ്യാഖ്യാനം നൽകിയ സഖാവ് സ്റ്റാലിനെ നിഷ്കാസനം ചെയ്യുന്നത് ലെനിനെത്തന്നെ നിഷ്കാസനം ചെയ്യുന്ന നടപടിയായിരിക്കുമെന്നും ചൂണ്ടിക്കാണിച്ചു. തിരുത്തൽവാദത്തിന് പുഷ്ടിപ്പെടാൻ വഴിയൊരുക്കിയ ഈ നടപടി ലോകമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ശക്തിക്ഷയത്തിന് കാരണമാകുകയും ചെയ്തു. തിരുത്തൽവാദം കരുത്താർജ്ജിച്ചതോടെ, വിപ്ലവപാത വെടിഞ്ഞ്, പാർലമെന്ററി പാതയിലൂടെ സോഷ്യലിസം സ്ഥാപിക്കാമെന്ന തികച്ചും മാർക്സിസ്റ്റേതരമായ നിലപാടിലേക്ക് പല കമ്മ്യൂണിസ്റ്റ് പാർട്ടികളും കൂപ്പുകുത്തി. ഇന്ത്യയിൽ സിപിഐയും പിന്നീട് സിപിഐ(എം)ഉം ഈ കുറുക്കുവഴിയിലൂടെ അധഃപതനം തെരഞ്ഞെടുക്കുകയാണുണ്ടായത്.

രണ്ടാം ലോകയുദ്ധത്തിൽ നാസി ജർമ്മനിയും ഫാസിസ്റ്റ് ഇറ്റലിയും പരാജയപ്പെട്ടതോടെ ഫാസിസം അപ്രത്യക്ഷമായിരിക്കുന്നു എന്ന നിഗമനത്തെയും സഖാവ് ഘോഷ് ചോദ്യം ചെയ്തു. ഫാസിസം മുതലാളിവർഗത്തിന്റെ സാമ്പത്തിക-രാഷ്ട്രീയ-പ്രത്യയശാസ്ത്ര ആവശ്യകതയിൽനിന്ന് ഉടലെടുക്കുന്നതാണെന്നും ആസന്നമായ തൊഴിലാളിവർഗ്ഗ വിപ്ലവത്തെ ഒഴിവാക്കാനുള്ള പ്രതിവിപ്ലവ പദ്ധതിയാണെന്നും എല്ലാ മുതലാളിത്ത രാജ്യങ്ങളിലും ഈ പ്രവണത നിലനിൽക്കുന്നുവെന്നും സഖാവ് ഘോഷ് നിരീക്ഷിച്ചു. ഫാസിസ്റ്റ് വിപത്തിനെതിരെ ലോകത്തെ കമ്മ്യൂണിസ്റ്റ് പാർട്ടികളെ സായുധമാക്കാൻപോന്ന പ്രത്യയശാസ്ത്ര-രാഷ്ട്രീയ ആയുധവും പ്രവർത്തന പദ്ധതിയും അദ്ദേഹം പ്രദാനം ചെയ്തു. ഭരണകൂടം ഫാസിസ്റ്റ് സ്വഭാവം ആർജ്ജിച്ചിരിക്കുന്ന സമകാലിക പരിതസ്ഥിതിയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അതിന്റെ കാരണങ്ങൾ വിശദമാക്കുകയും പരിഹാരമാർഗ്ഗം അവതരിപ്പിക്കുകയും ചെയ്യുന്നു.

പുരോഗമനമുദ്രാവാക്യങ്ങളുമായി ജനങ്ങളെ വശീകരിച്ചുകൊണ്ടാണ് ഇറ്റലിയിലും ജർമ്മനിയിലുമൊക്കെ ഫാസിസം പ്രത്യക്ഷപ്പെട്ടത്. തുടർന്ന് ക്രൂരമായ അടിച്ചമർത്തൽ നടപടികൾ കൈക്കൊള്ളുകയും ചെയ്തു. എന്നാൽ, പുരോഗമന നാട്യം ഇല്ലാതെതന്നെ ഫാസിസ്റ്റ് നയങ്ങളും നടപടികളും ആവിഷ്കരിക്കാമെന്ന് പിൽക്കാല സാഹചര്യം വിലയിരുത്തി നമ്മുടെ പാർട്ടി നിരീക്ഷിച്ചിട്ടുണ്ട്. ഇന്നത്തെ ഇന്ത്യൻ അവസ്ഥ ഇത് തികച്ചും ശരിയെന്ന് വ്യക്തമാക്കുന്നു. അറുപിന്തിരിപ്പൻ നയങ്ങളും വർഗീയ നിലപാടുകളുമൊക്കെ ഫാസിസത്തിന്റെ പ്രയാണത്തിന് പാതയൊരുക്കുന്നു.

ജനങ്ങളുടെ മതവിശ്വാസത്തെ ഫാസിസ്റ്റ് ശക്തികൾ ചൂഷണം ചെയ്തുകൊണ്ട് പരസ്പരം ഭിന്നിപ്പുണ്ടാക്കുകയും സ്പർദ്ധ വളർത്തുകയും ചെയ്യുന്നു. മതവിശ്വാസവും വർഗീയതയും തമ്മിൽ ബന്ധമില്ല എന്ന വസ്തുത സഖാവ് ശിബ്ദാസ്ഘോഷ് സുവ്യക്തമാക്കിയിട്ടുണ്ട്. മതേതര സമൂഹത്തിൽ മതം വ്യക്തിയുടെ സ്വകാര്യ പ്രശ്നം മാത്രമായിരിക്കണം. അത് ഭരണകൂടത്തിലും പൊതുകാര്യങ്ങളിലുമൊന്നും ഇടപ്പെട്ടുകൂടാ. മതം അസഹിഷ്ണുത കാട്ടുകയും അക്രമണോത്സുകമാകുകയും ചെയ്യുമ്പോഴാണ് അത് വർഗീയതയാകുന്നത്. ഇന്ത്യൻ സമൂഹത്തിന്റെ ജനാധിപത്യവൽക്കരണം ചരിത്രപരമായ കാരണങ്ങളാൽ, സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകിയ ഇന്ത്യൻ ബൂർഷ്വാസി പാതിവഴിയിലുപേക്ഷിച്ചതുകൊണ്ടാണ് ജാതി-മത-പ്രദേശ-ഭാഷാ വിഷയങ്ങളുടെയൊക്കെ പേരിൽ ജനങ്ങളെ തമ്മിലടിപ്പിക്കാനും അവരുടെ ഐക്യം തകർത്ത് മുതലാളിത്ത ചൂഷണവാഴ്ച സുഗമമാക്കാനും കഴിയുന്നത്. ഇന്ത്യൻ ബൂർഷ്വാസിക്ക് സമൂഹത്തിന്റെ ജനാധിപത്യവൽക്കരണം എന്ന കർത്തവ്യം ഇനി പൂർത്തീകരിക്കാനാവില്ലെന്നും അത് സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ കർത്തവ്യമായി തൊഴിലാളിവർഗം ഏറ്റെടുക്കണമെന്നുമുള്ള വിലയിരുത്തലും സഖാവ് ശിബ്ദാസ് ഘോഷ് അവതരിപ്പിച്ചിട്ടുണ്ട്. സയൻസിന്റെ സമീപനവും മൂല്യങ്ങളും തിരസ്കരിച്ച് സാങ്കേതികവശം മാത്രം സ്വീകരിക്കുകയും ആത്മീയതയുമായി അതിന്റെ സവിശേഷമായൊരു ലയനം സാദ്ധ്യമാക്കിയെടുക്കുകയും ചെയ്യുന്നതോടെ ഫാസിസത്തിന്റെ സാംസ്കാരിക അടിത്തറ ഒരുക്കപ്പെടുന്നുവെന്ന് സഖാവ് ഘോഷ് നിരീക്ഷിച്ചു. ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിന് വിലപ്പെട്ട സംഭാവനകളാണ് അദ്ദേഹം നൽകിയത്. ആശയതലത്തിൽ ഫാസിസത്തെ ചെറുക്കാൻ ഇടതെന്നവകാശപ്പെടുന്നവർപോലും അശക്തരായിരിക്കുന്നത് സഖാവ് ഘോഷിന്റെ പാഠങ്ങൾ അവഗണിക്കുന്നതുകൊണ്ടാണ്. ജനസമരങ്ങൾ വളർത്തിയെടുത്തുകൊണ്ട് ജനങ്ങളുടെ ഐക്യം ഊട്ടിയുറപ്പിക്കേണ്ടതും ഫാസിസ്റ്റുവിരുദ്ധ സമരത്തിൽ സുപ്രധാനമാണ്. പാർലമെന്ററി വ്യാമോഹത്തിൽ കുടുങ്ങി ജനസമരത്തിന്റെ പാത ഉപേക്ഷിച്ച കപട ഇടതുപക്ഷങ്ങൾ ഇതിനും പ്രാപ്തിയില്ലാത്തവരായിരിക്കുന്നു.

സിപിഐയുടെയും സിപിഐ(എം)ന്റെയുംമൊക്കെ ദയനീയ പരാജയം മുതലാളിവർഗം ഉപയോഗപ്പെടുത്തുകയും അവശേഷിക്കുന്ന ജനാധിപത്യാന്തരീക്ഷംകൂടി തകർക്കുകയും ചെയ്യുന്ന സ്ഥിതിയാണിന്നുള്ളത്. ഉരുക്കുപോലുറച്ച ഐക്യത്തോടെയും സുവ്യക്തമായ നിലപാടുകളോടെയും തെളിമയാർന്ന പ്രത്യയശാസ്ത്ര ധാരണയോടെയുമുള്ള ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുമാത്രമേ വിശാലമായ ഫാസിസ്റ്റുവിരുദ്ധ കൂട്ടായ്മയ്ക്ക് നേതൃത്വം നൽകാൻ കഴിയൂ എന്ന വസ്തുത ചൂഷിതജനത ഹൃദിസ്ഥമാക്കേണ്ടതുണ്ട്.

കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മുഴുവൻ അംഗങ്ങളും അനുവർത്തിക്കേണ്ട പെരുമാറ്റച്ചട്ടം സഖാവ് ഘോഷ് ആവിഷ്കരിച്ചത് കറതീർന്ന വിപ്ലവകാരികളെ സൃഷ്ടിച്ചെടുക്കുവാൻ വേണ്ടിയായിരുന്നു. വ്യക്തിവാദം അങ്ങേയറ്റം ജീർണ്ണമായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വ്യക്തിതാല്പര്യത്തെ സാമൂഹ്യതാല്പര്യത്തിന് വിധേയമാക്കുന്ന ലെനിന്റെ കാലത്തെ നിലവാരം അപര്യാപ്തമാണെന്നും നല്ല കമ്മ്യൂണിസ്റ്റാകാൻ വ്യക്തിതാല്പര്യത്തെ സാമൂഹ്യതാല്പര്യവുമായി താദാത്മ്യപ്പെടുത്തുന്ന സമരം ഏറ്റെടുക്കണമെന്നും സഖാവ് ഘോഷ് നിഷ്കർഷിച്ചു. വ്യക്തിതാൽപ്പര്യവും സാമൂഹ്യതാൽപ്പര്യവും ലയിച്ചുചേർന്ന ഉദാത്തമായ കമ്മ്യൂണിസ്റ്റ് നിലവാരത്തിന്റെ ധാരണ ആദ്യമായി ആവിഷ്കരിച്ചത് സഖാവ് ശിബ്ദാസ്ഘോഷാണ്. ഈ താദാത്മ്യപ്പെടലിന്റെ തലത്തിലേക്ക് ഉൾപ്പാർട്ടി വിപ്ലവസമരത്തെ ഉയർത്താനുള്ള ഇടമെന്ന നിലയിൽ നേതാക്കളും പ്രവർത്തകരും ഒന്നിച്ച് താമസിക്കുന്ന പാർട്ടി കമ്മ്യൂണുകൾക്ക് അദ്ദേഹം രൂപം നൽകി. വ്യക്തിവാദത്തിന്റെയും തിരുത്തൽവാദത്തിന്റെയും സോഷ്യൽ ഡെമോക്രാറ്റിക് സമീപനങ്ങളുടെയും പരിഷ്കരണവാദത്തിന്റെയുമൊക്കെ സ്വാധീനത്തിൽനിന്ന് മുക്തമായ

(ശേഷം 4-ാം പേജിൽ)




സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ് ബ്യൂറോ അംഗം സഖാവ് അമിതാവ് ചാറ്റർജി നിർവഹിക്കുന്നു.

## സംസ്ഥാനതല ഉദ്ഘാടന സമ്മേളനം എറണാകുളത്ത്

സഖാവ് ശിബ്ദാസ് ഘോഷിന്റെ, ഒരു വർഷം നീണ്ടുനിൽക്കുന്ന ജന്മശതാബ്ദി ആചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ്ബ്യൂറോ അംഗം സഖാവ് അമിതാവ് ചാറ്റർജി ആഗസ്റ്റ് 7ന് എറണാകുളം അദ്ധ്യാപക ഭവനിൽ നിർവഹിച്ചു.

സഖാവ് ശിബ്ദാസ് ഘോഷിനെക്കുറിച്ചുള്ള ഗാനാലാപനത്തോടെ സമ്മേളന നടപടികൾ ആരംഭിച്ചു. വിവിധ പാർട്ടി കമ്മിറ്റികളെയും മുന്നണി സംഘടനകളെയും പ്രതിനിധീകരിച്ച് നേതാക്കൾ ശിബ്ദാസ് ഘോഷ് ചിത്രത്തിൽ ഹാരാർപ്പണം നടത്തി. സമ്മേളനത്തിൽ പാർട്ടി കേന്ദ്ര കമ്മിറ്റിയംഗം സഖാവ് ജയ്സൺ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളായ സഖാക്കൾ ടി.കെ.സുധീർകുമാർ, ആർ.കുമാർ, എസ്.രാജീവൻ, ഡോ.പി.എസ്.ബാബു തുടങ്ങിയവരും പ്രസംഗിച്ചു. തൊഴിലാളിവർഗ്ഗത്തിന്റെ സാർവ്വദേശീയ ഗാനം ആലപിച്ചുകൊണ്ട് സമ്മേളനം അവസാനിച്ചു. ■



സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടന സദസ്സ്

**കടക്കെണിയിൽ അകപ്പെട്ട കേരളം**

# കെട്ടിക്കിടക്കുന്ന സ്വകാര്യ മൂലധനത്തിന്റെ നിക്ഷേപത്തിന് അവസരമൊരുക്കുകയാണ് കിഫ്ബി

(1–ാം പേജിൽ നിന്ന്)

ഇന്ത്യയിലെ സംസ്ഥാനങ്ങൾക്ക് ഇത് ശരാശരി 2.5 ശതമാനം ആണെങ്കിൽ കേരളത്തിന് 4.13 ശതമാനമാണ്. ഇത് രാജ്യത്തെ തന്നെ ഏറ്റവും ഉയർന്ന നിലയാണ്. ഉയർന്നുകൊണ്ടേയിരിക്കുന്ന പൊതുച്ചെലവാണ് കേരളത്തിന്റെ ഏറ്റവും വലിയ ബുദ്ധിമുട്ട്. എന്നാൽ സർക്കാർതന്നെ പ്രചരിപ്പിക്കുന്നതുപോലെ ശമ്പളവും പെൻഷനുമാണോ ഈ ചെലവ്? ശമ്പളവും പെൻഷനും കടമെടുത്തു കൊടുത്താണ് കേരളം മുടിയുന്നതെന്നാണല്ലോ മുതലാളിത്ത സാമ്പത്തിക വിശാരദന്മാരും മാദ്ധ്യമങ്ങളും ഭരണ പ്രതിപക്ഷ കക്ഷികളും സ്ഥാപിക്കാൻ ശ്രമിക്കുന്ന പൊതുധാരണ. നിർബന്ധിത ചെലവുകളിൽ വലിയൊരു ഭാഗം ശമ്പളവും പെൻഷനും നൽകാനാണെന്നത് യാഥാർത്ഥ്യമാണ്. പക്ഷെ, ചെലവിൽ വർധിച്ചുകൊണ്ടേയിരിക്കുന്ന ഘടകം ശമ്പളവും പെൻഷനുമല്ല. അത് എടുത്തു കൂട്ടിയ കടങ്ങളുടെ പലിശഭാരമാണ്. ആർബിഐ പഠനവും ഇത് ചൂണ്ടിക്കാട്ടുന്നുണ്ട്. പലിശ തിരിച്ചടവും റവന്യൂ വരവും തമ്മിലുള്ള അനുപാതം(IPRR Ratio), അഥവാ കടം തിരിച്ചടവ്, സംസ്ഥാനത്തിന്റെ വരവിൽ ചെലുത്തുന്ന ആഘാതത്തിന്റെ സൂചകം, ഏറ്റവും ഉയർന്നു നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 2020-21ൽ ഇത് 18.8 ശതമാനമായിരുന്നു. ഇക്കാര്യത്തിൽ കേരളത്തിനു മുന്നിൽ മറ്റ് നാല് സംസ്ഥാനങ്ങളുണ്ടെങ്കിലും കേരളത്തേക്കാൾ തനതു വരുമാന സാധ്യതയുള്ളവയാണ് അവരെല്ലാം.

ഇനി വരുമാനത്തിന്റെ കാര്യമെടുത്താലും ഒട്ടും ശോഭനമായ ചിത്രമല്ല കേരളത്തിന് മുന്നോട്ടുവെക്കാനുള്ളത്. കേരളത്തിന്റെ വരവിന്റെ പകുതിയിലധികവും തനത് നികുതി വരുമാനമാണ്. എന്നാൽ ഭരണനിർവഹണത്തിലെ കാര്യശേഷിക്കുറവിന്റെ വ്യക്തമായ നിദർശനമായി ഈ നികുതിപിരിവിൽ നിരന്തരം ഇടിവു സംഭവിക്കുകയാണ്. ദേശീയ തലത്തിലും മറ്റ് സംസ്ഥാനങ്ങളിലും നികുതി പിരിവിൽ റെക്കോർഡുകൾ സൃഷ്ടിക്കുമ്പോൾ, കേരളത്തിലാകട്ടെ കിട്ടേണ്ട നികുതിപോലും കാര്യക്ഷമമായി പിരിച്ചെടുക്കാനാകുന്നില്ല. നികുതി പിരിവിലെ ഈ പരാധീനത പരിഹരിക്കുന്നതിനു പകരം സംസ്ഥാന സർക്കാർ അവലംബിക്കുന്നത് രണ്ട് എളുപ്പമാർഗങ്ങളാണെന്ന് നമുക്കുകാണാം. ഒന്ന് പിരിച്ചെടുക്കാൻ എളുപ്പമുള്ള എല്ലാ നികുതികളും ചാർജ്ജുകളും വർദ്ധിപ്പിക്കുക. യാതൊരു നീതീകരണവുമില്ലാതെ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിലും പെട്രോളിയം ഉല്പന്നങ്ങളുടെ അന്യായ ചുങ്കം കുറയ്ക്കില്ല എന്നു വാശിപിടിക്കുന്നതിലും നാം കാണുന്നത് ഇതാണ്. രണ്ടാമത്തെ എളുപ്പമാർഗമാണ് കൂടുതൽ വായ്പ എടുക്കുകയെന്നത്. ഇതും മുറയ്ക്കു നടക്കുന്നു. നേരായ മാർഗ്ഗത്തിൽ അത് സാധ്യമാകാതെ വന്നപ്പോൾ കിഫ്ബി എന്നൊരു ഏജൻസിയുണ്ടാക്കി കടം വാങ്ങിക്കൂട്ടുന്നു. കിഫ്ബി അടക്കമുള്ള സ്ഥാപനങ്ങൾ സർക്കാർ ഗ്യാരന്റിയിൽ വാങ്ങിക്കൂട്ടുന്ന കടവും സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ ഭാഗം തന്നെയാണ്. അതു കൂടി ചേരുമ്പോൾ സംസ്ഥാനത്തിന്റെ യഥാർത്ഥ കടബാധ്യത ഭീമാകാരമായി കുതിച്ചുയരുകയാണ്.

## കടം വാങ്ങിയുള്ള വികസനം എന്ന മിഥ്യ

2020-21ൽ സംസ്ഥാന ജിഡിപിയുടെ 37.13 ശതമാനമായിരുന്നു സംസ്ഥാനത്തിന്റെ പൊതുകടം. എന്നാൽ വർദ്ധിക്കുന്ന കടബാധ്യത ഒരു പ്രശ്നമേ അല്ല എന്ന തരത്തിലായിരുന്നു മുൻധനകാര്യ വകുപ്പ് മന്ത്രി ഡോ.തോമസ് ഐസക് അടക്കമുള്ളവരുടെ വാദം. ദീർഘവീക്ഷണത്തോടുകൂടിയുള്ള വികസനത്തിനു വേണ്ടിയാണ് കടം എന്നാണ് തോമസ് ഐസക്കും സിപിഐ(എം) നേതാക്കളും ഇപ്പോഴും വാദിക്കുന്നത്. ശരിയാണ്, സാമാന്യമായി പറഞ്ഞാൽ വികസനപ്രവർത്തനത്തിനു പണം വേണം. വികസ്വരമായ ഒരു സമ്പദ്‌വ്യവസ്ഥയ്ക്ക് അങ്ങനെ പണം കടമായി കണ്ടെത്തേണ്ടിവരും. പക്ഷെ, ഇവിടെ ചോദ്യം അങ്ങനെ കടം വാങ്ങി നടത്തുന്നത് എന്തു തരം വികസന പ്രവർത്തനമാണെന്നതാണ്. സാമ്പത്തിക വിദഗ്ധർ തന്നെ ചൂണ്ടിക്കാട്ടുന്നത്, ഉല്പാദനക്ഷമമായ അല്ലെങ്കിൽ ആസ്തിവികസനം സാധ്യമാക്കുന്നതരം മൂലധന നിക്ഷേപത്തിനാണ് വായ്പയെങ്കിൽ മാത്രമേ നാളെ വായ്പ തിരിച്ചടയ്ക്കുന്നതിനോ അല്ലെങ്കിൽ അതിന് സമ്പദ്‌വ്യവസ്ഥയെ പ്രാപ്തമാക്കുന്ന തരത്തിൽ വളർത്തുന്നതിനോ സാധ്യമാകൂ എന്നാണ്. ഇവരുടെ വാഗ്ധോരണിയിൽ മുഴങ്ങുന്ന വികസനം എന്താണെന്നതുതന്നെ പ്രത്യേകം ചർച്ച ചെയ്യേണ്ട വിഷയമാണ്. അതിലേക്ക് തല്ക്കാലം കടക്കുന്നില്ല.

കേരളം ഓരോ വർഷവും എടുത്തുകൂട്ടുന്ന കടം എന്തിനാണ് ഉപയോഗിക്കുന്നത്? ശമ്പളമടക്കമുള്ള നിത്യനിദാന ചെലവുകൾക്കായി കടം വാങ്ങുന്ന തുക ഉപയോഗിക്കുന്നുണ്ട്. പക്ഷെ, വികസനത്തിന് എന്ന പേരിൽ കിഫ്ബി അടക്കം എടുത്തുകൂട്ടുന്ന വായ്പകൾ എന്തുതരം പദ്ധതികളിലാണ് നിക്ഷേപിക്കപ്പെടുന്നത്? യഥാർത്ഥത്തിൽ അവയെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമാണ്. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ ഇതെല്ലാം ആവശ്യംതന്നെയാണ്. പക്ഷെ ഇത്തരം നിർമ്മാണ പ്രവർത്തനമാണ് വികസനം എന്ന ധാരണയാണ് ഈ വികസന വക്താക്കൾ അടിച്ചേൽപ്പിക്കുന്നത്. സമൂഹത്തിന്റെ ആകെ പുരോഗതിയ്ക്ക് ഉതകുന്നതും ജനങ്ങൾക്ക് സ്ഥിരം തൊഴിലുകൾ നൽകുകയും അവരുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്ന, ഉല്പാദനം വർദ്ധിപ്പിക്കുന്ന ഒന്നിനെ നമുക്കു വികസനമായി കാണാം. കിഫ്ബി വഴി അടക്കം നടപ്പാക്കുന്നത് കേവലം നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമാണ്. ഉദാഹരണത്തിന്, ഒരു സ്കൂൾ കെട്ടിടം പണിയുന്നു എന്നതുകൊണ്ട് മാത്രം പുരോഗതി ഉണ്ടാകുമോ ? ആ സ്കൂൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ സ്ഥിരം അദ്ധ്യാപകരെ നിയമിച്ച് പഠന സൗകര്യങ്ങൾ ഏർപ്പെടുത്തുമ്പോൾ മാത്രമേ അത് ഗുണപരമായി മാറുന്നുള്ളൂ. ഇവിടെ ഒട്ടും ഉല്പാദനപരമല്ലാത്ത, വൻതോതിൽ സിമന്റും കമ്പിയുമൊക്കെ ചെലവാക്കിയുള്ള കെട്ടിടംപണി മാത്രമല്ലേ നടക്കുന്നത്? രണ്ടാമതു പറയുന്ന കാര്യം പശ്ചാത്തല സൗകര്യവികസനമാണ് നടത്തുന്നത് എന്നതാണ്. മികച്ച പശ്ചാത്തല സൗകര്യം ഒരുക്കിയാൽ മാത്രമേ മൂലധനനിക്ഷേപം ആകർഷിക്കപ്പെടൂ എന്നാണ് വികസനവാദികളുടെ ഭാഷ്യം. "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്" അഥവാ, മൂലധന നിക്ഷേപത്തിനുവേണ്ട സകലസഹായവും ഒരുക്കിക്കൊടുക്കുക എന്നത് തങ്ങളുടെ പ്രധാന കർത്തവ്യമായി കാണുന്ന സർക്കാരാണ് ഇടതുപക്ഷ മേലങ്കിയണിഞ്ഞ് കേരളം ഭരിക്കുന്നത്. ഈ പശ്ചാത്തലസൗകര്യ വികസനം എന്നതിന്റെ പൊള്ളത്തരത്തിലേക്ക് പിന്നീട് വരാം.

ശമ്പളം, പെൻഷൻ, സാമൂഹികക്ഷേമപ്രവർത്തനം, പലിശ വീട്ടൽ, സർക്കാരിന്റെ ആഡംബരപ്രകടനം എന്നിവയ്ക്കാണ് കടമെടുത്ത തുക നല്ലപങ്കും ചെലവിട്ടത് എന്നതാണ് വസ്തുത. അതായത് കടമെടുത്ത് കടം വീട്ടുക എന്നത് യഥാർത്ഥത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. 2021-22ൽ 68,257 കോടി രൂപയാണ് കേരളത്തിന്റെ മൊത്തം കടം തിരിച്ചടവ്. ഇതിൽ 15,810.83 കോടി രൂപയും പലിശയാണ്. കേരളത്തിൽ നടപ്പാക്കേണ്ട വികസനത്തിനുള്ള മൂലധനമായി ഉപയോഗിക്കേണ്ടുന്നതാണ് ഈ തുക. ഇങ്ങനെ കടത്തിൽ മുങ്ങി നിൽക്കുമ്പോഴാണ് പതിനായിരക്കണക്കിനു കോടികൾ വീണ്ടും കടമെടുത്ത് സിൽവർലൈൻ എന്ന തലതിരിഞ്ഞ പദ്ധതി നടപ്പാക്കാൻ സർക്കാർ വാശി പിടിക്കുന്നത്.

## പശ്ചാത്തല സൗകര്യ വികസനം എന്ന പൊള്ളത്തരം

സംസ്ഥാനത്ത് വ്യവസായവികസനം ഉണ്ടാകണമെങ്കിൽ വൻതോതിലുള്ള പശ്ചാത്തലസൗകര്യവികസനം ഇവിടെ നടത്തേണ്ടതുണ്ടെന്നാണ് വാദിക്കുന്നത്. സർക്കാരുകൾ വൻതോതിൽ വായ്പയെടുത്ത് അടിസ്ഥാനസൗകര്യമേഖലകളിൽ മുതൽമുടക്കണമെന്നും ഘടനാപരമായ പരിഷ്കാരങ്ങളിലൂടെ അവയൊക്കെ പണം കൊടുത്തുപയോഗിക്കുന്ന സേവനങ്ങളാക്കി മാറ്റി സ്വകാര്യമേഖലയ്ക്ക് കൈമാറണമെന്നുമുള്ളത് ഒരു നിയോലിബറൽ പദ്ധതിയാണ്. റോഡുകൾ സർക്കാർതന്നെ പണംമുടക്കി വികസിപ്പിച്ച് സ്വകാര്യ ചുങ്കപ്പാതകളാക്കി മാറ്റുന്ന ദേശീയ പാതാവികസനം ഇതിന്റെ പ്രത്യക്ഷ ഉദാഹരണമാണ്. കേരളത്തിൽ സംഭവിക്കുന്നതും ഇതാണ്. മതിയായ ഡോക്ടർമാരെയോ മറ്റ് സ്റ്റാഫിനെയോ നിയമിക്കാതെ കുറേ കെട്ടിടങ്ങൾ പണിഞ്ഞ് ആരോഗ്യമേഖലയിലെ വികസനത്തെക്കുറിച്ചു മേനിനടിക്കുന്നതു കാണുമ്പോൾ ഓർക്കുക; പലപേരിലുള്ള ഫീസുകളുമായി പൊതുജനാരോഗ്യമേഖലയെ സേവനമല്ലാതാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. കൊട്ടിഘോഷിച്ച് വായ്പയെടുത്തു നടത്തുന്ന പല പദ്ധതികളും വാസ്തവത്തിൽ ജനത്തിന് ആവശ്യമില്ലാത്തവയാണ്. അല്ലെങ്കിൽ ചിലവുകുറഞ്ഞ ബദലുകൾ ഉള്ളവയാണ്. സിൽവർലൈൻ തന്നെ ഉദാഹരണം. പക്ഷെ, ഇത്തരം പദ്ധതികൾ മുതലാളിത്തത്തിന്റെ ആവശ്യമാണ്. കെട്ടിക്കിടക്കുന്ന മൂലധനവും ഉല്പന്നങ്ങളും ഉപയോഗിക്കാനുള്ള എളുപ്പമാർഗ്ഗമാണ് ഇത്തരം വൻകിട സർക്കാർ പദ്ധതികൾ. കൂടാതെ ഇത്തരം പദ്ധതികളുടെ പേരിൽ ലോകബാങ്ക്, എഡിബി, ജിക്ക

(ശേഷം 5–ാം പേജിൽ)

---

(3–ാം പേജിൽ നിന്ന്)

സംഘടന കെട്ടിപ്പടുക്കണമെങ്കിൽ അനിവാര്യമായും ശിബ്ദാസ് ഘോഷ് ചിന്തയെ ആശ്രയിച്ചേ മതിയാകൂ.

നേതാക്കളുടെ നേതാവ് എന്ന സങ്കല്പം വ്യക്തിപൂജയായി വ്യാഖ്യാനിക്കപ്പെട്ടപ്പോൾ, പാർട്ടിയുടെ നേതാവും ഗുരുവും വഴികാട്ടിയുമായി ഒരാൾ ഉയർന്നുവരുമ്പോൾ മാത്രമാണ് സംഘടനയ്ക്കുള്ളിൽ വ്യക്തിവാദം ഉന്മൂലനം ചെയ്യാൻ കഴിയുക എന്ന വിലപ്പെട്ട പാഠവും അദ്ദേഹം മുന്നോട്ടുവച്ചു. ആ നേതൃത്വത്തിന് അപ്രമാദിത്വം കൽപ്പിക്കാതെ അതിനോട് വിമർശനാത്മകവും വൈരുദ്ധ്യാധിഷ്ഠിതവുമായ ബന്ധം പുലർത്താൻ കഴിയുമ്പോൾ പാർട്ടിയിൽ ജനാധിപത്യ കേന്ദ്രീയത അണയാതെ നിൽക്കുമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുള്ളിൽ വളർന്നുവന്ന മാർക്സിസ്റ്റേതരമായ സമീപനങ്ങളിൽനിന്നും പ്രവണതകളിൽനിന്നും പാഠമുൾക്കൊണ്ടാണ് സഖാവ് ഘോഷ് തന്റെ കാഴ്ചപ്പാടുകൾ രൂപീകരിച്ചെടുത്തത്.

അവശ്യം വേണ്ട വിഭവങ്ങളോ അധികാരത്തിന്റെ തുണയോ ഒന്നുമില്ലാതെ പ്രതികൂലാവസ്ഥകൾക്കു നടുവിലും മാർക്സിസമെന്ന മഹനീയദർശനത്തിന്റെ ശ്രേഷ്ഠത ഉയർത്തിപ്പിടിച്ച് ഏഴ് പതിറ്റാണ്ട് കാലമായി ഈ മണ്ണിൽ ഉറച്ച ചുവടുവയ്പുകളോടെ മുന്നേറാനും ഇന്ന് രാജ്യത്തെ ചൂഷിത ജനതയുടെ പ്രതീക്ഷയായി മാറാനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിക്ക് കഴിഞ്ഞത് ശിബ്ദാസ് ഘോഷ്




ചിന്തയുടെ ഔന്നത്യവും കരുത്തും കൊണ്ടുമാത്രമാണ്. നാമമാത്രമായ അധികാരംപോലും സിപിഐ, സിപിഐ(എം) പോലുള്ള പാർട്ടികളെ അധഃപതിപ്പിച്ചപ്പോൾ 1967ലും 69ലും പശ്ചിമബംഗാളിൽ ഗവൺമെന്റിൽ പങ്കാളിയായിരുന്ന എസ്‌യുസിഐ അധികാരം എങ്ങനെയാണ് തൊഴിലാളിവർഗ്ഗ മുന്നേറ്റത്തിന് സഹായകമാം വിധം പ്രയോഗിക്കേണ്ടതെന്നതിന്റെ ഉദാത്ത മാതൃക കാഴ്ചവച്ചതും സഖാവ് ഘോഷിന്റെ നേരിട്ടുള്ള മാർഗനിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടായിരുന്നു. പശ്ചിമ ബംഗാളിലെ നന്ദിഗ്രാം സമരം മുതൽ നമ്മുടെ സംസ്ഥാനത്തെ കെ റെയിൽ വിരുദ്ധ പ്രക്ഷോഭം വരെയുള്ള അനേകം പോരാട്ടങ്ങളിലൂടെ ജനങ്ങളിൽ ആത്മവിശ്വാസവും അവകാശബോധവും വളർത്താനും അധികാരസ്ഥാനങ്ങളിൽ ഉൾക്കിടിലമുണ്ടാക്കാനും കഴിയുന്നതും ശിബ്ദാസ് ഘോഷ് ചിന്തയുടെ മഹനീയത ഒന്നുകൊണ്ടുമാത്രമാണ്. ഇന്ത്യൻ വിപ്ലവത്തിന് മാത്രമല്ല ലോക കമ്മ്യൂണിസ്റ്റ് മുന്നേറ്റത്തിനാകെ മാർഗ്ഗദർശനം നൽകാൻ കെല്പുള്ള ആ ചിന്ത ജനകോടികളിലേക്ക് പ്രസരിപ്പിക്കാനുള്ള ഉദാത്തമായ കർത്തവ്യമാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി ഇന്ന് ഏറ്റെടുത്തിരിക്കുന്നത്. ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരണം പാർട്ടി സംഘടനയുടെ ആന്തരികമായ ദൃഢീകരണത്തിന്റെ വേള എന്നതുപോലെതന്നെ സാധാരണജനങ്ങളിലേക്ക് സഖാവ് ഘോഷിന്റെ പാഠങ്ങളും പ്രബോധനങ്ങളും എത്തിക്കാനുള്ള ഉചിതമായ സന്ദർഭമായും രാജ്യമെമ്പാടുമുള്ള പാർട്ടി പ്രവർത്തകർ കാണുന്നു. ഇവയൊട്ടാകെ ഇന്ത്യയിലെ ചൂഷിത ജനതയുടെയാകെ ആവശ്യകതയായിരിക്കുന്നതിനാൽ സഖാവ് ശിബ്ദാസ്ഘോഷ് ജന്മശതാബ്ദി ആചരണപ്രവർത്തനങ്ങൾ ലക്ഷ്യവേധിയായി നിർവ്വഹിക്കുവാൻ മുഴുവൻ ജനങ്ങളുടെയും സർവ്വാത്മനായുള്ള സഹായങ്ങൾ ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു. ■

# കടക്കെണിയിൽ അകപ്പെട്ട കേരളം

# പെരുകുന്ന പലിശയുടെയും സർക്കാരിന്റെ ധൂർത്തിന്റെയും ഭാരം ജനങ്ങളുടെ തലയിൽ പതിക്കുന്നു

(4–ാം പേജിൽ നിന്ന്)

തുടങ്ങിയ ഏജൻസികൾ നമുക്കുമേൽ അടിച്ചേൽപ്പിക്കുന്ന വായ്പകളുടെ കരാറിലൂടെ സംസ്ഥാനത്തെ, നമ്മുടെ സാമ്പത്തിക-ഭരണ സ്വാതന്ത്ര്യത്തെ പണയപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ന് കാണുന്ന പൊതുമേഖലയിലെ തസ്തിക വെട്ടിക്കുറയ്ക്കലും നിയമനനിരോധനവും സാമ്പത്തിക പ്രതിസന്ധി കൊണ്ടു മാത്രമല്ല. എഡിബി, ലോകബാങ്ക് വായ്പകളുടെ കരാറിൽ അംഗീകരിച്ചു കൊടുത്തിട്ടുള്ള ഘടനാപരമായ പരിഷ്കാരങ്ങളുടെ ഭാഗമാണവ. സാമ്പത്തിക പ്രതിസന്ധിയെ അതിനു മറയാക്കുന്നു. കിഫ്ബി എന്ന അങ്ങേയറ്റം ജനവിരുദ്ധമായ വായ്പാധിഷ്ഠിത സമാന്തര സംവിധാനംതന്നെ ഒന്നാന്തരം നിയോലിബറൽ മുതലാളിത്ത പദ്ധതിയാണെന്ന് അറിയാത്തവരാകില്ല സർക്കാരിന്റെയും ഭരണ മുന്നണിയുടെയും തലപ്പത്തുള്ളവർ. ജനത്തിന്റെയും ഇടതുപക്ഷ അനുഭാവികളുടെയും കണ്ണിൽ പൊടിയിട്ട്, അവരെ ആശയക്കുഴപ്പത്തിലാക്കി, അതിന്റെ മറയിൽ തികഞ്ഞ മുതലാളിവർഗ്ഗനയങ്ങൾ നടപ്പാക്കുന്ന സർക്കാരിന്റെ കാപട്യം കൂടി ഇവിടെ തിരിച്ചറിയേണ്ടതുണ്ട്; എതിർക്കേണ്ടതുണ്ട്.

കേവലം അടിസ്ഥാനസൗകര്യവികസനം കൊണ്ടുമാത്രം വ്യവസായവികസനം ഉണ്ടാക്കാൻ കഴിയില്ല. വികസിതരാജ്യങ്ങളുടെ ചരിത്രം പരിശോധിച്ചാൽ, യഥാർത്ഥത്തിൽ വ്യാവസായിക വികസനമാണ് അടിസ്ഥാന സൗകര്യ വികസനം സൃഷ്ടിച്ചതെന്നു കാണാൻ കഴിയും. കേരളമെടുക്കുന്ന ഭീമമായ വായ്പയൊന്നും ഇവിടെ വ്യവസായ-കാർഷിക മേഖലകളിൽ വിനിയോഗിക്കുന്നില്ല. കാർഷികമേഖലയിലോ വ്യവസായമേഖലയിലോ പുതിയ സർക്കാർസംരംഭങ്ങൾ ഉണ്ടാകുന്നില്ല. മറുവശത്ത് ഇവർ അവകാശപ്പെടുന്നതുപോലെ സ്വകാര്യ നിക്ഷേപവും ഉണ്ടാകുന്നില്ല. സ്ഥായിയായ തൊഴിലുകൾ സൃഷ്ടിക്കപ്പെടുന്നില്ല. സ്മാർട്ട് സിറ്റി, വല്ലാർപാടം തുടങ്ങി ഏറെ പെരുമ്പറ മുഴക്കിയ വൻപദ്ധതികൾ എവിടെയെത്തി നിൽക്കുന്നു ? അതേസമയം, മതിയായ പിന്തുണയില്ലാതെ നമ്മുടെ തനത് ഉല്പന്നങ്ങളുടെ നിർമ്മാണമേഖലകൾ തകർച്ചയെ നേരിടുന്നു. ലോകമൊട്ടാകെ വ്യാപിക്കുന്ന കമ്പോള പ്രതിസന്ധി, വിദേശമലയാളികളുടെ വ്യാപകമായ തിരിച്ചുവരവിലേക്കാണ് നയിക്കുന്നത്. അപരിഹാര്യമായ മുതലാളിത്ത പ്രതിസന്ധി നാൾക്കുനാൾ തീക്ഷ്ണമാകുന്ന കാഴ്ചയാണ് ലോകമെങ്ങും. ഈ സാഹചര്യങ്ങളൊന്നും യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളാതെ, മുതലാളിവർഗത്തിന്റെയും നിയോലിബറൽ ഏജൻസികളുടെയും വിശ്വസ്ത സേവകരായിമാത്രം ഇടതുപക്ഷം എന്ന പേരിൽ ഭരിക്കുന്ന ഒരു സർക്കാർ പ്രവർത്തിക്കുന്ന കാഴ്ചയാണ് നാമിന്നു കേരളത്തിൽ കാണുന്നത്. വികസനമെന്നപേരിൽ ജനത്തെ തെറ്റിദ്ധരിപ്പിക്കുന്ന അവരുടെ കാപട്യം നാം തിരിച്ചറിയേണ്ടതുണ്ട്.

## സിഎജി കണ്ടെത്തുന്നത്

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തികപ്രവർത്തനങ്ങളെ സ്വതന്ത്രമായി വിലയിരുത്താൻ ചുമതലപ്പെട്ട ഭരണഘടനാസ്ഥാപനമായ, ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ, കേരള നിയമസഭയുടെ മേശപ്പുറത്തുവെച്ച റിപ്പോർട്ട് നൽകിയ മുന്നറിയിപ്പ് എന്താണ്? കിഫ്ബിയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡും വഴി കേരളം എടുത്തു കൂട്ടുന്ന, ബജറ്റിനു പുറത്തുള്ള ഭീമൻ കടബാധ്യത സംസ്ഥാനത്തിനെ കടക്കെണിയിലേക്കാണ് നയിക്കുന്നതെന്നാണ് സിഎജി വ്യക്തമാക്കുന്നത്. ഈ കടം നിയമസഭയുടെ പരിശോധനകൾക്കു പുറത്താണ്. എന്നാൽ സംസ്ഥാനത്തിന്റെ മൊത്തം പൊതുകടത്തിന്റെ ഭാഗം തന്നെയാണ് ഈ സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന കടങ്ങളും. സിഎജിയുടെ ഈ നിരീക്ഷണത്തെ സർക്കാരും സിപിഐ(എം)ഉം എതിർക്കുന്നു. യാഥാർത്ഥ്യമെന്താണ്? കിഫ്ബിയും കെഎസ്എസ്പിഎല്ലും സ്വതന്ത്ര സ്ഥാപനങ്ങളായിട്ടാകാം വിഭാവനം ചെയ്തിരിക്കുന്നത്. പക്ഷേ, എന്താണ് ഇവരുടെ വരുമാനമാർഗ്ഗം? വായ്പകളും മസാലബോണ്ടുകൾ പോലെയുള്ള സാമ്പത്തിക ഉപകരണങ്ങളുമല്ലാതെ, സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ ഭാഗമായ റോഡ് നികുതിയടക്കമുള്ളവയുടെ വിഹിതവും ഇവർക്കായി നീക്കിവെക്കുന്നു. വായ്പകൾ തന്നെയും സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയിൽ മാത്രം ലഭിക്കുന്നതല്ലേ? അല്ലാതെ കിഫ്ബിക്ക് എന്താണ് ഈടുള്ളത്? കിഫ്ബി വായ്പകളിലൂടെ ആസ്തി വർധിച്ച് നാളെ അവ വരുമാനം സൃഷ്ടിക്കുമെന്നാണ് സർക്കാർ വാദം. എന്നാൽ, കിഫ്ബി മുതൽമുടക്കുന്ന പദ്ധതികളെന്താണ്? കാർഷിക-വ്യാവസായികമേഖലയിൽ ഉത്പാദനപരമായ നിക്ഷേപമായിരുന്നു കിഫ്ബിയുടേതെങ്കിൽ നമുക്കിത് അംഗീകരിക്കാം. എന്നാൽ അതല്ല യാഥാർത്ഥ്യം. റോഡ്, പാലം, സ്കൂൾ-ആശുപത്രി കെട്ടിടങ്ങൾ, സ്റ്റേഡിയങ്ങൾ, തുടങ്ങിയ നിർമ്മാണപ്രവർത്തനങ്ങളിലാണ് കിഫ്ബി ഫണ്ട് നിക്ഷേപിക്കുന്നത്. ഇതിന്റെ ഫലങ്ങൾ നേരത്തെ ചർച്ച ചെയ്തതാണ്. സാമ്പത്തികമായി നോക്കിയാൽ കിഫ്ബി വായ്പകളുടെ പലിശയടയ്ക്കാൻ പോലുമുള്ള വരുമാനം ഇത് നിലവിൽ സൃഷ്ടിക്കുന്നില്ല. അല്ലെങ്കിൽ ഇവയെല്ലാം വരുമാനമുണ്ടാക്കാനുള്ള മാർഗ്ഗങ്ങളാക്കി മാറ്റി പൊതു ഉടമസ്ഥതയിൽ നിന്നും മാറ്റണം. യഥാർത്ഥത്തിൽ കൃത്യമായും ഇതാണ് ഇന്ന് കിഫ്ബി ചെയ്തുകൊണ്ടിരിക്കുന്നത്. തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും സർക്കാരിന്റെയും ഉടമസ്ഥതയിലുണ്ടായിരുന്ന കെട്ടിടങ്ങളുടെയും സ്ഥാപനങ്ങളുടെയും റോഡുകളുടെയുമൊക്കെ നിയന്ത്രണം, വികസനത്തിന്റെ പേരിൽ കിഫ്ബിയിലേക്ക് മാറ്റുന്നു. സർക്കാർ സ്ഥാപനമല്ല എന്ന് സർക്കാർ തന്നെ പറയുന്ന കിഫ്ബിയോട് സർക്കാർ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ബാധ്യതപ്പെട്ടിരിക്കുന്നു. ധനവകുപ്പും പൊതുമരാമത്ത് വകുപ്പുമൊക്കെ നോക്കുകുത്തിയാകുന്നു. ഇടതുമുന്നണി കൊട്ടിഘോഷിക്കുന്ന ജനകീയാസൂത്രണം ജലരേഖയായില്ലേ? അതായത്, കിഫ്ബി ഉത്പാദനപരമായ യാതൊരു നിക്ഷേപവും നടത്താതെ, പൊതുമുതലിന്റെ നിയന്ത്രണം സർക്കാർ ചെലവിൽ, സംസ്ഥാനത്തെ കടക്കെണിയിലാക്കി കൈയടക്കുന്നു.

സിഎജി റിപ്പോർട്ട് ഗുരുതരമായ മറ്റ് ചില കാര്യങ്ങളും ചൂണ്ടിക്കാട്ടുന്നു. റവന്യൂവരുമാനം കുറഞ്ഞിട്ടും കേന്ദ്രസഹായം ഉപയോഗിച്ചാണ് റവന്യൂ ചെലവുകൾ നടത്തുന്നത്. നികുതി വരുമാനത്തിൽ 7600 കോടി രൂപയുടെ ഇടിവുണ്ടായത്രേ. റവന്യൂകമ്മിയിൽ 244 കോടിയും ധനക്കമ്മിയിൽ 9471 കോടിയും കുറച്ചു കാണിച്ചു എന്ന ഗുരുതരമായ ആരോപണവും സിഎജി ഉയർത്തുന്നു. വെറും 1.34 ശതമാനത്തിന്റെ പലിശനിരക്കിലാണ് വിവിധ സ്ഥാപനങ്ങളിൽ സർക്കാർ 10,064 കോടി നിക്ഷേപിച്ചിരിക്കുന്നത്. എന്നാൽ, 7.31% പലിശനിരക്കിലാണ് സർക്കാർ വായ്പയെടുത്തിരിക്കുന്നത്. സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തിയ വായ്പ തുകയുടെ നല്ലൊരുഭാഗം പരിയാരം മെഡിക്കൽ കോളേജിന് എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ ഉണ്ടായിരുന്ന വായ്പ തിരിച്ചടയ്ക്കാനാണ് ചെലവഴിച്ചത്. ഇങ്ങനെ എത്രയോ വകമാറ്റലുകളാണ് സംസ്ഥാനത്തു കാണാനാവുന്നത്. അഴിമതിയുടെ ഗണത്തിൽപെടുത്താവുന്നവയടക്കം, ചിലപ്പോൾ ധനവകുപ്പിന്റെ എതിർപ്പു മറികടന്നു പോലും അനുവദിച്ചു കൊടുക്കുന്നു. (പൊലീസ് ഉദ്യോഗസ്ഥർക്കു ക്വാർട്ടേഴ്സ് പണിയാൻ അനുവദിച്ച തുക വകമാറ്റി സ്വന്തം താമസത്തിനായുള്ള ആഢംബരഭവനം പണിഞ്ഞ അന്നത്തെ ഡിജിപിയുടെ അഴിമതിയും ധൂർത്തും ചോദ്യംചെയ്യാതെ അംഗീകരിച്ചുകൊടുക്കാൻ സർക്കാരിന് സാമ്പത്തികപ്രതിസന്ധി തടസ്സമായില്ല) അങ്ങേയറ്റം കുത്തഴിഞ്ഞ സാമ്പത്തികമാനേജ്മെന്റും, അതിന്റെ മറവിലുള്ള മുതലാളിത്ത പ്രീണന നയവുമാണ് ഇവിടെ നടമാടുന്നതെന്നത് വസ്തുതയല്ലേ? അതിന്റെ ഭാരം വന്നുവീഴുന്നതോ സാധാരണജനങ്ങളുടെ മേലും.

## സാമ്പത്തിക പ്രതിസന്ധി ജനങ്ങളുടെ ജീവിതത്തെ ബാധിക്കുമ്പോൾ

ഒരുഭാഗത്ത് കപടവികസനത്തിന്റെ പേരിൽ എടുത്തുകൂട്ടുന്ന കടബാധ്യതകളുടെ ഭാരവും മറുവശത്ത്, അധികാരികളുടെ നിർലജ്ജമായ ആർഭാടത്തിന്റെ ഭാരവും അവസാനം സാധാരണ ജനത്തിന്റെ തലയിലാണ് വന്നുപതിക്കുന്നത്. ട്രഷറിയിൽനിന്നും 25 ലക്ഷം രൂപയിൽകൂടിയ ബില്ലുകൾ പാസാക്കാൻ കഴിയാതിരിക്കുമ്പോഴാണ് ക്ലിഫ് ഹൗസിൽ പശുത്തൊഴുത്തിന് 40 ലക്ഷം ചെലവാക്കാൻ മടിയില്ലാത്തത്. സമയത്ത് ശമ്പളം കിട്ടാതെ സമരത്തിനിറങ്ങേണ്ടിവരുന്ന കെഎസ്ആർടിസി തൊഴിലാളികളുടെയും തൊഴിൽരഹിതരായ ചെറുപ്പക്കാരുടെയും മുന്നിലൂടെയാണ് മുഖ്യമന്ത്രിയുടെയും മറ്റ് ഉന്നതഭരണകർത്താക്കളുടെയും പുത്തൻ ആഢംബരവാഹനങ്ങൾ ചീറിപ്പായുന്നത്. മന്ത്രിസഭാ വാർഷികം, സിൽവർലൈൻ, കിഫ്ബി തുടങ്ങിയവയുടെ പ്രചാരണ ധൂർത്തിനായി അനേകകോടികൾ കാറ്റിൽ പറത്തുമ്പോൾ, നിത്യനിദാനച്ചെലവുകൾക്കായി കിട്ടാവുന്നിടത്തുനിന്നെല്ലാം കടത്തിനായി കൈനീട്ടുകയാണ് ധനവകുപ്പ്. കിഫ്ബി അടക്കം എടുത്തുകൂട്ടുന്ന വായ്പകളുടെ മുഴുവൻ ഉത്തരവാദിത്തവും സംസ്ഥാന സർക്കാരിന്, അതായത് കേരളത്തിലെ ജനങ്ങൾക്കാണെന്ന് മറക്കരുത്.

സാമ്പത്തികപ്രതിസന്ധിയുടെ ഭാരം ഇപ്പോൾത്തന്നെ പലരൂപത്തിൽ ജനങ്ങൾക്കുമേൽ വീണു തുടങ്ങി. പെട്രോളിയം ഉല്പന്നങ്ങൾക്കുമേലുള്ള സംസ്ഥാനനികുതിയിൽ അൽപ്പംപോലും കുറവുവരുത്താൻ കേരളസർക്കാർ തയ്യാറായിട്ടില്ല. അതിന്റെ ദുരിതം ജനമാണ് അനുഭവിക്കുന്നത്. യാതൊരു നീതീകരണവുമില്ലാതെ വൈദ്യുതിനിരക്കുകൾ കൂട്ടിയിരിക്കുന്നു. ബജറ്റിനു പുറത്ത് നിരന്തരം ചാർജ്ജ് വർദ്ധനവുകൾ കൊണ്ടുവരുന്ന ജനാധിപത്യവിരുദ്ധശൈലി ശീലമായിരിക്കുന്നു. പൊലീസ് നൽകേണ്ട സേവനങ്ങൾക്കുപോലും ഫീസ് ഏർപ്പെടുത്തിയത് അടുത്തിടെ വലിയതോതിൽ വർദ്ധിപ്പിച്ചു. വെള്ളക്കരം കൂട്ടണമെന്ന വാശി വാട്ടർ അതോറിട്ടിയേക്കാൾ സർക്കാരിനാണ്. യാതൊരു ദാക്ഷിണ്യവുമില്ലാതെ കെട്ടിടനികുതി വർദ്ധിപ്പിക്കുന്നു. ബസ്-ഓട്ടോ-ടാക്സി ചാർജ്ജുകൾ നേരത്തെതന്നെ കൂട്ടിയിരുന്നു. ആരോഗ്യമേഖലയിലടക്കം വളരെ നിശ്ശബ്ദമായി ഫീസ് വർദ്ധനവുകൾ കൊണ്ടുവരുന്നു. അസഹനീയമായ വിലക്കയറ്റം കൊണ്ട് ജനങ്ങൾ പൊറുതിമുട്ടുകയാണ്. പണ്ടുകൊടുത്ത കിറ്റുകളുടെ കണക്കുപറയുന്നവർ അതു കാണുന്നില്ല. വീണ്ടും പടരുന്ന കോവിഡും മറ്റു പനികളുമായി മല്ലിട്ട് ജനം ദുരിതം അനുഭവിക്കുമ്പോൾ സർക്കാരും ആരോഗ്യവകുപ്പും വാചകമടിക്കപ്പുറം എന്തുചെയ്യുന്നു? കേരളത്തിൽ ജീവിച്ചുപോകുക എന്നത് നരകതുല്യമായിത്തീരുന്ന യാഥാർത്ഥ്യത്തിനു മുന്നിൽ സാധാരണക്കാരൻ ഇവിടെ പകച്ചുനിൽക്കുകയാണ്. സഹായമേകേണ്ട സർക്കാർ സാമ്പത്തികപ്രതിസന്ധിയുടെ പേരിലാണ് കൈമലർത്തുന്നത്. അതെ, മുതലാളിവർഗ താല്പര്യത്തിന് അനുസരിച്ചുമാത്രം ഭരിക്കുന്ന ഇടതും വലതും ലേബലിൽ വന്ന സർക്കാരുകൾ സൃഷ്ടിച്ച ഈ ദുരവസ്ഥ ഇന്ന് ഇവിടുത്തെ സാധാരണക്കാരന്റെ മേലേക്ക് വന്നു പതിച്ചിരിക്കുന്നു. എന്നിട്ടും കൂസലില്ലാതെ അത്തരം നയങ്ങളും പദ്ധതികളും തുടരുകയാണ് പിണറായി വിജയൻ സർക്കാർ.

മറുവശത്ത്, പാട്ടത്തുകയിലും ജിഎസ്ടിയിലും വൈദ്യുതി-വെള്ളം ചാർജ്ജുകളിലും ഒക്കെ വൻകിടക്കാരൻ നൽകാനുള്ള അനേക കോടികളുടെ കുടിശ്ശിക പിരിച്ചെടുക്കാൻ യാതൊരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. വിഴിഞ്ഞം പദ്ധതിയിൽ കരാർവ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടും അദാനിയോട് എത്ര ഉദാരമായാണ് സർക്കാർ പെരുമാറുന്നത്! സർക്കാർ മുതൽമുടക്കുന്ന കെ-ഫോൺ പോലെയുള്ള പദ്ധതികളുടെ യഥാർത്ഥ ഗുണഭോക്താക്കൾ ആരാണ് ? സാധാരണക്കാരന്റെ ജീവിതം ദുരിതത്തിൽ ആണ്ടുമുങ്ങുമ്പോൾ മുതലാളിമാരെ താലോലിക്കുകയാണ് ഈ കപട ഇടതുപക്ഷസർക്കാർ. ഇത്തരം നയങ്ങളും ധൂർത്തും കെടുകാര്യസ്ഥതയും നിറഞ്ഞ യാതൊരു ദീർഘവീക്ഷണവുമില്ലാത്ത ഭരണവും കേരളത്തെ ശ്രീലങ്കയുടെ പാതയിൽതന്നെയാണ് നയിക്കുന്നത്. വായ്പകൾക്കു നിയന്ത്രണം ഏർപ്പെടുത്തിയും, കെ റെയിൽ പോലുള്ള പദ്ധതികൾ നിർത്തിവെച്ചും ധൂർത്ത് അവസാനിപ്പിച്ചും, ഒപ്പം പൊതുമേഖലയെ ശക്തിപ്പെടുത്തി സംസ്ഥാനത്തിന്റെ ഉല്പാദനമേഖലയെ പുനരുജ്ജീവിപ്പിച്ചും കടക്കെണിയിൽനിന്നും പുറത്തുകടക്കാനുള്ള അടിയന്തര നടപടികളാണ് കൈക്കൊള്ളേണ്ടത്. വൻകിടക്കാരന്റെ കുടിശ്ശികകൾ പിരിച്ചെടുക്കുകയും നികുതിപിരിവ് കാര്യക്ഷമമാക്കുകയും വേണം. നികുതി വർദ്ധിപ്പിക്കാനല്ല, നികുതിയേതരവരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങളാണ് സർക്കാർ തേടേണ്ടത്. മുതലാളിവർഗ താല്പര്യങ്ങളും നിയോലിബറൽ വിധേയത്വവും അവസാനിപ്പിച്ച് ജനങ്ങളെ വിശ്വാസത്തിലെടുത്തുള്ള വഴിയിലേക്കാണ് സർക്കാർ വരേണ്ടത്. ഇതിന് സർക്കാർ തയ്യാറാകുന്നില്ലെങ്കിൽ അതിന് നിർബന്ധിതമാക്കുന്ന ജനകീയ പ്രക്ഷോഭം ഉണ്ടാകേണ്ടതുണ്ടെന്ന് അധ്വാനിച്ചു ജീവിക്കുന്ന നാമോരോരുത്തരും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ■

# ബിജെപിയുടെ ബുൾഡോസർ ഡ്രൈവിനെതിരെ നിയമജ്ഞരുടെ പ്രതിഷേധം; സ്വമേധയാ നടപടിയെടുക്കാൻ സുപ്രീംകോടതിയോട് അപേക്ഷിച്ചു

ബിജെപിയുടെ ദേശീയ വക്താക്കളായ നൂപുർ ശർമ്മയും നവീൻ കുമാർ ജിൻഡാലും ഇസ്ലാമിന്റെ സ്ഥാപകൻ മുഹമ്മദിനെതിരെ നടത്തിയത് നിന്ദ്യമായ പരാമർശങ്ങളാണ്. വർഗീയ ചേരിതിരിവും, മുസ്ലീം സമുദായത്തോട് വിദ്വേഷവും വളർത്തിയെടുത്തുകൊണ്ട്, ഹീനമായ വർഗീയ ഹിന്ദുത്വ യോഗ്യത ഉയർത്തിക്കാട്ടുന്നതിലാണ് ആർഎസ്എസ്- ബിജെപി-സംഘപരിവാറിന്റെ നിലനിൽപ്പ് എന്നതിനാൽ, ഇത്തരം പരാമർശങ്ങൾ മനഃപൂർവമല്ല എന്ന് വിശ്വസിക്കാൻ സാധിക്കില്ല. മുസ്ലീങ്ങളിൽ ഇത് മുറിവേൽപ്പിച്ചു. തെരുവ് പ്രതിഷേധത്തിന്റെ രൂപത്തിൽ തങ്ങളുടെ വികാരങ്ങൾ അവർ പ്രകടിപ്പിച്ചു. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ബിജെപി സർക്കാരുകൾ കാത്തിരുന്നതും ഇത്തരമൊരു സന്ദർഭമാണ്. വിവിധ തരത്തിലുള്ള ശിക്ഷകളിൽ നിന്ന്, പ്രത്യേകമായ ഒന്ന്, ബുൾഡോസർ, ഈ ന്യൂനപക്ഷ സമുദായത്തിന് കരുതിവച്ചിട്ടുണ്ടെന്ന് ഉടനടി അവർ തെളിയിച്ചു. മുൻ സന്ദർഭങ്ങളെക്കാൾ പലമടങ്ങ് തീവ്രതയോടെ, കുറ്റാരോപിതനായ വ്യക്തിയുടെ വീട് പൊളിക്കുന്നതോടൊപ്പം, മറ്റ് കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും വീടും പാർപ്പിടവും, നശിപ്പിച്ചുകളയാനുള്ള അവസരമായി ഇത് ഉപയോഗപ്പെടുത്തി. അതും നിയമപരമായ മുന്നറിയിപ്പൊന്നുമില്ലാതെ, അല്ലെങ്കിൽ കഴിഞ്ഞുപോയ തീയതി വെച്ച് അർദ്ധരാത്രിയിൽ പോസ്റ്റ് ചെയ്ത നോട്ടീസ് കൊടുത്തതിന് ശേഷം. എൻആർസി-സിഎഎയ്ക്കെതിരായ പ്രതിഷേധക്കാരെ 'പാഠം പഠിപ്പിക്കാൻ' രണ്ടു മാസം മുമ്പ് ഡൽഹിയിലെ ജഹാംഗീർപുരയിലും ന്യൂ ഫ്രണ്ട്സ് കോളനിയിലും (മംഗോൾപുരി) നടത്തിയതിന്റെ തനിയാവർത്തനമായിരുന്നു ഇത്. ആ സമയത്ത് "ഗോളി മാരോ സാലേക്കോ' (ഒറ്റുകാരെ വെടിവച്ചുകൊല്ലുക) പോലുള്ള പ്രകോപനപരമായ മുദ്രാവാക്യങ്ങൾ ബിജെപി കേന്ദ്രമന്ത്രി അനുരാഗ് ഠാക്കൂറും കൂട്ടാളികളും ഉയർത്തിയതും മുൻകൂട്ടി തയ്യാറാക്കിയ പദ്ധതിയുടെ ഭാഗമായിത്തന്നെയാണ്.

"ബിജെപി എംഎൽഎമാരും കൗൺസിലർമാരും ഇല്ലാത്തതിനാൽ ഷഹീൻ ബാഗ് മേഖലയിൽ കൂടുതൽ കയ്യേറ്റങ്ങൾ നടന്നിട്ടുണ്ട്. ഷഹീൻബാഗ് മേഖലയിൽ 50 ശതമാനത്തോളം കയ്യേറ്റങ്ങൾ ആളുകൾ സ്വയം നീക്കം ചെയ്തു. ബാക്കിയുള്ള കൈയേറ്റങ്ങൾ നഗരസഭ നീക്കം ചെയ്യും." എന്ന് ബിജെപി ഭരിക്കുന്ന സൗത്ത് ഡൽഹി മുനിസിപ്പൽ കോർപ്പറേഷന്റെ സെൻട്രൽ സോൺ ചെയർമാൻ രാജ്പാൽ സിംഗ് പറഞ്ഞത് ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്. അത്തരമൊരു അഭിപ്രായപ്രകടനം പക്ഷപാതപരമായ വീക്ഷണത്തെ പ്രതിഫലിപ്പിക്കുന്നതല്ലേ? അതുപോലെ, ഇപ്പോൾ യുപിയിലെ പ്രയാഗ്‌രാജ്, കാൺപൂർ, സഹാറൻപൂർ, മധ്യപ്രദേശിലെ ഖാർഗോ എന്നിവിടങ്ങളിൽ ബിജെപി യുടെ ഏറ്റവും ആക്ഷേപകരമായ പരാമർശങ്ങളെ എതിർക്കാൻ ധൈര്യപ്പെട്ട ന്യൂനപക്ഷ സമുദായത്തിലെ അംഗങ്ങൾക്കെതിരെ പ്രതികാര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ആദ്യം, അസ്വസ്ഥതയും വിയോജിപ്പിനുമുള്ള അടിത്തറ ഒരുക്കുക, പിന്നാലെ വിയോജിപ്പിന്റെ ശബ്ദം മൂടിക്കെട്ടാനും കുറ്റക്കാർക്കെതിരെ നടപടിയെടുക്കാനെന്ന പേരിലും, നിയമം കാറ്റിൽപറത്തിക്കൊണ്ട് ക്രൂരമായ അടിച്ചമർത്തൽ നടത്തുക. പദ്ധതി ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ.

ജനാധിപത്യവാഴ്ച യഥാർത്ഥത്തിൽ നിലനിൽക്കുന്നുവെങ്കിൽ, ജനങ്ങളെ സംരക്ഷിക്കാനും സമാധാനപരമായ ജീവിതം ഉറപ്പുവരുത്താനും നിയമം നിലനിൽക്കുന്നുവെങ്കിൽ, ഭരണകൂടത്തിന്റെ അധികാരം സ്ഥാപിക്കുന്നതിന് ബുൾഡോസറുകൾ ആവശ്യമില്ല. ക്രമസമാധാനപാലനത്തിന്റെ പേരിൽ ക്രൂരമായ ബലപ്രയോഗം നടത്താൻ മാനുഷിക പരിഗണന തെല്ലുമില്ലാത്ത ഒരു സർക്കാർ മാത്രമേ തുനിയുകയുള്ളൂ. യുപിയിലും എംപിയിലും സംഭവിച്ചു കൊണ്ടിരിക്കുന്നത് അതുതന്നെയാണ്. ഒരാളുടെ അസഭ്യമായ പരാമർശത്തിനെതിരെ പ്രതിഷേധിക്കുന്നത് കുറ്റകരമാണോ? 'അനധികൃത' കെട്ടിടങ്ങളുടെ നിർമ്മാണവുമായി ഇതിന് എന്ത് ബന്ധം? പ്രതിഷേധിക്കുന്നവരുടെയെല്ലാം വീടുകൾ തകർത്ത് തരിപ്പണമാക്കണമെങ്കിൽ ബിജെപി വക്താക്കളുടെയും പ്രകോപനപരമായ പരാമർശങ്ങൾ നടത്തുന്നവരുടെയും ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ എന്തുകൊണ്ട് പൊളിക്കുന്നില്ല?

പ്രയാഗ് രാജിൽ, ഒരു വീട് പൊളിച്ചു നീക്കണമെങ്കിൽ, 15 ദിവസം മുമ്പ് വികസന അതോറിറ്റി നോട്ടീസ് നൽകിയിരിക്കണമെന്ന് നിയമമുണ്ട്. അതിലൂടെ ഉടമസ്ഥർക്ക് ഇതിന്മേൽ പ്രതികരിക്കാൻ അവസരം ലഭിക്കും. വിശദീകരണം തൃപ്തികരമല്ലെങ്കിൽ, വ്യക്തമായ കാരണങ്ങളോടെ പൊളിക്കുന്നതിനുള്ള ഒരു താൽക്കാലിക ഉത്തരവ് പാസാക്കാവുന്നതാണ്. എന്നാൽപോലും വികസന അതോറിറ്റി ചെയർമാന് അപ്പീൽ നൽകാൻ വീട്ടുടമസ്ഥന് 30 ദിവസത്തെ സമയം ലഭിക്കും. പ്രതിവിധി തേടുന്നതിനുള്ള അവസാന ആശ്രയമായി കോടതിയും ഉണ്ട്. 'ബുൾഡോസർ ബാബ' എന്ന് സ്വയം വിശേഷിപ്പിച്ച യുപിയിലെ ബിജെപി മുഖ്യമന്ത്രി, കുറ്റവാളികൾക്കും മാഫിയകൾക്കും എതിരെ ബുൾഡോസർ ഉപയോഗിക്കുന്നത് തുടരുമെന്ന് ട്വീറ്റ് ചെയ്തു. കുറ്റവാളികൾക്കെതിരെ ദേശീയ സുരക്ഷാ നിയമം 1980 ചുമത്താനും അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ, ഒരു കലാപകാരിയുടെയോ ഗുണ്ടാ സംഘത്തിന്റെയോ മാഫിയ ഡോണിന്റെയോ വീട് പൊളിക്കുന്നതിന് ദേശീയ സുരക്ഷാ നിയമത്തിൽപോലും അധികാരമില്ല എന്നത് അദ്ദേഹത്തെ നിരാശനാക്കാനിടയുണ്ട്. ഒരു തൽക്ഷണ പ്രതികാരത്തിന്റെ ഭീഷണി അല്ലെങ്കിൽ പ്രവൃത്തി ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല. എന്നാൽ ശക്തമായ സംഘടിത പ്രതിഷേധത്തിന്റെ അഭാവവും രാജ്യത്തെ ജുഡീഷ്യറിയുടെ ദൗർഭാഗ്യകരമായ നിശബ്ദതയും നിമിത്തമാണ് ബിജെപി സർക്കാരിന് 'ബുൾഡോസർ ദൗത്യ'വുമായി മുന്നോട്ടുപോകാൻ കഴിയുന്നത്. കോടതികളുടെ നിലപാട് ഗർജ്ജനങ്ങളിലൊതുങ്ങുന്നു, ഫലത്തിൽ ഒന്നും സംഭവിക്കുന്നില്ല. ജഹാംഗീർപുരയിലെ ബുൾഡോസർ ഓപ്പറേഷനെ സുപ്രീംകോടതി ശക്തമായി അപലപിക്കുകയും സ്റ്റേ ചെയ്യുകയും ചെയ്തിട്ടും പ്രായോഗിക തലത്തിൽ കാര്യമായ മാറ്റമൊന്നും ഉണ്ടായിട്ടില്ല. 1985ലെ പ്രശസ്തമായ ഓൾഗ ടെല്ലിസ് കേസിൽ, ജീവിക്കാനുള്ള അവകാശത്തിൽ നോട്ടീസ് കൂടാതെ കുടിയൊഴിപ്പിക്കപ്പെടാതിരിക്കാനുള്ള അവകാശവും ഉൾപ്പെടുന്നുവെന്ന് സുപ്രീം കോടതി പ്രഖ്യാപിച്ചത് ഓർക്കുക. പൊളിക്കലുകൾ തടയാനും, തെറ്റുകാരായ ഉദ്യോഗസ്ഥർക്ക് പിഴ ചുമത്താനും, തെരഞ്ഞെടുക്കപ്പെട്ട നേതാക്കൾ തെറ്റ് ചെയ്താൽ അവരെ നിലയ്ക്ക് നിർത്താനും ഇരകൾക്ക് നഷ്ടപരിഹാരം നൽകാനും കോടതിക്ക് എല്ലാ അധികാരവുമുണ്ട്.

വെൽഫെയർ പാർട്ടി ഓഫ് ഇന്ത്യയുടെ മുതിർന്ന അംഗവും ബിജെപി വക്താക്കളുടെ അപകീർത്തികരമായ പരാമർശങ്ങൾക്കെതിരായ പ്രതിഷേധത്തിന് പിന്നിലെ പ്രധാനികളിലൊരാളെന്ന് ബിജെപി സർക്കാർ ആരോപിക്കുന്ന വ്യക്തികളിലൊരാളുമായ മുഹമ്മദ് ജാവേദിന്റെ വീട് തകർത്തത് ഒരു ഉദാഹരണമാണ്. രണ്ട് പതിറ്റാണ്ടുകൾക്കുമുമ്പ് അദ്ദേഹത്തിന്റെ ഭാര്യ പർവീൻ ഫാത്തിമയ്ക്ക് പിതാവ് കലീമുദ്ദീൻ സിദ്ദിഖിയിൽ നിന്ന് സമ്മാനമായി ലഭിച്ചതാണ് വീട്. എന്നാൽ പൊളിക്കാനുള്ള നോട്ടീസ് അയച്ചത് ജാവേദിനാണ്, ഭാര്യയ്ക്കല്ല. ഫാത്തിമയുടെ വീട് തകർത്തതിനെതിരെ പ്രയാഗരാജിലെ ഒരു സംഘം അഭിഭാഷകർ അലഹബാദ് ഹൈക്കോടതി ചീഫ് ജസ്റ്റിസിന് ഇ-മെയിൽ അപേക്ഷ നൽകി. തകർന്ന വീട് ഫാത്തിമയുടെ വിവാഹത്തിനുമുമ്പ് മാതാപിതാക്കൾ ഫാത്തിമയ്ക്ക് നൽകിയതാണെന്നും, അതിനാൽ വീടിന്റെയും പ്ലോട്ടിന്റെയുംമേൽ അഹമ്മദിന് ഉടമസ്ഥാവകാശമില്ലെന്നും അലഹബാദ് ഹൈക്കോടതി ചീഫ് ജസ്റ്റിസിന് അയച്ച ഹർജിയിൽ 'ജില്ല അഭിഭാഷക മഞ്ച്' എന്ന സംഘടനയിലെ അഞ്ച് അഭിഭാഷകർ ചൂണ്ടിക്കാണിച്ചു. വീട് പൊളിക്കുന്നതിന് മുന്നോടിയായി 2022 ജൂൺ 11ന്, പ്രയാഗ്‌രാജ് ഡെവലപ്മെന്റ് അതോറിറ്റി (പിഡിഎ) ഫാത്തിമയുടെ വീട്ടിൽ ഒരു നോട്ടീസ് ഒട്ടിച്ചിരുന്നു. ഇതിൽ മുൻപൊരു തീയതിയിൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നതായാണ് പറയുന്നത്. എന്നാൽ അഹമ്മദിനോ ഭാര്യയ്ക്കോ കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചിട്ടില്ലെന്നും അതിനാൽ പൊളിച്ചത് നിയമവിരുദ്ധമാണെന്നും ഹർജിയിൽ പറയുന്നു.

എന്നാൽ, ഭരണകൂടത്തിന്റെ പ്രതികാര നടപടിയായല്ല, നിയമം അനുസരിച്ച് മാത്രമേ പൊളിച്ചുമാറ്റൽ കഴിയൂ എന്നും സുപ്രീംകോടതി പറഞ്ഞു. പ്രവാചകൻ മുഹമ്മദ് നബിയെക്കുറിച്ച് മുൻ ബിജെപി വക്താക്കൾ നടത്തിയ പരാമർശത്തെ തുടർന്നുണ്ടായ അക്രമത്തിനുശേഷം കാൺപൂരിലെയും പ്രയാഗ് രാജിലെയും ബുൾഡോസർ നടപടിയെ ചോദ്യം ചെയ്തുള്ള ഹർജികളിൽ ഉത്തർപ്രദേശ് സർക്കാരിന് നോട്ടീസ് നൽകുന്നതിനിടെയാണ് സുപ്രീംകോടതി ഈ നിരീക്ഷണം നടത്തിയത്. എന്നാൽ, പൊളിച്ചുനീക്കൽ നടപടി നിർത്തിവെക്കണമെന്ന അപേക്ഷകരുടെ ആവശ്യം ബെഞ്ച് നിരസിച്ചു. പൊളിച്ചു കഴിഞ്ഞ് മാത്രം കോടതി ഉണർന്നിരുന്നിട്ടെന്തു കാര്യം. നിയമവിരുദ്ധ പ്രവൃത്തിയെ ചോദ്യം ചെയ്യാതിരിക്കുകയും പൊളിക്കൽ സ്റ്റേ ചെയ്യാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?

മുൻ ജസ്റ്റിസുമാരായ ബി.സുദർശൻ റെഡ്ഡി, വി.ഗോപാല ഗൗഡ, എ.കെ.ഗാംഗുലി, ഡൽഹി ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് എ.പി.ഷാ, മദ്രാസ് ഹൈക്കോടതി മുൻ ജസ്റ്റിസ് കെ.ചന്ദ്രു, കർണ്ണാടക ഹൈക്കോടതി മുൻ ജഡ്ജി മുഹമ്മദ് അൻവർ, മുതിർന്ന അഭിഭാഷകരായ ശാന്തി ഭൂഷൺ, ഇന്ദിര ജയ്സിംഗ്, സി.യു.സിംഗ്, ശ്രീറാം പഞ്ചു, പ്രശാന്ത് ഭൂഷൺ, ആനന്ദ് ഗ്രോവർ എന്നിവർ ഉൾപ്പെടെ ഈ അനീതിയിൽ അസ്വസ്ഥരായ നല്ലൊരു വിഭാഗം നിയമജ്ഞർ ബിജെപി വക്താക്കൾ നടത്തിയ ആക്ഷേപകരമായ പരാമർശങ്ങളിൽ പ്രതിഷേധിച്ചവർക്കെതിരെ അനധികൃത തടങ്കൽ, താമസസ്ഥലങ്ങൾ ബുൾഡോസർ ചെയ്യൽ, പോലീസ് നടപടി തുടങ്ങിയ സംഭവങ്ങൾക്കെതിരെ സ്വമേധയാ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ചീഫ് ജസ്റ്റിസ് എൻ.വി.രമണയ്ക്ക് കത്തയച്ചു.

കത്തിൽ ഇപ്രകാരം പറയുന്നു "... പ്രതിഷേധക്കാരെ കേൾക്കാനും സമാധാനപരമായ പ്രതിഷേധങ്ങളിൽ ഏർപ്പെടാനും അവസരം നൽകുന്നതിനുപകരം, അവർക്കെതിരെ ക്രൂരമായ നടപടി സ്വീകരിക്കാൻ യുപി-സംസ്ഥാന ഭരണകൂടം അനുമതി നൽകിയിരിക്കുന്നു.

...ഭാവിയിൽ ആരും കുറ്റകൃത്യം ചെയ്യാതിരിക്കാനും നിയമം കൈയിലെടുക്കാതിരിക്കാനും കുറ്റക്കാർക്കെതിരെ ഇത്തരം നടപടികളെടുക്കണമെന്ന് മുഖ്യമന്ത്രി ഉദ്യോഗസ്ഥർക്ക് അനുശാസനം നൽകിയതായി റിപ്പോർട്ടുണ്ട്. ..ഇതിനെ തുടർന്ന് 300ൽപരം ആളുകളെ പോലീസ് അറസ്റ്റ് ചെയ്യുകയും പ്രതിഷേധിച്ചവർക്കെതിരെ എഫ്ഐആറുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. പോലീസ് കസ്റ്റഡിയിൽ യുവാക്കളെ ലാത്തികൊണ്ട് മർദിക്കുന്നതിന്റെയും, സമരക്കാരുടെ വീടുകൾ യാതൊരു മുന്നറിയിപ്പും കൂടാതെ തകർക്കുന്നതിന്റെയും ന്യൂനപക്ഷ മുസ്ലീം സമുദായത്തിൽപ്പെട്ടവരെ പോലീസ് ഓടിച്ചിട്ട് മർദിക്കുന്നതിന്റെയും വീഡിയോകൾ രാജ്യത്തിന്റെ മനസാക്ഷിയെ ഞെട്ടിച്ചുകൊണ്ട് സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്... ഇത്തരം നിർണായക സമയങ്ങളിൽ ജുഡീഷ്യറിയുടെ ധാർമികത പരീക്ഷിക്കപ്പെടുന്നു. സമീപകാലത്തുൾപ്പെടെ പല അവസരങ്ങളിലും, ജുഡീഷ്യറി അത്തരം വെല്ലുവിളികളെ അഭിമുഖീകരിക്കുകയും ജനങ്ങളുടെ അവകാശങ്ങളുടെ സംരക്ഷകനായി ഉയർന്നുവരുകയും ചെയ്തിട്ടുണ്ട്. കുടിയേറ്റ തൊഴിലാളികളുടെ കാര്യത്തിലും പെഗാസസ് വിഷയത്തിലും സുപ്രീം കോടതി സ്വമേധയാ എടുത്ത നടപടികളാണ് സമീപകാലത്തെ ചില ഉദാഹരണങ്ങൾ.

... അതേ മനോഭാവത്തിലും, ഭരണഘടനയുടെ സംരക്ഷകൻ എന്ന നിലയിലുള്ള അതിന്റെ പങ്കിലും, ഉത്തർപ്രദേശിലെ വഷളായ ക്രമസമാധാന നിലയെ തടയാൻ, പ്രത്യേകിച്ചും, പോലീസിന്റെയും ഭരണാധികാരികളുടെയും നിഷ്ഠൂരമായ ഇടപെടലിനും, പൗരന്റെ മൗലികാവകാശങ്ങൾക്കുമേലുള്ള കടന്നുകയറ്റത്തിനും എതിരെ സ്വമേധയാ നടപടിയെടുക്കാൻ ഞങ്ങൾ സുപ്രീം കോടതിയോട് അഭ്യർത്ഥിക്കുന്നു. ഈ നിർണായക ഘട്ടത്തിൽ സുപ്രീം കോടതി അവസരത്തിനൊത്ത് ഉയരുമെന്നും പൗരന്മാരെയും ഭരണഘടനയെയും തളർത്താൻ അനുവദിക്കില്ലെന്നും ഞങ്ങൾ പ്രതീക്ഷിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു."

സ്ഥിതിഗതികൾ വളരെ ഗുരുതരവും ഭയാനകവുമാണ്, ജനാധിപത്യ വിശ്വാസികളും ധാർമ്മിക ചിന്താഗതിക്കാരുമായ ആളുകൾക്ക് അവരുടെ സാമൂഹിക ബാധ്യത അവഗണിക്കാൻ കഴിഞ്ഞിട്ടില്ല, അവർ ഒറ്റയ്ക്കും കൂട്ടായും പ്രതിഷേധവുമായി രംഗത്തുവരുന്നത് തീർച്ചയായും പ്രതീക്ഷാ നിർഭരമാണ്. ■

# തകർന്നടിയുന്ന പൊതുജനാരോഗ്യ സംവിധാനം

**കേരളത്തിലെ സർക്കാർ ആശുപത്രികളിൽ മരുന്നിനുപോലും മരുന്നില്ല എന്നത് ഏതാനും ആഴ്ചകളായി എല്ലാ മാധ്യമങ്ങളിലെയും പ്രധാന വാർത്തയാണ്. പാരസെറ്റമോൾ, ആന്റിബയോട്ടിക്കുകൾ, ഒആർഎസ് ലായനി, നോർമൽ സലൈൻ, ടിടി കുത്തിവയ്പ് തുടങ്ങി ഏറെ ആവശ്യമുള്ള മരുന്നുകൾപോലും സർക്കാർ ആശുപത്രികളിൽ സ്റ്റോക്കില്ല. പല ആശുപത്രികളിലും ജീവൻരക്ഷാമരുന്നുകളും ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നും ഇല്ല. രണ്ടുമാസത്തേയ്ക്ക് നൽകിവന്നിരുന്ന ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകൾ ഇപ്പോൾ രണ്ടാഴ്ച, പത്തുദിവസം, ഒരാഴ്ച എന്ന കാലയളവിലേക്ക് ചുരുങ്ങിയിരിക്കുന്നു എന്നതിനാൽ ഈ മരുന്നുകൾപോലും പുറത്തുനിന്ന് വാങ്ങേണ്ട സ്ഥിതിയിലാണ് ജനങ്ങൾ.**

പനിബാധിതരുടെ എണ്ണത്തിൽ വൻവർദ്ധനവുണ്ടായിരിക്കുന്ന സാഹചര്യത്തിലാണ് മരുന്നുക്ഷാമം രൂക്ഷമായിരിക്കുന്നത്. കോവിഡ്, ഡെങ്കിപ്പനി, എലിപ്പനി എന്നിവയ്ക്കുപുറമേ മങ്കിപോക്സും ഇപ്പോൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ജനങ്ങൾ സ്വകാര്യ ആശുപത്രികളിലേയ്ക്ക് നിർബന്ധപൂർവം തള്ളിവിടപ്പെടുന്നു എന്നതാണ് പരിണിതഫലം.

മരുന്നിന് ക്ഷാമം ഇല്ലെന്നും ഏതാനും മരുന്നുകൾ കുറവുണ്ടെന്ന മാത്രമേയുള്ളൂ എന്നുമാണ് ആരോഗ്യവകുപ്പിന്റെ വിശദീകരണം. മരുന്നിന്റെ പട്ടിക തയ്യാറാക്കുന്നതിലും വാങ്ങുന്നതിലും വന്ന കാലതാമസമാണ് മരുന്ന് ക്ഷാമത്തിന്റെ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. എല്ലാവർഷവും ഒക്ടോബറിൽ കണക്കെടുത്ത്, ഡിസംബറിൽ ടെൻഡർ ക്ഷണിച്ച്, ജനുവരിയോടെ കമ്പനികളുടെ പട്ടിക തയ്യാറാക്കി, കരിമ്പട്ടികയിലുള്ള കമ്പനികളെ ഒഴിവാക്കി ഓർഡർ നൽകി, ഏപ്രിലോടെ ആശുപത്രികളിൽ എത്തിക്കുകയാണ് ചെയ്യുന്നത്. ഈ പണി ഇപ്പോൾ ചെയ്തുവരുന്ന മെഡിക്കൽ സർവീസ് കോർപ്പറേഷൻ മരുന്ന് ഓർഡർ സ്വീകരിക്കുന്നതിലും വാങ്ങുന്നതിലും വരുത്തിയ കാലതാമസമാണ് മരുന്നുക്ഷാമത്തിന്റെ കാരണം.

ഡ്രഗ് വെയർഹൗസുകൾ എന്ന പേരിൽ ആരോഗ്യവകുപ്പിനുകീഴിൽ പ്രവർത്തിച്ചുവന്നിരുന്ന പർച്ചേസിംഗ് സംവിധാനത്തിന്റെ സ്ഥാനത്താണ് ഇപ്പോൾ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് പ്രവർത്തിക്കുന്നത്. ആരോഗ്യവകുപ്പിനു കീഴിൽ സംസ്ഥാന ഡ്രഗ് വെയർഹൗസുകൾക്കുപുറമേ ജില്ലാ ഡ്രഗ് വെയർഹൗസുകളും കാര്യക്ഷമമായി പ്രവർത്തിച്ചു വന്നിരുന്നു. ഓരോ ആശുപത്രിക്കും ആവശ്യാനുസരണം മരുന്നുകൾ വാങ്ങാൻ അവസരമൊരുക്കിക്കൊണ്ട് പർച്ചേസ് കമ്മിറ്റികളും നിലവിലുണ്ടായിരുന്നു. ഈ ചുമതലയാണ് മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിരിക്കുന്നത്. കേരളത്തിന്റെ ആരോഗ്യരംഗത്തുനടന്ന വലിയൊരു ചതിയുടെയും വഞ്ചനയുടെയും ചരിത്രം ഈ മാറ്റങ്ങൾക്കു പിന്നിലുണ്ട്. എങ്ങനെയാണോ കേരളത്തിലെ പുകൾപെറ്റ വിദ്യാഭ്യാസക്രമം തകർത്തെടുത്ത് തലമുറകളെത്തന്നെ കശക്കിക്കളഞ്ഞ ലോകബാങ്ക് പദ്ധതിയായ ഡിപിഇപിക്ക് സിപിഐ(എം) നേതൃത്വം നൽകിയ ഇടതുമുന്നണി സർക്കാർ പരവതാനി വിരിച്ചത്, അതുതന്നെയാണ് കേരളത്തിലെ ആരോഗ്യരംഗത്ത് നടന്നതും, നടന്നുകൊണ്ടിരിക്കുന്നതും. വിദ്യാഭ്യാസരംഗത്ത് ഡിപിഇപി ആയിരുന്നുവെങ്കിൽ ആരോഗ്യരംഗത്ത് എൻആർഎച്ച്എം ആയിരുന്നു എന്ന വ്യത്യാസം മാത്രം.

## കേരളത്തിലെ പൊതുജനാരോഗ്യരംഗത്ത് സംഭവിച്ചത്

2007 ഡിസംബറിൽ വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയും ശ്രീമതി ടീച്ചർ ആരോഗ്യമന്ത്രിയുമായിരുന്ന സമയത്താണ് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സർക്കാർ കമ്പനി ആരോഗ്യ മേഖലയിൽ അവരോധിതമാകുന്നത്. കേരളത്തിലെ പൊതുജനാരോഗ്യസംവിധാനത്തെ കടപുഴക്കാൻ പോന്ന ലോകബാങ്ക് പരിഷ്കാരമായ എൻആർഎച്ച്എം എന്ന പദ്ധതി 'ആരോഗ്യകേരളം, ഐശ്വര്യകേരളം' എന്നപേരിൽ ഒളിച്ചുകടത്തിയ നടപടിക്രമങ്ങൾക്ക് തുടക്കമായതുംഇതേകാലത്താണ്. എൻആർഎച്ച്എമ്മിന്റെ കീഴിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 18 സംസ്ഥാനങ്ങളിൽ കേരളമുണ്ടായിരുന്നില്ല. എങ്കിലും കേന്ദ്രസർക്കാരുമായുള്ള ധാരണാ

(ശേഷം 8–ാം പേജിൽ)

# ഭീമമായ വിലക്കയറ്റവും പണപ്പെരുപ്പവും; രൂപയുടെ മൂല്യം ഇടിയുന്നു; രാജ്യം രൂക്ഷമായ മുതലാളിത്ത പ്രതിസന്ധിയുടെ നീരാളിപ്പിടുത്തത്തിൽ

കഴിഞ്ഞ ജൂലൈ 26ന് ഡോളറുമായുള്ള വിനിമയത്തിൽ രൂപയുടെ മൂല്യം ഇടിഞ്ഞ് ഒരു ഡോളറിന്റെ വില 79.5 രൂപയായി, ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിലയിലേയ്ക്ക് കൂപ്പുകുത്തി. ഇത്തരമൊരു പതനത്തിലേക്കാണ് ഇൻഡ്യൻ കറൻസി പോകുന്നതെന്ന് സൂചനകൾ ലഭിച്ചതിനെത്തുടർന്ന് 2022 മാർച്ച് മാസത്തിൽ റിസർവ് ബാങ്ക് 20000 കോടി ഡോളർ സ്പോട്ട് മാർക്കറ്റിൽ വിൽക്കുകയുണ്ടായി. വിപണിയിൽ ഡോളർ ലഭ്യത സൃഷ്ടിച്ച് രൂപയുടെ വിലയിടിവിനെ തടയാനുള്ള നടപടിയായിരുന്നു അത്. തുറന്ന വിപണിയിൽ കേന്ദ്ര ബാങ്ക് ഇതുവരെ നടത്തിയിട്ടുള്ളതിൽ ഏറ്റവും വലിയ വിൽപ്പനയായിരുന്നു അത്. ഈ വിൽപ്പന വിദേശനാണ്യശേഖരത്തിൽ വലിയ ഇടിവ് സൃഷ്ടിക്കുമെന്നും അത് ഗുരുതരമായ പ്രതിസന്ധിക്കു കാരണമാകുമെന്നും അറിയാമായിരുന്നിട്ടും അത്തരമൊരു കൈവിട്ട നടപടിക്ക് റിസർവ് ബാങ്ക് മുതിർന്നത് ഇൻഡ്യൻ കറൻസി അഭിമുഖീകരിക്കുന്ന തകർച്ച അത്രമേൽ ഭയാനകമാണെന്നതിനാലായിരുന്നു. എന്നാൽ മാർച്ച് മാസത്തെ ഈ നടപടിയെ പോലും നിഷ്ഫലമാക്കിക്കൊണ്ട് ജൂലൈയിൽ രൂപയുടെമൂല്യം ചരിത്രത്തിലെ ഏറ്റവും വലിയ ഇടിവിനെ നേരിട്ടു. ഭീമമായ ഡോളർ വിൽപ്പന മാർച്ചിൽ നടന്നില്ലായിരുന്നെങ്കിൽ ഇപ്പോഴുണ്ടായിട്ടുള്ള തകർച്ചയേക്കാൾ ഭയാനകമാകുമായിരുന്നു. ഇൻഡ്യൻ സാമ്പത്തികവ്യവസ്ഥ അഭിമുഖീകരിക്കുന്ന വർത്തമാനപ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്ന ഉദാഹരണം മാത്രമാണിത്.

ശ്രീലങ്ക നേരിട്ട തകർച്ചയുടെ പാതയിലാണോ ഇൻഡ്യയുടെ പ്രയാണവും എന്ന ചോദ്യം സർക്കാരിന്റെ വിമർശകരുടേതല്ല, മറിച്ച് ധനകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സർക്കാരിന്റെ നയരൂപീകരണവിദഗ്ദ്ധരും ഉദ്യോഗസ്ഥരും ഉയർത്തുന്നതാണ്. ഈ വർഷം ഏപ്രിൽ ആദ്യവാരം പ്രധാനമന്ത്രി നരേന്ദ്രമോദി വിളിച്ചുചേർത്ത വകുപ്പ് സെക്രട്ടറിമാരുടെ യോഗം, സംസ്ഥാനങ്ങൾ നൽകുന്ന സൗജന്യങ്ങൾ പലതും ശരിയായ ദിശയിലുള്ള നടപടികളല്ലെന്നും ഈ സംസ്ഥാനങ്ങൾ ശ്രീലങ്കയുടെ പാതയിലേക്ക് പോകുമെന്നും മുന്നറിയിപ്പ് നൽകുകയുണ്ടായി. നീതി ആയോഗ് അംഗം രമേശ് ചന്ദ്, സ്കൂൾ ഓഫ് കൊമേഴ്സിൽ നടത്തിയ പ്രഭാഷണത്തിൽ കാർഷികസബ്സിഡി ഉൾപ്പടെയുള്ള നടപടികൾ പ്രതിസന്ധി സൃഷ്ടിക്കുമെന്നും രാജ്യം ശ്രീലങ്കയുടെ സ്ഥിതിയിലേക്ക് പോകുമെന്നും അഭിപ്രായപ്പെട്ടു. ധനകാര്യ കമ്മീഷൻ അധ്യക്ഷനായുള്ള എൻ.കെ.സിംഗ് ജനങ്ങൾക്ക് നൽകുന്ന സബ്സിഡികൾ കടുത്ത സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുമെന്ന് പറഞ്ഞു. എസ്ബിഐയുടെ ഗവേഷണ വിഭാഗം 2022 ഏപ്രിൽ മൂന്നാം വാരം പുറത്തുവിട്ട റിപ്പോർട്ടിലും രാജ്യം വൻപിച്ച പ്രതിസന്ധിയലേക്ക് പതിക്കുകയാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഇപ്രകാരം വന്നുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകളും അഭിപ്രായങ്ങളും അതിയായി ആശങ്കപ്പെടേണ്ട സാഹചര്യത്തിന്റെ വ്യക്തമായ സൂചനകൾ തന്നെയാണ്. ജനങ്ങൾക്ക് നൽകുന്ന സബ്സിഡി പോലുള്ളവയെ പ്രതിസന്ധിയുടെ കാരണമായി അവർ ചൂണ്ടിക്കാട്ടുന്നത് യഥാർത്ഥ കാരണങ്ങൾ മറച്ചുവയ്ക്കുന്നതിനുവേണ്ടി മാത്രമാണ്. കോർപ്പറേറ്റ് വമ്പന്മാർക്ക് വേണ്ടിയുള്ള വികസനം നടപ്പാക്കാൻ വാങ്ങിച്ചുകൂട്ടിയിട്ടുള്ളതുമാത്രമാണ് ലക്ഷം കോടികളുടെ അതിഭീമമായ വായ്പ. ധനമന്ത്രാലയത്തിന്റെ കണക്കുപ്രകാരം 2017 മുതൽ 2022വരെയുള്ള അഞ്ചുവർഷം പൊതുമേഖലാ ബാങ്കുകൾ എഴുതിത്തള്ളിയ നിഷ്ക്രിയആസ്തി 7.27 ലക്ഷംകോടിയുടേതാണ്.

രാജ്യത്തിന്റെ ആകെ വിദേശകടം 621 ബില്യൺ ഡോളറാണ്. അതായത് 49 ലക്ഷം കോടി രൂപ. ഈ ഭീമമായ തുകയിൽ 16 ലക്ഷം കോടി രൂപ ഏതാനും മാസങ്ങൾക്കുള്ളിൽ അടച്ചുതീർക്കണം. ഇതിനോടകംതന്നെ പ്രതിസന്ധിയിലായിക്കഴിഞ്ഞിട്ടുള്ള സാമ്പത്തികസാഹചര്യത്തെ ഈ തിരിച്ചടവ് കൂടുതൽ വഷളാക്കും. ആകെ ദേശീയ കടം 2022ൽ 2977.69 ബില്യൺ ഡോളറാണ്. അതായത് 240 ലക്ഷം കോടി രൂപ! രാജ്യം ശ്രീലങ്കയുടെ പാതയിലാണെന്നതിന് മറ്റൊരു കണക്കിന്റെയും ആവശ്യമില്ല. ആകെ ആഭ്യന്തര ഉൽപ്പാദനവും ദേശീയകടവും തമ്മിലുള്ള അനുപാതം ഇൻഡ്യയുടെ 89.6 ശതമാനമാണെന്ന് ഐഎംഎഫിന്റെ 2021ലെ കണക്കുകൾ വ്യക്തമാക്കുന്നു. തകർന്നടിഞ്ഞ ശ്രീലങ്കയുടെ ആഭ്യന്തര ഉൽപ്പാദനവും ദേശീയകടവും തമ്മിലുള്ള അനുപാതം 117 ശതമാനമാണ്. ഇൻഡ്യ അതിനോട് അടുത്തെത്തിയിരിക്കുന്നുവെന്ന ഞെട്ടലുളവാക്കുന്ന കണക്കാണ് ഐഎംഎഫ് പുറത്തുവിട്ടിട്ടുള്ളത്. ക്യാഷ് റിസർവും (കേന്ദ്രബാങ്കിന്റെയോ സർക്കാരിന്റെയോ കൈവശമുള്ള, നിഷ്ക്രിയമായിരിക്കുന്നപണം) ലിക്വിഡിറ്റിയും(വിനിമയത്തിലുള്ള കറൻസി) തമ്മിലുള്ള അനുപാതത്തിന്റെ പരിധികൾ കേന്ദ്രബാങ്ക് നീക്കംചെയ്തു. റിസർവ് വർദ്ധിപ്പിച്ചുകൊണ്ട് ലിക്വിഡിറ്റി കുറയ്ക്കാനുള്ള തീവ്രപരിശ്രമത്തിന്റെ ഭാഗമാണ് ഈ നടപടി. ഇതേ ലക്ഷ്യത്തോടെയാണ് ബാങ്ക് പലിശ വർദ്ധിപ്പിക്കുന്നതും. കണക്കില്ലാതെ കറൻസി അച്ചടിക്കുന്നതും രൂക്ഷമായ വിലക്കയറ്റവുമാണ് വിനിമയത്തിലുള്ള പണത്തിന്റെ പെരുപ്പം സൃഷ്ടിച്ചിരിക്കുന്നത്. വിനിമയത്തിലുള്ള കറൻസിയുടെ മൂല്യം ഇപ്പോൾ 32ലക്ഷം കോടി പിന്നിട്ടു! 2016ൽ നോട്ടുനിരോധനം നടപ്പാക്കുമ്പോൾ അത് 16.5ലക്ഷം കോടിയായിരുന്നു(മാതൃഭൂമി, ഏപ്രിൽ 22, 2022) സാമ്പത്തിക വ്യവസ്ഥ അകപ്പെട്ടിട്ടുള്ള ഊരാക്കുടുക്കിന്റെ വ്യക്തമായ ചിത്രമാണിത്. ഒരു വശത്ത് കണക്കില്ലാതെ കറൻസി അച്ചടിച്ച് പ്രശ്നം കൃത്രിമമായി പരിഹരിക്കാൻ നിർബ്ബന്ധിതമാകുന്ന സാഹചര്യം, മറുവശത്ത് പ്രസ്തുത കറൻസി വിനിമയത്തിൽ വരുന്നതുവഴി പണം പെരുകുന്നതിന്റെ പ്രശ്നം. ചുരുക്കത്തിൽ നമ്മുടെ സാമ്പത്തിക വ്യവസ്ഥ, പ്രശ്നപരിഹാരത്തിന് ഒരു മാർഗ്ഗവുമില്ലാത്ത, അതീവഗുരുതരമായ ചുഴിയിലകപ്പെട്ടിരിക്കുക യാണ്.

ഡോളറുമായുള്ള വിനിമയത്തിൽ രൂപയുടെ മൂല്യം വലിയതോതിൽ ഇടിഞ്ഞതിനാൽ അടച്ചുതീർക്കേണ്ട വിദേശവായ്പയുടെയും പലിശയുടെയും തുക വീണ്ടും ഉയരുകയാണ്. ഡോളറിലാണ് വായ്പയും പലിശയും അടയ്ക്കുന്നത് എന്നതിനാൽ അത് വിദേശനാണ്യത്തിന്റെ കരുതൽ ശേഖരത്തെ ഗണ്യമായി ശോഷിപ്പിക്കുന്നു. ഇതോടൊപ്പം വ്യാപാരകമ്മി വർദ്ധിക്കുന്ന എന്ന മറ്റൊരു പ്രതികൂലാവസ്ഥയെയും ഇൻഡ്യ നേരിടുകയാണ്. കയറ്റുമതിയേക്കാൾ വൻതോതിൽ ഇറക്കുമതി വർദ്ധിക്കുന്നതാണ് വ്യാപാരകമ്മി. അത് വീണ്ടും വിദേശനാണ്യ ശേഖരം വൻതോതിൽ കുറയാനിടയാക്കുന്നു. വിദേശനാണ്യ ശേഖരം ഇടിഞ്ഞാൽ അത് ഇറക്കുമതി നടത്താനാവാതെ വലയുന്ന ശ്രീലങ്കൻ സ്ഥിതിയുടെ തനിപ്പകർപ്പാക്കി ഇൻഡ്യയെ മാറ്റും.

ശ്രീലങ്കയ്ക്ക് സമാനമായ സ്ഥിതിയാണ് ലോകത്തെ 62രാജ്യങ്ങളിൽ നിലനിൽക്കുന്നതെന്ന് ഐഎംഎഫ് അഭിപ്രായപ്പെടുകയുണ്ടായി. വിപണിയില്ലായ്മമൂലം മുതലാളിത്ത വ്യവസ്ഥിതി അപരിഹാര്യമായ പ്രതിസന്ധിയലകപ്പെടുമെന്ന മാർക്സിസ്റ്റ് ദർശനത്തിന്റെ മുന്നറിയിപ്പ് അക്ഷരംപ്രതി ശരിവയ്ക്കപ്പെടുന്നതാണ് ലോകമെമ്പാടും നാമിപ്പോൾ കാണുന്നത്. ഇൻഡ്യയും കരകയറാനാകാത്ത മുതലാളിത്ത പ്രതിസന്ധിയുടെ ആഴങ്ങളിലേക്ക് പതിക്കുകയാണ്. പ്രതിസന്ധി പരിഹരിക്കാനായി സ്വീകരിക്കുന്ന ഏതൊരു നടപടിയും പ്രതിസന്ധിയെ മൂർഛിപ്പിക്കുന്നു. ■

# ആരോഗ്യരംഗത്തെ ലാഭക്കൊള്ളയുടെ സാദ്ധ്യത മനസ്സിലാക്കിയ ഇടത് സർക്കാർ കോർപ്പറേറ്റ് പദ്ധതിയായ എൻആർഎച്ച്എമ്മിനെ ആരോഗ്യകേരളം എന്ന പേരിൽ നടപ്പാക്കി

(7-ാം പേജിൽ നിന്ന്)

പത്രത്തിൽ കേരള സർക്കാരിന്റെ താൽപര്യപ്രകാരം ഒപ്പിട്ടു. ആർക്കിടെക്ചറൽ കറക്ഷനാണ് ദൗത്യം എന്ന് എൻആർ എച്ച്എം വെളിപ്പെടുത്തിയിരുന്നെങ്കിലും ലോകബാങ്ക് വച്ചുനീട്ടിയ കോടികളിൽ മാത്രമായിരുന്നു സിപിഐ(എം)ന്റെ കണ്ണ് എന്നതുകൊണ്ട് എൻആർഎച്ച്എമ്മിന്റെ പ്രത്യാഘാതങ്ങൾ അവർക്ക് വിഷയമായിരുന്നില്ല. ലോകബാങ്കിന്റെ കാശുകൊണ്ട് കെട്ടിടങ്ങളും കരാറടിസ്ഥാനത്തിലാണെങ്കിലും പേരിനെങ്കിലും ഡോക്ടർമാരും ആശുപത്രികളിലെത്തിയപ്പോൾ ജനങ്ങളും സന്തുഷ്ടരായി.

എൻആർഎച്ച്എം ദൗത്യം പൂർത്തീകരിച്ച് എൻഎച്ച്എംന്റെ ഊഴമെത്തിയപ്പോൾ കേരളത്തിലെ പൊതുജനാരോഗ്യരംഗത്തെ പ്രതിസന്ധികൾ മൂർഛിച്ച്, സർക്കാർ ആശുപത്രികളുടെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയായിരിക്കുന്നു.

ലോകപ്രശസ്തി നേടിയതും തനതായി വികസിച്ചുവന്നതുമായ ഒരു പൊതുജനാരോഗ്യ സംവിധാനമാണ് കേരളത്തിനുണ്ടായിരുന്നത്. ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, ശരാശരി മനുഷ്യായുസ്സ്, രോഗപ്രതിരോധം, പകർച്ചവ്യാധികളുടെ നിയന്ത്രണം തുടങ്ങി പൊതുജനാരോഗ്യത്തെ അളക്കാനുള്ള ഏത് മാനദണ്ഡമെടുത്താലും വികസിതരാജ്യങ്ങളോടു തുലനം ചെയ്യാവുന്ന വികാസം കേരളം നേടിയിട്ടുണ്ട്. പരാധീനതകൾ ഉണ്ടായിരുന്നില്ല എന്നല്ല. ലോകബാങ്കിൽനിന്ന് ഭീമമായ വായ്പപറ്റി പ്രവർത്തിക്കുന്ന ഒരു പൊളിച്ചെഴുത്തിനുംമാത്രം ദുർബലമായിരുന്നില്ല അടിത്തറ എന്നതാണ് സത്യം. കാലാകാലങ്ങളിൽ ഭരിച്ചിറങ്ങിയവരുടെ കുറ്റകരമായ അനാസ്ഥകൊണ്ടുണ്ടായ പരിമിതികളായിരുന്നു പൊതുജനാരോഗ്യരംഗം അഭിമുഖീകരിച്ചിരുന്നത്. നല്ല കെട്ടിടങ്ങൾ നിർമ്മിച്ചും ആവശ്യത്തിന് ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് സ്റ്റാഫിനെയും നിയമിച്ചും ആധുനിക ചികിത്സാസംവിധാനങ്ങൾ ഏർപ്പെടുത്തിയും നിസ്സാരമായി മറികടക്കാവുന്നതേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ സംഭവിച്ചത് അതല്ല.

## ആരോഗ്യരംഗത്തെ കോർപ്പറേറ്റ് ഇടപെടലുകൾ

ആരോഗ്യരംഗത്തെ മുതൽമുടക്കിന്റെ സാധ്യത മനസ്സിലാക്കിയ കോർപ്പറേറ്റുകളുടെ ഇടപെടലാണ് എൻആർഎച്ച്എം. ജനറൽ എഗ്രിമെന്റ് ഓൺ ട്രേഡ് ഇൻ സർവീസസ് അഥവാ ഗാട്ട്സ് നിലവിൽവന്നതോടെ വിദ്യാഭ്യാസ ആരോഗ്യരംഗങ്ങൾ ഉൾപ്പടെ സേവനമേഖലകൾ ഉദാരവത്ക്കരണത്തിന്റെയും സ്വകാര്യവത്ക്കരണത്തിന്റെയും പിടിയിലായി. രോഗവും മരണവുമെല്ലാം ചരക്കായി മാറ്റപ്പെടുകയും ഈ മേഖലയിൽ കണിശതയോടെ കച്ചവടം നടത്തുന്ന ഒരു പുതിയ ആരോഗ്യസംസ്കാരവും ഒരു സ്വകാര്യ ആരോഗ്യപരിപാലന സംവിധാനവും ഗാട്സിലൂടെ രംഗപ്രവേശം ചെയ്തു. അതാണ് എൻആർഎച്ച്എം അഥവാ ആരോഗ്യകേരളം എന്ന ഓമനപ്പേരിൽ ഇടതുമുന്നണി കേരളത്തിലെ ലബ്ധപ്രതിഷ്ഠിതമായ ആരോഗ്യരംഗത്ത് കുടിയിരുത്തിയതും.

കേന്ദ്ര-സംസ്ഥാന ആരോഗ്യ മന്ത്രാലയങ്ങളിലൂടെയാണ് നീങ്ങുന്നതെങ്കിലും നിലവിലുള്ള സംവിധാനങ്ങൾക്ക് സമാന്തരമായും അവയെ മറികടന്നുമാണ് എൻഎച്ച്എം പ്രവർത്തിക്കുന്നത്. എൻഎച്ച്എമ്മിലൂടെയല്ലാതെ പൊതുജനാരോഗ്യരംഗത്ത് ഇടപെടലുകൾ ഇന്ന് സാധ്യമല്ലാതായിരിക്കുന്നു. സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്നതും പതിറ്റാണ്ടുകളിലൂടെ രൂപപ്പെട്ടുവന്നതുമായ പൊതുജനാരോഗ്യ സംവിധാനത്തെ ഇടിച്ചുനിരത്തി തത്സ്ഥാനത്ത് പഞ്ചായത്തുകളെ പ്രതിഷ്ഠിച്ച് ഉത്തരവാദിത്തങ്ങൾ കൈമാറി. പഞ്ചായത്തുകൾക്ക് ഇത് താങ്ങാനാവില്ല എന്നത് ഏവർക്കുമറിയാം. പഞ്ചായത്തുകളെ ഭരമേൽപ്പിക്കുന്നതിന്റെ താൽപര്യം പിന്നെ എന്താണ്? എൻആർഎച്ച്എം ഏഴുവർഷംകൊണ്ട് കാലാവധി പൂർത്തിയാക്കുന്നമുറയ്ക്ക് ആർക്കിടെക്ചറൽ കറക്ഷൻ അഥവാ പൊളിച്ചടുക്കൽ പൂർത്തിയാക്കണം എന്നുസാരം. എൻആർഎച്ച്എം കൈയൊഴിയുമ്പോൾ സർക്കാർ സംവിധാനത്തിന്റെ തകർച്ച പൂർണ്ണമായിരിക്കും.

സ്വാഭാവികമായും പിന്നെ സ്വകാര്യ ആശുപത്രികളുടെ ഊഴമായിരിക്കുമല്ലോ. സ്വകാര്യമേഖലയുടെ പങ്കാളിത്തമില്ലാതെ പൊതുജനാരോഗ്യം അസാധ്യമാണ് എന്ന സ്ഥിതിയിൽ കാര്യങ്ങൾ എത്തിക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കപ്പെടുകയാണ് ഈ നടപടികളിലൂടെ. ആഗോളവത്ക്കരണത്തിന്റെ തത്വശാസ്ത്രംതന്നെ പൊതു സ്വകാര്യ പങ്കാളിത്തം അഥവാ പിപിപി ആണ്. എൻആർഎച്ച്എം മുന്നോട്ടുവെക്കുന്ന പുതിയ ആരോഗ്യസ്ഥാപനമായ ജില്ലാ ഹെൽത്ത് മിഷനിൽ സ്വകാര്യമേഖലയുടെ പ്രതിനിധിയുണ്ടായിരിക്കണം എന്നും പൊതു സ്വകാര്യ പങ്കാളിത്തത്തിന് മാർഗ്ഗരേഖ ഉണ്ടാക്കണമെന്നും പങ്കാളിത്തത്തിന്റെ മേഖലകൾ നിർണയിക്കണമെന്നും പങ്കാളിത്തത്തിന്റെ ചട്ടക്കൂട് നിർമ്മിക്കുന്നതിനും മുന്നോട്ടു കൊണ്ടുപോകുന്നതിനും പൊതുമേഖല മുൻകൈയെടുക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. സ്വകാര്യമേഖലയെ തന്നെ പൊതുജനാരോഗ്യത്തിന്റെ ഭാഗമായി ചിത്രീകരിക്കുകയാണ് ഈ നീക്കങ്ങളും നടപടികളും.

വിദ്യാഭ്യാസംപോലെതന്നെ ആരോഗ്യവും വിലയ്ക്കുവാങ്ങേണ്ടിയിരിക്കുന്നു. പിഎച്ച്സികൾ മുതൽ മെഡിക്കൽ കോളജുകൾവരെ നീണ്ടുകിടക്കുന്ന സുശക്തമായ സർക്കാർ സംവിധാനത്തെ തകർത്ത് ഒരു സമാന്തര സംവിധാനം സ്ഥാപിക്കുക, സ്വകാര്യമേഖലയ്ക്ക് ആരോഗ്യരംഗം കൈമാറുക, വിശേഷിച്ചും കുത്തകകൾക്ക് കൈമാറുക എന്ന ആഗോളവത്ക്കരണത്തിന്റെയും എൻആർഎച്ച്എംന്റെയും കുടിലതലക്ഷ്യം സമ്പൂർണ്ണമായും ഇതിലൂടെ സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

'ആശ'യും 'ആയുഷും', ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ, ജില്ലാ ഹെൽത്ത് മിഷൻ, ദേശീയ സംസ്ഥാന മിഷനുകൾ തുടങ്ങിയവയെല്ലാം ഈ സമാന്തര സംവിധാനത്തിന്റെ ഘടകങ്ങളാണ്. ആരോഗ്യവകുപ്പിന്റെ കീഴിലുണ്ടായിരുന്ന മുഴുവൻ സംവിധാനങ്ങൾക്കും സമാന്തരമായി മറ്റു സംവിധാനങ്ങളും സ്ഥാപനങ്ങളും ഇതിനകം ആവിഷ്ക്കരിക്കപ്പെട്ടു കഴിഞ്ഞു.




സർക്കാർ ആശുപത്രികളിലെ മരുന്നു ക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ മെഡിക്കൽ കോളജ് ആശുപത്രി ജംഗ്ഷനിൽ നടന്ന ധർണ്ണ ജില്ലാ സെക്രട്ടറി സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ

എൻആർഎച്ച്എംലൂടെ കടന്നുവന്ന പുതിയ പ്രതിഭാസമാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ. യഥാർത്ഥത്തിൽ അതിന്റെ ആവശ്യമെന്താണ്? മെഡിക്കൽ കോളജുകൾ മുതൽ പിഎച്ച്സികളും എഫ്എച്ച്സികളും സിഎച്ച്സികളുംവരെ എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യത്തിനു ഡോക്ടർമാർ, നഴ്സുമാർ, ഇതര ജീവനക്കാർ, ആധുനിക ചികിത്സാസംവിധാനങ്ങൾ എന്നിവയൊക്കെ ഏർപ്പെടുത്തിയാൽ ജനങ്ങൾക്ക് ഏറ്റവും ആധുനികമായ ചികിത്സ ലഭ്യമാക്കാം. വൈദ്യശാസ്ത്രം ദിനേന വളരുകയും വികാസം പ്രാപിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്റെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ലഭ്യമാകുവാൻ ഇതുപകരിക്കും. നീണ്ടുനിൽക്കുന്നതും ചെലവേറിയതുമായ ചികിത്സകൾക്കായി വൻതുക രോഗികളുടെയും ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും മുൻകൈയിൽ പിരിവെടുക്കുന്നതിലുള്ള ദൈന്യതയും അതിലൂടെ സ്വകാര്യ ആശുപത്രികൾക്ക് കച്ചവടം ഉറപ്പാക്കുക എന്നതും ഒഴിവാക്കാം.

സാധാരണജനങ്ങളുടെ ഒരേയൊരു ആശ്രയമായിരുന്നതും സംസ്ഥാനസർക്കാരിന്റെ സമ്പൂർണ ചുമതലയിലും ചെലവിലും നിർവഹിക്കപ്പെട്ടുപോന്നിരുന്നതുമായ പൊതുജനാരോഗ്യസംവിധാനത്തെ സേവനാടിസ്ഥാനത്തിൽ വിലനിശ്ചയിച്ച് കച്ചവടത്തിന് വയ്ക്കാനും, പതിറ്റാണ്ടുകളായി സർക്കാർ നൽകിപ്പോന്നിരുന്ന ആരോഗ്യപരിരക്ഷയും സൗജന്യചികിത്സയും എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കുവാനും ജനങ്ങളുടെ രോഗവും ചികിത്സയും കമ്പോളശക്തികൾക്ക് കൈമാറാനുമുള്ള ചുവടുവയ്പ്പാണ് ഇൻഷ്വറൻസ് പദ്ധതികൾ.

1960ലെ കേരള ഗവൺമെന്റ് സർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് നിയമംവഴി ഉറപ്പാക്കപ്പെട്ടിരുന്നതാണ് സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ആരോഗ്യപരിരക്ഷ. സർക്കാർ ജീവനക്കാരുടെ ആരോഗ്യപരിരക്ഷ സർക്കാരിന്റെ ഉത്തരവാദിത്തമായിരുന്നു. എന്നാൽ പത്താം ശമ്പളക്കമ്മീഷന്റെ നിർദ്ദേശപ്രകാരം ജീവനക്കാരും ഇൻഷ്വറൻസിന്റെ പരിധിയിലായി. ഈ പേരിൽ കേരളത്തിലെ സർക്കാർ ജീവനക്കാരെ മെഡിസെപ്പ് എന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാക്കുകവഴി അവരുടെ ചികിത്സാഉത്തരവാദിത്തം സർക്കാർ കൈയൊഴിഞ്ഞു.

## സ്റ്റാഫ് പാറ്റേൺ പുതുക്കി സർക്കാർ ആശുപത്രികളെ ശക്തിപ്പെടുത്തുക

സർക്കാർ ആശുപത്രിയിലെ ഡോക്ടർമാരും നഴ്സുമാരും ജോലി ചെയ്യുന്നുണ്ട് എന്ന് സർക്കാർ ഉറപ്പാക്കണമെന്ന് ലോകായുക്ത ഉത്തരവിട്ടിരിക്കുകയാണ്. രോഗികളുടെ എണ്ണം വർദ്ധിക്കുന്നു, ജീവിതശൈലീരോഗങ്ങളും പുതിയ പകർച്ചവ്യാധികളും വ്യാപകമാകുന്നു എന്നിങ്ങനെയുള്ള സാഹചര്യങ്ങളെ അഭിസംബോധന ചെയ്യാനുള്ള സംവിധാനം ഒരു സർക്കാർ ആശുപത്രികളിലുമില്ല. ഡോക്ടർമാരോ, നഴ്സുമാരോ, ടെക്നീഷ്യൻമാരും പാരാമെഡിക്കൽ സ്റ്റാഫുമുൾപ്പെടെ ആവശ്യത്തിനുവേണ്ട ജീവനക്കാരോ ഒരു സർക്കാർ ആശുപത്രിയിലുമില്ല. ആധുനിക ചികിത്സാസംവിധാനങ്ങൾ പലതും സർക്കാർ മെഡിക്കൽ കോളജുകളിലില്ല. 1964 ലെ സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോഴും ഉള്ളത്. സ്ഥിരനിയമനങ്ങൾ വളരെ അപൂർവമായി മാത്രമാണ് നടക്കുന്നത്. ആരോഗ്യകേരളം പദ്ധതിയുടെ കീഴിലുള്ള നിരവധിയായ ഇതരപദ്ധതികൾക്കുവേണ്ടി ചുരുക്കം സ്റ്റാഫിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു എന്നതാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. മെഡിക്കൽ കോളേജ് അടക്കമുള്ള ആശുപത്രികളിൽ എല്ലാ നിയമനങ്ങളും സർവീസുകളും ആശുപത്രിവികസന സമിതികളുടെ കീഴിലാണ്. സെക്യൂരിറ്റി സ്റ്റാഫ് മുതൽ ഐസിയുവിലെ ക്ലീനിങ് സ്റ്റാഫുകൾ അടക്കം എല്ലാം കരാർ നിയമനങ്ങളാണ്. സ്റ്റാഫിനെ സപ്ലൈ ചെയ്യാൻ നിരവധി ഏജൻസികളുമുണ്ട്. ഇപ്പോൾ തൊഴിൽ സുരക്ഷിതത്വമില്ല എന്നുമാത്രമല്ല ജോലി ചെയ്യുവോളം കരാർ ജോലിയുമായിരിക്കും എന്നതാണ് സ്ഥിതി.

ഡോക്ടർമാരും ദേശീയ ഉപഭോക്തൃനിയമത്തിന്റെ പരിധിയിൽ വന്നതോടുകൂടി ഡോക്ടർ-രോഗി ബന്ധം പ്രതിസന്ധിയിലായി. ഡോക്ടർമാർ ആക്രമിക്കപ്പെടുക എന്നത് നിത്യസംഭവമായി മാറിയിരിക്കുന്നു. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലൂടെ കേരളത്തിലെ ആരോഗ്യമേഖലയുടെ വളരെ പ്രധാനപ്പെട്ട ഘടകമായ ക്ലിനിക്കുകൾക്കും ഇടത്തരം ആശുപത്രികൾക്കും നിയന്ത്രണമാകുകയാണ്. ചികിത്സാരംഗം കുത്തകകളുടെ കൈപ്പിടിയിലേയ്ക്കാണ് നീങ്ങുന്നത്. കോവിഡ് ദുരിതബാധിതകാലത്ത് സ്വകാര്യ ആശുപത്രികൾ ഒന്നും തന്നെ പ്രവർത്തനരംഗത്തുണ്ടായിരുന്നില്ല, അടച്ചുപൂട്ടിയിട്ടു. കോവിഡ് രോഗികളെ ചികിത്സിച്ചുമില്ല. പരാധീനതകൾക്കുനടുവിൽ നിന്ന് ജീവൻ പണയംവച്ച് രോഗികളെ പരിചരിക്കാൻ സർക്കാർ ആശുപത്രിയിലെ ഡോക്ടർമാരെ ഉണ്ടായിരുന്നുള്ളൂ.

ജീവൻരക്ഷാഔഷധങ്ങളുടെ വില വീണ്ടും ഭീമമായി വർദ്ധിച്ചിരിക്കുമ്പോൾ ഒപിയിൽ വിതരണം നടത്തുന്ന മരുന്നുകൾക്ക് ജിഎസ്ടി ഏർപ്പെടുത്തിക്കൊണ്ടും ഉത്തരവായിരിക്കുന്നു. കിടത്തിച്ചികിത്സയുടെ ഭാഗമായുള്ള മരുന്നുകൾക്കുള്ള നികുതിയിളവ് ഒപിവിഭാഗത്തിന് കൊടുക്കാനാകില്ല എന്ന ഉത്തരവ് തമിഴ്നാട് അതോറിറ്റി ഓഫ് അഡ്വാൻസ്ഡ് റൂളിങ്ങിന്റേതാണ്. ചരക്കുസേവന നികുതികൾ സംബന്ധിച്ച് സംസ്ഥാന അതോറിറ്റികൾ നൽകുന്ന ഉത്തരവുകൾ രാജ്യത്തിന് ആകമാനം ബാധകവുമാണ്. പേറ്റന്റ് നിയമത്തിൽ വന്നിരിക്കുന്ന ഭേദഗതിയാണ് ജീവൻരക്ഷാ ഔഷധങ്ങളുടെ വിലവർദ്ധനവിന്റെ പ്രധാന കാരണം. ചുരുക്കത്തിൽ സർക്കാർ ആശുപത്രികൾ സാധാരണക്കാരന് അന്യമാകുകയാണ്. നീണ്ടുനിൽക്കുന്നതും ചെലവേറിയതുമായ ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടുന്ന ഗതികേടിലേയ്ക്ക് ജനങ്ങൾ ഒന്നാകെ തള്ളിവിടപ്പെടുകയാണ്. ചികിത്സാചെലവിനുള്ള ഭീമമായ തുക കണ്ടെത്താൻ മറ്റുള്ളവരുടെ ദയയ്ക്ക് യാചിക്കേണ്ടിവരുന്ന ഗതികേടിനെ മറികടക്കുവാൻ സംഘടിക്കുക എന്നതല്ലാതെ ജനങ്ങളുടെ മുന്നിൽ മറ്റു മാർഗ്ഗമൊന്നുമില്ല. ■

**മാനവ മോചനത്തിന്റെ ഒരേയൊരു പാത മാർക്സിസം–ലെനിനിസം–ശിബ്ദാസ് ഘോഷ് ചിന്തകൾ**

# ഉയർന്ന സംസ്കാരത്തിലധിഷ്ഠിതമായ രാഷ്ട്രീയം മാത്രമേ ജനമോചനത്തിലേക്ക് നയിക്കൂ

(ഏപ്രിൽ 24ന് കൊൽക്കത്തയിൽ നടന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ 75-ാം സ്ഥാപന ദിനാചരണയോഗത്തിൽ ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നടത്തിയ പ്രഭാഷണത്തിന്റെ മലയാള പരിഭാഷയുടെ രണ്ടാം ഭാഗം.)

## മുതലാളി വർഗ്ഗത്തിന് വിലയ്ക്കെടുക്കാൻ കഴിയാത്ത ഒരേയൊരു പാർട്ടി നമ്മുടേതാണ്

ശരിയാണ്, നമ്മളും തെരഞ്ഞെടുപ്പിൽ മത്സരിക്കാറുണ്ട്. ജനങ്ങൾക്ക് ബൂർഷ്വാ തെരഞ്ഞെടുപ്പുകളിൽ വിശ്വാസം നഷ്ടപ്പെട്ട് അവർ രാഷ്ട്രീയ ബോധമുള്ളവരായി തീരുന്നതുവരെ വിപ്ലവകാരികൾക്കും തെരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ടി വരും എന്ന് മഹാനായ ലെനിൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. നിയമനിർമ്മാണ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടാലും ജീവിതത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളൊന്നും തന്നെ പരിഹരിക്കാൻ സാധിക്കുകയില്ല എന്ന കാര്യം ജനങ്ങളെ ബോധ്യപ്പെടുത്താൻ വിപ്ലവ പാർട്ടികളും തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ ഒരു വിപ്ലവ പാർട്ടി ബൂർഷ്വാ സംവിധാനത്തിനകത്ത് സർക്കാരിൽ പങ്കാളിയാകേണ്ട പ്രത്യേക സന്ദർഭം ലെനിന് അഭിമുഖീകരിക്കേണ്ടി വന്നിരുന്നില്ല. അതിനാൽ ഈ വിഷയത്തിൽ അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അദ്ദേഹം നൽകിയിട്ടില്ല. 1967ൽ പശ്ചിമബംഗാളിൽ ജനങ്ങൾ കോൺഗ്രസിനെ തോൽപ്പിച്ച് നമ്മളും മറ്റ് ഇടതുപാർട്ടികളും ഉൾപ്പെടുന്ന ഐക്യമുന്നണിയെ അധികാരത്തിലേറ്റി. ഗവൺമെന്റ് രൂപീകരിക്കാനുള്ള അവസരം വന്നപ്പോൾ സഖാവ് ശിബ്ദാസ് ഘോഷ്, നമുക്ക് കിട്ടുന്ന അവസരവും പരിമിതമായ വിഭവങ്ങളും പാവങ്ങളുടെ ഉന്നമനത്തിനായി ഉപയോഗിക്കണമെന്ന് ലെനിന്റെ പാഠങ്ങൾ വിപുലീകരിച്ചുകൊണ്ട് പറഞ്ഞു. എന്നുമാത്രമല്ല ഇടതു ഗവൺമെന്റ് വർഗ്ഗ-ബഹുജന സമരങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തണമെന്നും തൊഴിലാളികളുടെയും കർഷകരുടെയും ന്യായമായ സമരങ്ങളിൽ പോലീസിനെ ഇടപെടാൻ അനുവദിക്കരുതെന്നും നാം നിലപാട് എടുത്തു. എന്നാൽ സഖാവ് ശിബ്ദാസ് ഘോഷിന്റെ ഈ നിർദ്ദേശത്തെ സിപിഐ(എം)ഉം കൂടെയുണ്ടായിരുന്ന സിപിഐ, ആർഎസ്പി, ഫോർവേഡ് ബ്ലോക്ക്, ബംഗ്ലാ കോൺഗ്രസ് എന്നീ പാർട്ടികളും ശക്തിയുക്തം എതിർത്തു. അങ്ങനെയാണെങ്കിൽ നമ്മൾ ഗവൺമെന്റിൽ ചേരുന്നില്ല എന്ന് സഖാവ് ഘോഷ് തീരുമാനിച്ചു. ഇത് സംഭവിക്കുന്നതിന് ഏതാനും വർഷങ്ങൾക്കു മുൻപ് മാത്രമാണ് സിപിഐ(എം) അന്നത്തെ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും പുറത്തുവന്നത്. തങ്ങളാണ് കൂടുതൽ വിപ്ലവകാരികൾ എന്ന് അവകാശപ്പെട്ടുകൊണ്ടും എസ്.എ.ഡാങ്കെയുടെ നേതൃത്വത്തെ പിന്തിരിപ്പൻമാർ എന്ന് ആക്ഷേപിച്ചുകൊണ്ടുമാണ് അവർ പാർട്ടി പിളർത്തി പുറത്തുവന്നത്. ആയതിനാൽത്തന്നെ അക്കാലത്തെ സിപിഐ(എം) കേഡർമാർ വിപ്ലവം വരാൻ അക്ഷമയോടെ കാത്തിരിക്കുകയായിരുന്നു. നമ്മുടെ പാർട്ടിയുമായി ബന്ധം വിച്ഛേദിച്ചാൽ തങ്ങളുടെ അണികളിൽ നിന്ന് ചോദ്യങ്ങൾ നേരിടേണ്ടി വരുമെന്ന് സിപിഐ(എം) നേതാക്കൾക്ക് മനസ്സിലായി. അതിനാൽ ഒടുവിൽ അവർക്ക് നമ്മുടെ നിർദ്ദേശങ്ങൾ അംഗീകരിക്കേണ്ടിവന്നു. നമ്മളെ പോലൊരു കൊച്ചു പാർട്ടിക്ക് ഇക്കാര്യത്തിൽ വലുതായി ഒന്നും ചെയ്യാൻ സാധിക്കില്ല എന്നവർ കരുതിയിരിക്കണം. നമ്മളെ ഒന്ന് ബുദ്ധിമുട്ടിക്കുന്നതിനുവേണ്ടി തൊഴിൽ വകുപ്പ് തന്നെയാണ് അവർ നമുക്ക് തന്നത്. സഖാവ് സുബോധ് ബാനർജി ആയിരുന്നു തൊഴിൽ വകുപ്പ് മന്ത്രി. സഖാവ് ശിബ്ദാസ് ഘോഷിന്റെ നിർദ്ദേശപ്രകാരം ഐക്യമുന്നണി ഗവൺമെന്റ് തൊഴിൽ സമരങ്ങൾ അടിച്ചമർത്തില്ല എന്ന് സുബോധ് ബാനർജി തൊഴിൽ നയം പ്രഖ്യാപിച്ചു. ഇത് രാജ്യമെമ്പാടുമുള്ള വ്യവസായ കുടുംബങ്ങളെ ശരിക്കും വിറപ്പിച്ചു. എസ്‌യുസിഐ(സി)യെ ഗവൺമെന്റിൽനിന്നും പുറത്താക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

വ്യാവസായിക കുത്തകകളുടെ ആവശ്യപ്രകാരം കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ ഐക്യമുന്നണി സർക്കാരിനെ അട്ടിമറിച്ചു. എന്നാൽ 1969 രണ്ടാമതും ഐക്യമുന്നണി തന്നെ അധികാരത്തിൽ വന്നു. പക്ഷേ, വ്യവസായികളിൽ നിന്നുള്ള സമ്മർദ്ദത്താൽ ഇത്തവണ തൊഴിൽ വകുപ്പ് നമുക്ക് തരാൻ സിപിഐ(എം) തയ്യാറായില്ല. ഇതെല്ലാം ചരിത്രമാണ്. ഈ ചരിത്രം നിങ്ങൾ അറിയേണ്ടതുണ്ട്.

ഇപ്പോഴും സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളുടെ അടിസ്ഥാനത്തിൽ നാം തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നു. ഒരു സീറ്റോ എന്തിന് ഒരു വോട്ട് പോലും ലഭിച്ചില്ലെങ്കിൽപോലും ഞാൻ വിപ്ലവ പ്രവർത്തനം അവസാനിപ്പിക്കാൻ പോകുന്നില്ലെന്ന് സഖാവ് ശിബ്ദാസ് ഘോഷ് അസന്നിഗ്ധമായി പറഞ്ഞിട്ടുണ്ട്. നമ്മുടെ പാർട്ടി മുന്നോട്ടുപോകുന്നത് പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ചിട്ടാണെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം; എന്തിന് ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാം. വീടു വീടാന്തരം കയറിയിറങ്ങിയും തെരുവുകളിൽ നിന്നും നമ്മുടെ സഖാക്കൾ പണം സമാഹരിക്കുന്നു. ഇലക്ഷനിൽ കെട്ടിവെക്കാനുള്ള തുകപോലും നാം കണ്ടെത്തുന്നത് ഇങ്ങനെയാണ്. ഇങ്ങനെ പൊതുജനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്ന ഏക പാർട്ടി നമ്മുടേതാണ്. ഇന്നത്തെ ഈ മീറ്റിങ്ങിനായിപോലും നമ്മുടെ പ്രവർത്തകർ നഗരങ്ങളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും പണം സമാഹരിച്ചിരിക്കുന്നു. അംബാനി-അദാനി-ടാറ്റ-ബിർള മാർക്ക് വിലക്കെടുക്കാൻ കഴിയാത്ത ഏക പാർട്ടി നമ്മുടേതാണ്. മർദ്ദിത കോടികളുടെ പാർട്ടിയാണ് നമ്മുടെ പാർട്ടി. അവരുടെ സഹായത്താലാണ് നാം നിലനിൽക്കുന്നത്. അവരുടെ പണം കൊണ്ടാണ് നാം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. 2001ൽ സീറ്റ് നീക്കുപോക്ക് നടത്താം എന്ന ഒരു വാഗ്ദാനം സിപിഐ(എം) നമുക്കു മുൻപിൽ വച്ചിരുന്നു. പക്ഷേ അവരുടെ വലതുപക്ഷ ജനവിരുദ്ധ നിലപാടുകൾ കാരണം ആ വാഗ്ദാനം നാം നിരസിച്ചു. 2011ൽ തൃണമൂൽ കോൺഗ്രസും നമുക്ക് മന്ത്രിസഭയിൽ പങ്കാളിത്തം വാഗ്ദാനം ചെയ്തിരുന്നു. നമ്മൾ അതും നിരസിച്ചു. നമ്മുടേത് മന്ത്രിസ്ഥാനത്തിനോ എംഎൽഎ, എംപി സീറ്റുകൾക്ക് വേണ്ടിയോ എന്തും ചെയ്യുന്ന ഒരു പാർട്ടി അല്ല. നമ്മുടെ പാർട്ടിയുടെ കരുത്ത് എംഎൽഎമാരുടെയോ എംപിമാരുടെയോ എണ്ണത്തിലോ, അധികാരത്തിന്റെ ബലത്തിലോ, മാധ്യമ പിന്തുണയിലോ ഒന്നുമല്ല.

ഒരുപാട് കാലം മുൻപ്, 1948ൽ സഖാവ് ശിബ്ദാസ് ഘോഷ് വിരലിലെണ്ണാവുന്ന ഏതാനും ചില വിപ്ലവ സഹപ്രവർത്തകരോടു ചേർന്ന് സ്ഥാപിച്ചതാണ് നമ്മുടെ പാർട്ടി. പശ്ചിമബംഗാളിലെ 24 സൗത്ത് പർഗാന ജില്ലയിൽ ജയ്നഗർ എന്ന ടൗണിലെ ഒരു കൊച്ചു ഹാളിൽ വച്ചാണ് നമ്മുടെ പാർട്ടി സ്ഥാപിക്കപ്പെട്ടത്. അക്കാലത്ത് നമ്മുടെ പാർട്ടിയുടെ പേര് പോലും ആർക്കും അറിയില്ലായിരുന്നു. ഒരു പത്രത്തിലും പാർട്ടിയെക്കുറിച്ചുള്ള ഒരു വാർത്തയും വന്നിരുന്നില്ല. ഇന്നും മാദ്ധ്യമങ്ങൾ നമുക്ക് ഒരു കവറേജും തരാറില്ല. തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട് സിപിഐ(എം) ഇപ്പോൾ വല്ലാതെ ദുർബലമായ അവസ്ഥയിലാണ്. എന്നാൽ നമ്മുടെ പാർട്ടി സ്ഥാപിക്കുന്ന സമയത്ത് അവിഭക്ത സിപിഐ വലിയ കരുത്തുറ്റ പാർട്ടിയായിരുന്നു. മഹാന്മാരായ സ്റ്റാലിന്റെയും മാവോ സേ തുങ്ങിന്റെയും പിന്തുണ അവർക്കായിരുന്നു. രാജ്യം മുഴുവൻ അവർക്ക് സ്വാധീനമുണ്ടായിരുന്നു. നേതാജി സുഭാഷ്ചന്ദ്ര ബോസ് സ്ഥാപിച്ച ഫോർവേഡ് ബ്ലോക്ക്, അനുശീലൻ സമിതിയുടെ പിന്തുണയോടെ സ്ഥാപിക്കപ്പെട്ട ആർഎസ്പി, സൗമൻ താക്കൂർ സ്ഥാപിച്ച ആർസിപിഐ തുടങ്ങിയവ അന്നത്തെ വമ്പൻ പാർട്ടികൾ ആയിരുന്നു. അവരെല്ലാം സഖാവ് ശിബ്ദാസ് ഘോഷിനെ പരിഹസിച്ചു: "ഒരു കൂൺ മുളച്ചിരിക്കുന്നു", "എസ്‌യുസിഐ ഒരു പാർട്ടിയല്ല, ഒരു ക്ലബ്ബ് മാത്രമാണ്", എന്നൊക്കെ. സഖാവ് ശിബ്ദാസ് ഘോഷ് അതിനൊന്നും മറുപടി പറയാൻ പോയില്ല. ഈ നിന്ദയും അവഹേളനവും എല്ലാം അദ്ദേഹം നിശബ്ദമായി സഹിക്കുകയായിരുന്നു. പാർട്ടി കെട്ടിപ്പടുക്കുവാനുള്ള തീവ്രമായ ഒരു സമരത്തിൽ പൂർണ്ണമായും ആമഗ്നരായിരുന്നു അവരെല്ലാം. അക്കാലത്ത് അദ്ദേഹത്തിന് താമസിക്കാൻ സ്ഥിരമായ ഒരു സ്ഥലം ഉണ്ടായിരുന്നില്ല. പല രാത്രികളിലും അദ്ദേഹം ഫുട്പാത്തിലും റെയിൽവേ പ്ലാറ്റ്ഫോമുകളിലും കൽക്കത്തയിലെ ഹോൾസെയിൽ മാർക്കറ്റിന്റെ ടെറസിലും കഴിച്ചുകൂട്ടി. ദിവസങ്ങളോളം പട്ടിണി കിടന്നു. ചില ദിവസങ്ങളിൽ ഒരു നയാ പൈസ പോലും സമാഹരിക്കാൻ തനിക്ക് കഴിഞ്ഞിരുന്നില്ല എന്ന് സഖാവ് ശിബ്ദാസ് ഘോഷ് തന്നെ പിന്നീട് പറഞ്ഞിട്ടുണ്ട്. ഇന്നിതാ നാം ഇവിടെ ഒരു വലിയ സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നു. നമ്മളെല്ലാം നല്ല കസേരകളിൽ ഇരിക്കുന്നു. സഖാവ് ശിബ്ദാസ് ഘോഷ് അക്കാലത്ത് ഒരു പുതിയ സഖാവിനെ പാർട്ടിയിലേക്ക് കണ്ടെത്താൻ വേണ്ടി മൈലുകളോളം കാൽനടയായി നടന്നു പോകുമായിരുന്നു.

ഞാൻ പാർട്ടിയിൽ എത്തുന്നത് 1950 ലാണ്. എന്റെ ഉറ്റ സഖാവായ അസിത് ഭട്ടാചാര്യ ഏതാനും വർഷങ്ങൾക്കു ശേഷം പാർട്ടിയിൽ ചേർന്നു. എന്റെ സ്കൂളിൽ ഞാൻ ഒരിക്കൽ ഒരു മീറ്റിംഗ് സംഘടിപ്പിച്ചു. സഖാവ് ശിബ്ദാസ് ഘോഷ് വൈകിയാണ് ആ പരിപാടിക്ക് എത്തിച്ചേർന്നത്. അതിന്റെ കാരണം അന്വേഷിച്ചപ്പോഴാണ് ഞങ്ങൾ അറിയുന്നത്, സഖാവ് ശിബ്ദാസ് ഘോഷിനും സഖാവ് നിഹാർ മുഖർജിക്കും ധരിക്കാൻ ഒരു ഷർട്ട് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആർക്കെങ്കിലും പുറത്തു പോകണമെങ്കിൽ ആ ഷർട്ട് തന്നെ വേണം. അന്ന് സഖാവ് നിഹാർ മുഖർജി പുറത്തുപോയി തിരിച്ചു വരാൻ വൈകിയതു കാരണം സഖാവ് ഘോഷിന് സമയത്ത് ഞങ്ങളുടെ യോഗത്തിൽ എത്താൻ പറ്റിയില്ല. സഖാവ് ശിബ്ദാസ് ഘോഷിനെ ഒരുകാലത്ത് പരിഹസിച്ച ആർഎസ്പി, ഫോർവേഡ് ബ്ലോക്ക്, ആർസിപിഐ മുതലായ പാർട്ടികൾ ഇന്നെവിടെ? സിപിഐ(എം)നെ പോലും ഇന്ന് കാണാനുണ്ടോ? വളരെ വേഗത്തിൽ അവരുടെ ശക്തി ക്ഷയിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ പാർട്ടിയാവട്ടെ വളർന്നുകൊണ്ടുമിരിക്കുന്നു. പശ്ചിമബംഗാളിൽ നമ്മുടെ പേര് ബഹുമാനത്തോടെ ഉച്ചരിക്കാത്ത ഒരു മുക്കും മൂലയും ഇല്ല. സഖാവ് ശിബ്ദാസ് ഘോഷ് എന്നത് ഇന്ന് ഏറെ ആദരിക്കപ്പെടുന്ന ഒരു നാമധേയമാണ്. വെറും ഒരു ക്ലബ്ബ് എന്ന് അവർ പരിഹസിച്ച പാർട്ടി ഇന്ന് 23 സംസ്ഥാനങ്ങളിൽ സ്ഥാപനദിനം ആചരിക്കുന്നു. ഇവിടെ നിങ്ങൾ കാണുന്നതുപോലെ ആയിരക്കണക്കിന് പാർട്ടി പ്രവർത്തകർ ഇന്ത്യ എമ്പാടും വിനയപൂർവ്വം സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിത്രത്തിനു മുൻപിൽ പൂക്കളർപ്പിച്ചും ചെങ്കൊടി ഉയർത്തിപ്പിടിച്ചും നമ്മുടെ സ്ഥാപനദിനം കൊണ്ടാടുന്നു. മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തകളുടെ അജയ്യശക്തിയാൽ പ്രചോദിതമായി നാം ഇന്ന് വലിയ കുതിച്ചുചാട്ടം നടത്തുന്നു. ഈ പ്രത്യയശാസ്ത്രം പിന്തുടരുന്നിടത്തോളം കാലം നമ്മൾ കരുത്ത് വർദ്ധിപ്പിച്ചു കൊണ്ടേയിരിക്കും.



## യാതൊരു തത്വദീക്ഷയും ഇല്ലാത്ത രാഷ്ട്രീയ നേതാക്കൾ ചെറുപ്പക്കാരെ ക്രിമിനലുകൾ ആക്കുന്നു

തെരഞ്ഞെടുപ്പ് ഇന്ന് എല്ലാ രാജ്യങ്ങളിലും ഒരു പ്രഹസനമായി മാറിയിരിക്കുകയാണെന്ന് ഞാൻ നേരത്തെ പറഞ്ഞു. അപകടകരമായ മറ്റൊരു കാര്യവും സംഭവിക്കുന്നു. ഒരു വശത്ത് അധികാരമോഹികളായ രാഷ്ട്രീയക്കാർ ദരിദ്ര കോടികളായ ജനങ്ങൾക്ക്

(ശേഷം 10–ാം പേജിൽ)

# തത്വദീക്ഷയില്ലാത്ത രാഷ്ട്രീയ കക്ഷികൾ ജനങ്ങളെ ദുഷിപ്പിക്കുന്നു

(9–ാം പേജിൽ നിന്ന്)

ഭിക്ഷയെറിഞ്ഞുകൊടുത്ത് അവരെ യാചകരെപോലെയാക്കി മാറ്റി തങ്ങളുടെ വോട്ടുബാങ്കുകൾ നിർമ്മിക്കുന്നു. മറുവശത്ത് അവർ രാജ്യമെമ്പാടും സായുധരായ ക്രിമിനൽ സംഘങ്ങളെ വളർത്തിയെടുക്കുകയും ചെയ്യുന്നു. അനീതിക്കെതിരെയുള്ള സമരങ്ങളിൽ പൊട്ടിത്തെറിക്കേണ്ട തൊഴിൽരഹിതരായ യുവതയെയാണ് അവർ ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. യുവാക്കളെ വഴിതെറ്റിക്കാൻ വോട്ടിനുവേണ്ടി പ്രവർത്തിക്കുന്ന ഈ പാർട്ടികൾ മദ്യത്തിലും മയക്കമരുന്നുകളിലും ലൈംഗിക വൈകൃതങ്ങളിലും അവരെ കുടുക്കി ഇടുകയാണ്. രാഷ്ട്രീയപാർട്ടികളുടെ പിന്തുണയുടെ ബലത്തിൽ ചെറുപ്പക്കാർ മോഷണങ്ങളിലേക്കും കൊള്ളയിലേക്കും ഇറങ്ങിത്തിരിക്കുന്നു. മദ്യത്തിന്റെയും മയക്കമരുന്നിന്റെയും വ്യാപാരം തകൃതിയായി മറ്റൊരു വശത്ത് നടക്കുന്നുണ്ട്. നീല ചിത്രങ്ങളും സിനിമാതാരങ്ങളുടെ വഴിവിട്ട ജീവിതത്തെ കുറിച്ചുള്ള അപവാദങ്ങളും അശ്ലീലതയും മാദ്ധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നു. ഇങ്ങനെ നാനാവഴിക്കും നമ്മുടെ ഭരണവർഗവും അവരുടെ പിണിയാളുകളായ രാഷ്ട്രീയ പാർട്ടികളും ചെറുപ്പക്കാരുടെ മനഃസ്സാക്ഷിയെയും മനുഷ്യത്വത്തെയും നശിപ്പിക്കുകയാണ്. അനീതിക്കെതിരെ പോരാടുവാനുള്ള കരുത്തും യുവത്വത്തിന്റെ ചുറുചുറുക്കും നഷ്ടപ്പെടുത്തി നമ്മുടെ യുവജനതയെ അവർ ഇങ്ങനെ ഷണ്ഡീകരിക്കുന്നു.

നമ്മുടെ സംസ്ഥാനത്ത് ടിഎംസി എല്ലാ മുക്കിലും മൂലയിലും മദ്യഷാപ്പുകൾ തുറക്കുകയാണ്. ഇപ്പോൾ കേൾക്കുന്നത് മദ്യം നേരിട്ട് വീട്ടിൽ എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുമെന്നാണ്. ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കുക മാത്രമല്ല ഇതിന്റെ ലക്ഷ്യം. തീർച്ചയായും വരുമാനം അവർക്ക് വേണം. അതോടൊപ്പം തന്നെ അവർക്ക് ചെറുപ്പക്കാരെ മദ്യത്തിന് അടിമകളാക്കുക എന്ന മറ്റൊരു ലക്ഷ്യം കൂടെയുണ്ട്. അതിന്റെ ഫലമായി ചെറുപ്പക്കാർ ഇന്നു ചർച്ച ചെയ്യുന്നത് സ്ത്രീ ശരീരത്തെ കുറിച്ചോ ലൈംഗികതയെ കുറിച്ചോ കുറ്റകൃത്യങ്ങളെ കുറിച്ചോ മാത്രമാണ്. അതുകൊണ്ടാണ് ബലാത്സംഗങ്ങളും കൂട്ടബലാത്സംഗങ്ങളും ഇത്ര വലിയതോതിൽ നമ്മുടെ നാട്ടിൽ വ്യാപകമായി നടക്കുന്നത്. ഒട്ടനവധി പെൺകുട്ടികൾ കൊല്ലപ്പെടുന്നു. ആറു വയസ്സുള്ള കൊച്ചുകുട്ടികൾ മുതൽ 70 വയസ്സ് കഴിഞ്ഞ വയോവൃദ്ധകൾ വരെ ആരും ഇവിടെ സുരക്ഷിതരല്ല. ഇതാണ് നമ്മുടെ നാടിന്റെ 'വികസനം'! അച്ഛൻ മകളെ പീഡിപ്പിക്കുന്ന ഇടം വരെ എത്തിയിരിക്കുന്നു നമ്മുടെ സമൂഹത്തിന്റെ ജീർണത. ഇങ്ങനെ അടിച്ചമർത്തപ്പെടുകയും ബലാത്സംഗം ചെയ്യപ്പെടുകയും ചെയ്യുന്ന പതിനായിരക്കണക്കിന് പെൺകുട്ടികളുടെ കരച്ചിലിനെ മുക്കിക്കൊല്ലാൻ ലക്ഷ്മി ഭണ്ഡാർ, കന്യാശ്രീ, അച്ഛേ ദിൻ മുതലായ മുദ്രാവാക്യങ്ങൾ കൊണ്ടോ, ഹൈന്ദവതയുടെ ആക്രോശങ്ങൾ കൊണ്ടോ, രാമനവമിയുടെ ഭക്തിപാരവശ്യത്തിനോ സാധിക്കുമോ? നമ്മുടെ നാടിന്റെ ഈ വഷളായ അവസ്ഥ കണ്ടിരുന്നെങ്കിൽ റാംമോഹൻ, വിദ്യാസാഗർ, സാവിത്രി ഫൂലെ, രവീന്ദ്രനാഥ ടാഗോർ, വിവേകാനന്ദ, ശരത് ചന്ദ്ര, നസ്രുൾ, ദേശബന്ധു ചിത്തരഞ്ജൻ, നേതാജി സുഭാഷ്ചന്ദ്ര ബോസ്, പ്രേംചന്ദ് തുടങ്ങിയവർ എങ്ങനെ പ്രതികരിക്കുമായിരുന്നു? ചെറുപ്പക്കാർ ക്രിമിനലുകളായി വളരുന്നു. അധികാരമോഹികളായ രാഷ്ട്രീയക്കാർ രാഷ്ട്രീയത്തെ ക്രിമിനൽവൽക്കരിക്കുകയാണ്. ഈ ക്രിമിനലുകൾ മൃഗങ്ങളെക്കാൾ അധഃപതിച്ച അവസ്ഥയിലാണ്. അവർക്ക് മനുഷ്യരൂപം ഉണ്ട്, പക്ഷേ മനുഷ്യരുടെതായ യാതൊരു ഗുണങ്ങളും മനുഷ്യത്വവും ഇല്ല. മുതലാളിത്തത്തിന്റെ പിണിയാളുകളായ രാഷ്ട്രീയ പാർട്ടികളാണ് ഭീകരമായ ഈ അവസ്ഥ നമ്മുടെ നാട്ടിൽ സൃഷ്ടിച്ചിരിക്കുന്നത്. തെരഞ്ഞെടുപ്പ് സമയത്ത് ബാലറ്റ് പേപ്പർ പിടിച്ചെടുക്കാനും തങ്ങൾക്കെതിരായ വോട്ടർമാരെ ഭയപ്പെടുത്താനും കള്ളവോട്ട് ചെയ്യാനും ഈ സംഘങ്ങളെയാണ് അവർ ഉപയോഗിക്കുന്നത്. ഒരു വശത്ത് ഈ പാർട്ടികളുടെ 'വികസന'ത്തിന്റെ തേരോട്ടം നടക്കുമ്പോൾ മറുവശത്ത് കൊലയും കൊള്ളിവെപ്പും ബലാത്സംഗങ്ങളും ആകാശത്തോളം ഉയരുന്നു. ഇക്കാര്യത്തിൽ ബിജെപി ഭരിക്കുന്ന ഉത്തർപ്രദേശും തൃണമൂൽ ഭരിക്കുന്ന ബംഗാളും പരസ്പരം മത്സരിക്കുകയാണ്.

മറ്റൊരു ഭീതിജനകമായ കാര്യം അഴിമതി എത്രമേൽ സാധാരണമായിരിക്കുന്നു എന്നതാണ്. കേന്ദ്രത്തിലായാലും സംസ്ഥാനത്തിലായാലും കൈക്കൂലി ഇല്ലാതെ ഒരു കാര്യവും നടക്കില്ല എന്നതാണ് അവസ്ഥ. കൈക്കൂലി നമ്മുടെ നാട്ടിൽ ഇന്ന് ഒരു അലിഖിത നിയമംപോലെയായി മാറിയിരിക്കുന്നു. ഈയിടെ ബിജെപി ഭരിക്കുന്ന കർണാടകയിലെ ഒരു കോൺട്രാക്ടർ, അവിടുത്തെ മന്ത്രിക്കെതിരെ ഗുരുതരമായ ആരോപണങ്ങൾ എഴുതിവെച്ച് ആത്മഹത്യ ചെയ്തത് നിങ്ങൾ വായിച്ചിരിക്കും. 40% കമ്മീഷനാണ് മന്ത്രി ആവശ്യപ്പെട്ടതെന്നാണ് പറയുന്നത്. ഇക്കാര്യം കാണിച്ച് പ്രധാനമന്ത്രിക്ക് വരെ ഈ കോൺട്രാക്ടർ കത്തെഴുതിയിരുന്നു. എന്നിട്ടും ഫലം ഒന്നുമുണ്ടായില്ല. ഹിന്ദുത്വയുടെ പതാകവീശി 'കൈക്കൂലി വാങ്ങുകയുമില്ല, വാങ്ങാൻ അനുവദിക്കുകയും ഇല്ല' എന്ന മുദ്രാവാക്യമുയർത്തി അധികാരത്തിൽ വന്ന ബിജെപിയുടെ ഭരണത്തിന്റെ അവസ്ഥയാണ് ഇത്. എല്ലാ സംസ്ഥാനങ്ങളിലും മന്ത്രിമാരെ പ്രീതിപ്പെടുത്തിയാലേ കോൺട്രാക്ടുകൾ ലഭ്യമാവൂ എന്നതാണ് സ്ഥിതി. പിന്നീട് ബില്ല് പാസാകുമ്പോൾ കമ്മീഷനും കൊടുക്കണം. ടിഎംസിയുടെ ഭരണത്തിനു കീഴിൽ സ്കൂൾ ടീച്ചർമാരെ നിയമിക്കാൻ ലക്ഷക്കണക്കിന് രൂപയാണ് കൈക്കൂലി വാങ്ങുന്നത്. അതേക്കുറിച്ച് ഒരു കേസ് ഇപ്പോൾ കോടതിയിൽ നടക്കുന്നു. ഇതോടൊപ്പംതന്നെ ഭീഷണിപ്പെടുത്തലും റിയൽ എസ്റ്റേറ്റ് ഗുണ്ടകളുടെ വിളയാട്ടവും നിർബാധം തുടരുന്നു. കൊള്ളമുതൽ പങ്കിട്ടെടുക്കുമ്പോൾ ഉള്ള തർക്കങ്ങൾ അടിപിടിയിലേക്കും കൊലപാതകത്തിലേക്കും നയിക്കുന്നുണ്ട്. പെൺകുട്ടികളുടെയും കൊച്ചുകുട്ടികളുടെയും മനുഷ്യക്കടത്ത് ടിഎംസിക്ക് കീഴിൽ വികസിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു വ്യാപാരമാണ്.

സാധാരണ ജനങ്ങളെക്കൂടി അഴിമതിക്കാരാക്കുന്ന മറ്റൊരു ദ്രോഹവും ഈ പാർട്ടികൾ ചെയ്യുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ വർഷത്തിൽ 100 ദിവസം തൊഴിലുറപ്പാക്കുന്ന MNREGA പദ്ധതിയിൽ അവർ ആളുകളെ യഥാർത്ഥത്തിൽ 20–30 ദിവസംമാത്രം പണിയെടുപ്പിക്കും. ബാക്കി ദിവസങ്ങളിലെ കൂലിയുടെ ഒരു പങ്ക് ഈ തൊഴിലാളികളും പാർട്ടി നേതാക്കളും ശിങ്കിടികളുംകൂടെ വീതിച്ചെടുക്കും. ഇങ്ങനെ പണിയെടുക്കാതെ കൂലി വാങ്ങാൻ പ്രേരിപ്പിച്ച് സാധാരണക്കാരെയും അവർ അഴിമതിക്കാരാക്കുന്നു. ഇത്തരം പദ്ധതികൾക്കായി കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും അനുവദിക്കുന്ന തുക ഇങ്ങനെ മന്ത്രിമാരും മറ്റു നേതാക്കളും ചേർന്ന് പലതലത്തിൽവച്ച് വിഴുങ്ങും. പാവങ്ങൾക്ക് വീട് നിർമ്മിക്കാനുള്ള പദ്ധതിയിൽ മൂന്നുലക്ഷം രൂപ അനുവദിച്ചു എന്നിരിക്കട്ടെ. അതിൽപാതിയുംമുകളിലുള്ളവർക്ക് കൊടുക്കണം. ഇതാണ് എല്ലായിടത്തും നടക്കുന്നത്. ഈ അവസ്ഥയെ സാധാരണ ജനങ്ങളും അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഇവിടെയൊന്നും നിയമം അതിന്റെ വഴിക്ക് പോവുകയല്ല, അതെങ്ങനെ പോകണം എന്ന് ഭരിക്കുന്ന പാർട്ടി കൽപ്പിക്കുകയാണ്. സിബിഐയും ഇഡിയും ബിജെപി പറയുന്നതുപോലെ പ്രവർത്തിക്കുമ്പോൾ ബംഗാളിലെ പോലീസ് ടിഎംസി നിർദ്ദേശത്തിനനുസരിച്ച് നീങ്ങുന്നു. ഭരിക്കുന്ന പാർട്ടിയോട് കൂറ് ഉണ്ടെങ്കിൽ എല്ലാ പാപങ്ങളും പൊറുക്കപ്പെടും. ഇല്ലെങ്കിലോ, പിഴവുകൾ ഇല്ലെങ്കിൽ പോലും വലിയ വില കൊടുക്കേണ്ടി വരും. സൽഭരണം, 'അച്ഛേ ദിൻ', 'നിങ്ങളുടെ വാതിൽക്കൽ സർക്കാർ', 'ദീദിയോട് പറയൂ' ഇവയൊക്കെ പേപ്പറിൽ മാത്രം.

> **സിപിഐ മുഖപത്രമായ പീപ്പിൾസ് വാറിന്റെ 1942 ജനുവരി പത്തിന്റെ ലക്കത്തിൽ നേതാജിയെ വിശേഷിപ്പിച്ചത് ദേശദ്രോഹി എന്നും ജാപ്പനീസ് ചാരൻ എന്നുമാണ്. ഇനിമുതൽ തങ്ങൾ സുഭാഷ്ചന്ദ്ര ബോസിനെ ഒരു വഞ്ചകൻ ആയിട്ടാണ് പരിഗണിക്കുക എന്നും അവർ എഴുതി. പിന്നീട് അവർ നെഹ്റുവിനെ പുരോഗമനകാരി എന്ന വാഴ്ത്തുകയും സർദാർ പട്ടേലിനെ പിന്തിരിപ്പനെന്ന് വിളിക്കുകയും ചെയ്തു.**

## സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രസംഗം

### മാർക്സിസവുമായി പുലബന്ധമില്ലാത്ത സിപിഐ(എം)ന് ഇപ്പോൾ ജനപിന്തുണയും നഷ്ടപ്പെട്ടിരിക്കുന്നു

ബംഗാളിൽ ഈ പ്രക്രിയ ആരംഭിക്കുന്നത് 1972ലെ സിദ്ധാർത്ഥ ശങ്കർ റേയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഭരണത്തോടെയാണ്. പിന്നീട് ഈ തെറ്റുകളും ദുർനടപടികളും സിപിഐ(എം) ഭരണത്തിന് കീഴിൽ ഭീമാകാരം പൂണ്ടു. പഞ്ചായത്ത് തലം മുതൽ മുകൾത്തട്ടുവരെ അഴിമതി നിർബാധം തുടർന്നു. 34 വർഷം തുടർച്ചയായി ബംഗാൾ ഭരിച്ച സിപിഐ(എം) യുവജനതയെ മുഴുവനായി ദുഷിപ്പിച്ചിരിക്കുകയാണ്. ഇപ്പോഴും ഓരോ തെരഞ്ഞെടുപ്പിലും വമ്പൻ പരാജയം ഏറ്റുവാങ്ങുമ്പോഴും തങ്ങളുടെ വോട്ട് ശതമാനം കണക്കാക്കി സായൂജ്യമടയുകയാണ് അവർ.

ഈ സംസ്ഥാനം ഒരുകാലത്ത് ഇടതു മുന്നേറ്റത്തിന്റെ സിരാകേന്ദ്രം ആയിരുന്നു എന്ന് നിങ്ങൾക്കറിയാം. വിപ്ലവ സംഘടനകളായ അനുശീലൻ സമിതിയും യുഗാന്തറും രൂപീകരിക്കപ്പെട്ടത് അവിഭക്തബംഗാളിലാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ അനനുരഞ്ജന വിപ്ലവ ധാരയുടെ പതാകവാഹകരായ ഖുദിറാം ബോസ്, ജതിൻദാസ്, ബിനോയ്–ബാദൽ–ദിനേശുമാർ, പ്രീതിലത വദ്ദേദാർ, സൂര്യസെൻ മുതലായവർക്ക് ജന്മം കൊടുത്തത് ഈ മണ്ണാണ്. അവരുടെയെല്ലാം ഉത്തമ പ്രതിനിധിയായി നേതാജി സുഭാഷ്ചന്ദ്ര ബോസ് ഉയർന്നുവന്നതും ഇവിടെത്തന്നെ.

കോൺഗ്രസിനകത്തെ ഗാന്ധിയന്മാർ വലതുപക്ഷത്തെ പ്രതിനിധാനം ചെയ്തപ്പോൾ നേതാജിയുടെ അനുയായികൾ ഇടതുപക്ഷക്കാരായി അറിയപ്പെട്ടു. ഇങ്ങനെ ബംഗാളിലെ ജനതയ്ക്ക് ഇടത് രാഷ്ട്രീയത്തോട് ഉണ്ടായിരുന്ന വികാരവായ്പ്പും, സോവിയറ്റ് യൂണിയനിലെയും ചൈനയിലെയും കമ്മ്യൂണിസത്തിന്റെ മുന്നേറ്റം ഈ നാട്ടിൽ ഉണ്ടാക്കിയ സ്വാധീനവും മുതലാക്കിയാണ് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി ഇവിടെ വളർന്നത്. എന്നാൽ സ്വാതന്ത്ര്യ സമരത്തിൽ അവർ വഹിച്ച പങ്ക് വിലയിരുത്തിയ സഖാവ് ശിബ്ദാസ് ഘോഷ്, പേരിൽ മാർക്സിസം ഉണ്ടെങ്കിലും സിപിഐ ഒരു യഥാർത്ഥ മാർക്സിസ്റ്റ് പാർട്ടി അല്ലെന്ന് തിരിച്ചറിഞ്ഞു. രണ്ടാം കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ പിന്തിരിപ്പനായി മാറിയിട്ടുണ്ട്, അതിനാൽ നമുക്കൊരു മൂന്നാം ഇന്റർനാഷണൽ വേണമെന്ന് ലെനിൻ പറഞ്ഞതുപോലെ. റഷ്യയിലെ ആർഎസ്ഡിഎൽപി ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി അല്ലെന്നും ലെനിൻ പറഞ്ഞിരുന്നു. അതുകൊണ്ടാണ് അദ്ദേഹം ബോൾഷെവിക് പാർട്ടി സ്ഥാപിച്ചത്.

ഈ യോഗത്തിൽ ഏതെങ്കിലും സിപിഐ(എം) പ്രവർത്തകർ ഉണ്ടെങ്കിൽ, ഒരുകാലത്ത് സിപിഐ(എം)ന് ഈ സംസ്ഥാനത്ത് ഉണ്ടായിരുന്ന ബഹുജന പിന്തുണയെക്കുറിച്ച് ആലോചിക്കാൻ ഞാൻ അവരോട് അഭ്യർത്ഥിക്കുന്നു. നിരന്തരമായ മാർക്സിസ്റ്റ് വിരുദ്ധ നിലപാടുകൾ കൈക്കൊള്ളുക വഴി ഈ ജനപിന്തുണ നഷ്ടപ്പെട്ട് വോട്ട് ശതമാനത്തിലെ ചെറിയ ഏറ്റക്കുറച്ചിലുകൾ കണക്കാക്കി സംതൃപ്തിയടിയുന്ന ഇന്നത്തെ അവസ്ഥയിലേക്ക് അവർ എത്തിച്ചേർന്നിരിക്കുന്നു.

### സിപിഐ(എം)ന്റെ ഇടതു വിരുദ്ധ രാഷ്ട്രീയം ആണ് ബിജെപിക്ക് വളരാൻ വഴിയൊരുക്കിയത്

നമ്മുടെ സ്വാതന്ത്ര്യസമരകാലത്തെ ചില കാര്യങ്ങൾ നിങ്ങളെ ഓർമിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കോൺഗ്രസിലെ ഗാന്ധിയൻ നേതൃത്വത്തിന്റെ രക്ഷാധികാരികളായ ഇന്ത്യയിലെ വൻകിട മുതലാളിവർഗ്ഗം ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി അനുരഞ്ജനത്തിലാണെന്ന കാര്യം സ്വാതന്ത്ര്യ സമരത്തിന്റെ സമയത്തുതന്നെ മഹാനായ സ്റ്റാലിൻ ചൂണ്ടിക്കാട്ടിയിരുന്നു. സ്റ്റാലിന്റെ ഈ മാർഗ്ഗനിർദ്ദേശം അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി പിന്തുടർന്നില്ല. ചൈനയിൽ മാവോ ചെയ്തതുപോലെ ഇന്ത്യയിലെ വിപ്ലവകാരികൾ വൻകിട ബൂർഷ്വാസിയെ ഒറ്റപ്പെടുത്തിക്കൊണ്ട് ഇവിടുത്തെ പെറ്റി ബൂർഷ്വാ വിപ്ലവകാരികളുമായി കൂട്ടുചേരുകയായിരുന്നു വേണ്ടത്.

കോൺഗ്രസ് അന്ന് അക്ഷരാർത്ഥത്തിൽ തന്നെ രണ്ട് ക്യാമ്പുകൾ ആയി മാറിയിരുന്നു– വൻകിട ബൂർഷ്വാസിയെ പ്രതിനിധീകരിക്കുന്ന ഗാന്ധിയൻ നേതൃത്വവും അനനുരഞ്ജന വിപ്ലവ ധാരയെ പ്രതിനിധീകരിക്കുന്ന സുഭാഷ്ചന്ദ്ര ബോസിന്റെ നേതൃത്വവും. സിപിഐ അന്ന് നേതാജിയെ എതിർക്കുകയും ഗാന്ധിയന്മാരെ പിന്തുണക്കുകയും ആണ് ഉണ്ടായത്. കോൺഗ്രസിനകത്ത് ഇടതുപക്ഷ നേതൃത്വം സ്ഥാപിക്കാനുള്ള ഒരു അവസരം നേതാജി

(ശേഷം 11–ാം പേജിൽ)

സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രസംഗം

# സിപിഐ, സിപിഐ(എം) കക്ഷികളുടെ മാർക്സിസ്റ്റേതര നിലപാടുകളാണ് ബിജെപിയുടെ വളർച്ചയ്ക്ക് വഴിയൊരുക്കിയത്

(10-ാം പേജിൽ നിന്ന്)

കോൺഗ്രസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ സംജാതമായിരുന്നു. പക്ഷേ ആ സമയത്ത് നടന്ന ത്രിപുരി കോൺഗ്രസിൽ സിപിഐ നേതാജിക്കെതിരെ ഗാന്ധിയന്മാരെയാണ് പിന്തുണച്ചത്. കൽക്കത്തയിലെ വെല്ലിങ്ടൺ സ്ക്വയറിൽ വെച്ച് നടന്ന കോൺഗ്രസ് കോൺഫറൻസിൽ വെച്ച് അവർ നേതാജിയെ രാജിവെക്കാൻ നിർബന്ധിതനാക്കി. അതിനുശേഷം രാംകാറിൽ വച്ച് നടന്ന ഒരു ഇടതുപക്ഷ കോൺഫറൻസിൽ, നേതാജി ഒരു വിശാല ഇടതുമുന്നണിക്ക് രൂപംകൊടുക്കാൻ സിപിഐയോട് അഭ്യർത്ഥിച്ചു. എന്നാൽ സിപിഐ അതിനോട് പ്രതികരിച്ചതേ ഇല്ല. ഈ ചരിത്രം നിങ്ങൾ അറിയേണ്ടതുണ്ട്.

ഈ നാട്ടിൽ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും വേറെ വേറെ രാജ്യം വേണമെന്ന ആവശ്യം ആദ്യം അവതരിപ്പിച്ചത് ഇന്നത്തെ ബിജെപിയുടെ മുൻഗാമിയായ ഹിന്ദുമഹാസഭയാണെന്ന കാര്യം ഒരുപക്ഷേ നിങ്ങളിൽ പലർക്കും അറിവ് ഉണ്ടാവില്ല. പിന്നീടാണ് മുസ്ലീം ലീഗ് ഈ വാദത്തെ പിന്തുണക്കുന്നത്. എന്നാൽ ഹിന്ദുസ്ഥാൻ, പാക്കിസ്ഥാൻ എന്ന ദ്വിരാഷ്ട്ര സിദ്ധാന്തത്തെ അന്നത്തെ സിപിഐ പിന്തുണച്ചിരുന്നു എന്ന് കേൾക്കുമ്പോൾ നിങ്ങൾ അത്ഭുതപ്പെടും. 1942ൽ രാജ്യം മുഴുവൻ ക്വിറ്റ് ഇന്ത്യ സമരത്തിലേക്ക് എടുത്തുചാടി. എന്നാൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ പിന്തുണക്കുന്ന മുദ്രാവാക്യമുയർത്തി സിപിഐ ഇതിനെ എതിർത്തു. നേതാജി സുഭാഷ്ചന്ദ്ര ബോസ് ഒരുകാലത്തും ഫാസിസത്തിന് അനുകൂലമായിരുന്നില്ല. ഫാസിസ്റ്റ് ജർമ്മനി സോവിയറ്റ് യൂണിയനെ ആക്രമിച്ചപ്പോൾ നേതാജി അതിനെ അപലപിക്കുകയും ചെയ്തതാണ്. എന്നാൽ തന്ത്രപരമായ കാരണങ്ങളാൽ ഇന്ത്യൻ നാഷണൽ ആർമി സ്ഥാപിക്കുന്നതിനായി അദ്ദേഹം ജപ്പാന്റെ സഹായം സ്വീകരിച്ചു. ആ തന്ത്രത്തിന്റെ ശരിതെറ്റുകൾ ചർച്ച ചെയ്യാവുന്നതാണ്. എന്നാൽ ഇന്ത്യയെ അക്രമിക്കാനോ കീഴടക്കാനോ ജപ്പാന് അദ്ദേഹം അവസരം നൽകിയോ? ബ്രിട്ടീഷുകാരിൽ നിന്നും ഇന്ത്യയെ മോചിപ്പിച്ച് ഒരു സ്വതന്ത്ര രാഷ്ട്രമാക്കാനാണ് അദ്ദേഹം ശ്രമിച്ചത്. എന്നിട്ടും സിപിഐ മുഖപത്രമായ പീപ്പിൾസ് വാറിന്റെ 1942 ജനവരി പത്തിന്റെ ലക്കത്തിൽ അവർ നേതാജിയെ വിശേഷിപ്പിച്ചത് ദേശദ്രോഹി എന്നും ജപ്പാനീസ് ചാരൻ എന്നുമാണ്. ഇനിമുതൽ തങ്ങൾ സുഭാഷ്ചന്ദ്ര ബോസിനെ ഒരു വഞ്ചകൻ ആയിട്ടാണ് പരിഗണിക്കുക എന്നും അവർ എഴുതി. പിന്നീട് അവർ നെഹ്റുവിനെ പുരോഗമനകാരി എന്ന വാഴ്ത്തുകയും സർദാർ പട്ടേലിനെ പിന്തിരിപ്പനെന്ന് വിളിക്കുകയും ചെയ്തു.

1947ൽ ഇന്ത്യൻ മുതലാളിവർഗ്ഗം അധികാരത്തിലേറിയെന്നു മാത്രമല്ല അവർ കുത്തക മുതലാളിത്തത്തിന് ജന്മം നൽകുകയും സാമ്രാജ്യത്വ സ്വഭാവമാർജിക്കുക കൂടിചെയ്തെന്നും, ഇതേ ശഹീദ് മിനാർ മൈതാനത്തിൽ വെച്ച് നടന്ന പല സമ്മേളനങ്ങളിലും സഖാവ് ശിബ്ദാസ് ഘോഷ് വിശദീകരിച്ചിട്ടുണ്ട്. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ ദരിദ്ര കർഷകരുടെയും മറ്റ് ദരിദ്ര ജനവിഭാഗങ്ങളുടെയും പിന്തുണയോടെ നടക്കുന്ന മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഘട്ടത്തിലാണ് സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യ ഉള്ളത്. എന്നാൽ സിപിഐയുടെയും അവരിൽനിന്ന് വിഘടിച്ചുണ്ടായ സിപിഐ(എം), സിപിഐ(എംഎൽ) എന്നിങ്ങനെയുള്ള പാർട്ടികളുടെയും അഭിപ്രായത്തിൽ സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനും എതിരായി നടത്തേണ്ട ജനകീയ ജനാധിപത്യ വിപ്ലവത്തിന്റെ ഘട്ടത്തിലാണ് നാമിന്നും. ആരായിരിക്കും അത്തരമൊരു വിപ്ലവത്തിന്റെ സഖ്യകക്ഷികൾ? ജന്മിത്തത്തിനെതിരെയുള്ള വിപ്ലവത്തിന്റെ സഖ്യകക്ഷികൾ ദേശീയ ബൂർഷ്വാസിയും ധനിക കർഷകരും (വമ്പൻ ഭൂവുടമകളും) ആവും. ഇതാണ് അവരുടെ വിപ്ലവ നയം. എന്തായാലും ഇന്ന് അവരുടെ പ്രവർത്തകരാരും മാർക്സിസ്റ്റ് പുസ്തകങ്ങൾ വായിക്കുകയോ ഇത്തരം സൈദ്ധാന്തിക ചർച്ചകളിൽ ഏർപ്പെടുകയോ ചെയ്യാറില്ല. ഈ പാർട്ടികളുടെ ഇപ്പോഴത്തെ നിലപാടാണെങ്കിൽ പ്രകടമായും മാർക്സിസ്റ്റ് വിരുദ്ധവുമാണ്.

ഒരുകാലത്ത് അവർ ഇന്ദിരാഗാന്ധിയെ പുരോഗമനകാരി എന്നും മൊറാർജി ദേശായിയെ പിന്തിരിപ്പൻ എന്നും വിളിച്ചിരുന്നു. 1975ൽ ഇന്ദിരയുടെ ദുർഭരണത്തിനെതിരെ ഒരു വമ്പൻ ജനകീയ പ്രക്ഷോഭം വളർന്നുവന്നു. വർദ്ധിച്ചുവരുന്ന വിലക്കയറ്റത്തിനും തൊഴിലില്ലായ്മക്കുമെതിരെ രാജ്യമെമ്പാടും യുവാക്കൾ ഒരു പ്രക്ഷോഭം സംഘടിപ്പിക്കുകയായിരുന്നു. പിന്നീടാണ് ജയപ്രകാശ് നാരായണൻ ഇതിന്റെ ഭാഗമാകുന്നതും ആ പ്രക്ഷോഭം ജെപി 'മൂവ്മെന്റ് ' എന്നറിയപ്പെടുന്നതും. എന്നാൽ ഈ പ്രക്ഷോഭത്തിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ സിപിഐ-സിപിഐ(എം) പാർട്ടികൾ തയ്യാറായില്ല. ആ ശൂന്യത മുതലെടുത്തുകൊണ്ട് ആർഎസ്എസ്, ഹിന്ദുമഹാസഭ, സ്വതന്ത്ര പാർട്ടി പോലുള്ള വലതുപക്ഷ സംഘടനകൾ ഈ പ്രക്ഷോഭത്തിന്റെ മുൻനിരയിലേക്ക് വന്നു. വലതുപക്ഷത്തെ ഒറ്റപ്പെടുത്താനും ഈ പ്രക്ഷോഭത്തിന് ഒരു ഇടതുപക്ഷ നേതൃത്വം നൽകുവാനുംവേണ്ടി സിപിഐ, സിപിഐ(എം) ഈ പ്രക്ഷോഭത്തിൽ ചേരണമെന്ന് സഖാവ് ശിബ്ദാസ് ഘോഷ് പലതവണ അഭ്യർത്ഥിക്കുകയുണ്ടായി. കാരണം ആ പ്രക്ഷോഭത്തിൽ സാധാരണക്കാരായ ഒരുപാട് മനുഷ്യർ അണിചേർന്നിരുന്നു, അവരുടെ ആവശ്യങ്ങളെല്ലാംതന്നെ തികച്ചും ജനാധിപത്യപരവും ന്യായവും ആയിരുന്നു. എന്നാൽ സിപിഐ- സിപിഐ(എം) അതിനോട് പ്രതികരിച്ചില്ല. മാത്രവുമല്ല സിപിഐ പരസ്യമായി തന്നെ ഇന്ദിരാഗാന്ധിയെ പിന്തുണച്ചു. സിപിഐ(എം) പരസ്യമായി അല്ലെങ്കിലും ഇതേ പാത തന്നെയാണ് പിന്തുടർന്നത്. സമരത്തിൽ വലതുപക്ഷ സംഘടനകൾ ഉള്ളതുകൊണ്ട് തങ്ങൾക്ക് അതിൽ ഭാഗഭാക്കാവാൻ സാധിക്കില്ല എന്നതായിരുന്നു അവരുടെ നിലപാട്. എന്നാൽ ഇടതുപക്ഷത്തിന്റെ അഭാവം മൂലം ആ പ്രക്ഷോഭത്തിന്റെ നേട്ടങ്ങൾ വലതുപക്ഷം കൈയടക്കുകയാണെന്നു സഖാവ് ഘോഷ് ചൂണ്ടിക്കാട്ടി. എന്നിട്ടും സിപിഐ(എം) പ്രതികരിക്കാതെ മുഖം തിരിച്ചുനിന്നു. ആ പ്രക്ഷോഭത്തിന് ഒരു ഇടത് നേതൃത്വം ഉണ്ടായിരുന്നെങ്കിൽ അതിന്റെ ജനസ്വീകാര്യതയിൽ നിന്നും മുതലെടുക്കാനും ക്രെഡിറ്റ് സ്വന്തമാക്കാനും ബിജെപിക്ക് സാധിക്കില്ലായിരുന്നു. വലതുപക്ഷത്തിന്റെ സാന്നിധ്യം കാരണമാണ് സിപിഐ(എം) ആ പ്രക്ഷോഭത്തിൽ നിന്ന് വിട്ടു നിന്നത് എന്നാണ് അവർ പറയാറ്.

1977ൽ ആർഎസ്എസും ജനസംഘവും ജനതാ പാർട്ടിക്ക് രൂപം കൊടുത്തു. ജനതാ പാർട്ടി തെരഞ്ഞെടുപ്പിൽ വിജയിക്കാനും അധികാരത്തിൽ വരാനും സാധ്യതയുണ്ടെന്ന് മനസ്സിലായപ്പോൾ തങ്ങളുടെ നിലപാടിൽനിന്ന് മലക്കം മറിഞ്ഞ് ജനതാ പാർട്ടിയെ- ആർഎസ്എസും ജനസംഘവും ആണ് അതിന്റെ പിറകിലെന്ന് അറിഞ്ഞുകൊണ്ടുതന്നെ-പിന്തുണയ്ക്കാൻ അവർക്ക് യാതൊരു മടിയും ഉണ്ടായില്ല. വാജ്പേയിയും അദ്വാനിയും മന്ത്രിമാരായിരുന്ന മൊറാർജി ദേശായി ഗവൺമെന്റിനെയും അവർ പിന്തുണച്ചു. ഇതേ ശഹീദ് മിനാർ മൈതാനത്തിൽ ഒരേ വേദിയിൽ വെച്ച് ആർഎസ്എസ് നേതാവായ അദ്വാനിയും സിപിഐ(എം) നേതാവായ ജ്യോതി ബസുവും ഒരുമിച്ച് പൊതുജനത്തെ അഭിസംബോധന ചെയ്തിട്ടുണ്ട്! പിന്നീട് സിപിഐ(എം)ഉം ബിജെപിയും കൂടി ചേർന്നാണ് വി.പി.സിംഗ് ഗവൺമെന്റിനെ പിന്തുണച്ചത്. ഇങ്ങനെയുള്ള പല മലക്കം മറിച്ചിലുകളും അവർ നടത്തിയിട്ടുണ്ട്. ചിലപ്പോൾ 'സ്വേച്ഛാധിപത്യ' കോൺഗ്രസിനെതിരെ ബിജെപിയോട് ചേരും. മറ്റു സമയങ്ങളിൽ 'വർഗീയ' ബിജെപിയെ ചെറുക്കാൻ എന്ന ന്യായം പറഞ്ഞു കോൺഗ്രസിനോടൊപ്പവും കൂടും. ആരുടെ കൂടെ കൂടണം എന്ന് അവർ തീരുമാനിക്കുന്നതിന്റെ ഒരേയൊരു മാനദണ്ഡം, തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലെ ജയസാധ്യത മാത്രമാണ്.

> **വസ്തു പ്രപഞ്ചമാണ് ഒരേയൊരു യാഥാർത്ഥ്യമെന്ന നിലപാടാണ് മതേതരത്വം. ഒരു പ്രകൃത്യാതീതശക്തിയെയും അംഗീകരിക്കാതിരിക്കുക എന്നത് അതിന്റെ അടിസ്ഥാന തത്വമാണ്. രാഷ്ട്രീയത്തിലും വിദ്യാഭ്യാസത്തിലും മറ്റു സാമൂഹിക വ്യവഹാരങ്ങളിലും മതത്തിന് ഒരു പങ്കുമുണ്ടാകരുത്. മതം വ്യക്തിപരമായ ഒരു കാര്യം മാത്രം ആവണം. മതേതരത്വം എന്ന പേരിൽ എല്ലാ മതങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചത്.**

## കോൺഗ്രസിനെ മതേതരമെന്ന് വിളിച്ചുകൊണ്ട് സിപിഐ(എം) സ്വന്തം അണികളെ തന്നെ വഞ്ചിക്കുന്നു

മറ്റൊരു വിഷയം കൂടെ ഇവിടെ ചർച്ച ചെയ്യേണ്ടതുണ്ട്. കോൺഗ്രസ്, ആർജെഡി, ഡിഎംകെ മുതലായ കക്ഷികൾക്ക് മതേതര നിറം പൂശാൻ സിപിഐ(എം) ഈയിടെയായി ശ്രമിക്കുന്നുണ്ട്. കോൺഗ്രസ് ഒരു മതേതരകക്ഷിയാണോ? മതേതരത്വം എന്ന് പറഞ്ഞാൽ അതിന്റെ വിവക്ഷ എന്താണ്? വസ്തു പ്രപഞ്ചമാണ് ഒരേയൊരു യാഥാർത്ഥ്യമെന്ന നിലപാടാണ് മതേതരത്വം. ഒരു പ്രകൃത്യാതീതശക്തിയെയും അംഗീകരിക്കാതിരിക്കുക എന്നത് അതിന്റെ അടിസ്ഥാന തത്വമാണ്. രാഷ്ട്രീയത്തിലും വിദ്യാഭ്യാസത്തിലും മറ്റു സാമൂഹിക വ്യവഹാരങ്ങളിലും മതത്തിന് ഒരു പങ്കുമുണ്ടാകരുത് എന്നതാണ് മതേതര നിലപാട്. മതം വ്യക്തിപരമായ ഒരു കാര്യം മാത്രം ആവണം. യൂറോപ്പിൽ ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തോടനുബന്ധിച്ച് ഉദയം ചെയ്ത മതേതരത്വം എന്ന സങ്കല്പം ഇതാണ്. നേതാജി സുഭാഷ്ചന്ദ്ര ബോസ് ഈ സങ്കല്പത്തെ അംഗീകരിക്കുകയും മതം രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടാൻ പാടില്ല എന്ന് അഭിപ്രായപ്പെടുകയും ചെയ്ത ഒരാളാണ്. രാഷ്ട്രീയത്തെ നയിക്കേണ്ടത്, രാഷ്ട്രീയ-സാമ്പത്തിക നിലപാടുകളും ശാസ്ത്രീയ സിദ്ധാന്തങ്ങളുമാണ്. എന്നാൽ ഗാന്ധിയന്മാർക്ക് ഇത് സ്വീകാര്യമായിരുന്നില്ല. കോൺഗ്രസിന്റെ ഈ തലതിരിഞ്ഞ രാഷ്ട്രീയ നിലപാടാണ് ബിജെപിക്ക് ഇന്ത്യൻ രാഷ്ട്രീയത്തിൽ വളരാൻ അവസരം ഒരുക്കിയ മറ്റൊരു കാരണം. മതേതരത്വം എന്ന പേരിൽ എല്ലാ മതങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന ഒരു നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചത്. മതോന്മുഖമായ ഒരു ദേശീയതയെയും അവർ ഉയർത്തിപ്പിടിച്ചു. ഇത്തരം ദേശീയതയെ പുൽകിയ സവർണ്ണ ഹിന്ദുക്കളാണ് കോൺഗ്രസിന് നേതൃത്വം നൽകിവന്നത്. മുസ്ലീങ്ങളും പിന്നാക്ക ജാതിക്കാരായ ഹിന്ദുക്കളും സ്വാതന്ത്ര്യസമരത്തോട് മുഖം തിരിക്കാൻ ഇത് കാരണമായിട്ടുണ്ട്.

തങ്ങളുടെ ഭരണത്തിൻ കീഴിൽ കോൺഗ്രസ് വർഗീയ കലാപങ്ങൾ ഉണ്ടാക്കിയിരുന്നില്ലേ? ഒഡീഷയിലെ റൗർഖലയിലും ബീഹാറിലെ ഭഗൽപൂരിലും അസമിലെ നെല്ലിയിലും ഒഴുക്കിയ ചോരപ്പുഴകൾ, ദില്ലിയിലെ സിഖ് വിരുദ്ധ കലാപം ഇതെല്ലാം മതേതരത്വത്തിന്റെ ഉദാഹരണങ്ങൾ ആണോ? യുപിയിലെ സമാജ് വാദി പാർട്ടി ഒരു ജാതി സംഘടനയാണ്. തമിഴ്നാട്ടിലെ ഡിഎംകെ ആവട്ടെ പ്രാദേശികവാദം ഉയർത്തിപ്പിടിക്കുന്ന ഒരു സങ്കുചിത പാർട്ടിയും. ഇവരെയെല്ലാം സിപിഐ(എം) ഇപ്പോൾ മതേതര പാർട്ടികളായി കെട്ടി എഴുന്നള്ളിക്കുന്നത് സങ്കുചിതമായ തെരഞ്ഞെടുപ്പ് നേട്ടം മാത്രം മുന്നിൽകണ്ടാണ്. കോൺഗ്രസിനെ ഇന്നിവർ ഒരു ജനാധിപത്യ ശക്തി എന്ന് വിശേഷിപ്പിക്കുന്നു. ഇതേ കോൺഗ്രസാണ് അതിന്റെ ഭരണകാലത്ത് ജനാധിപത്യ പ്രക്ഷോഭങ്ങളെ ക്രൂരമായി അടിച്ചമർത്തിയത്, നമ്മുടെ നാട്ടിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്.

ബിജെപി ഇന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫാസിസ്റ്റ് കരിനിയമങ്ങൾ ഒന്നിന് പിറകെ ഒന്നായി കോൺഗ്രസ് കൊണ്ടുവന്നവയാണ്. ഇങ്ങനെയുള്ള കോൺഗ്രസിനെ ഒരു മതേതര-ജനാധിപത്യ ശക്തിയായി ഉയർത്തിക്കാട്ടുക വഴി സിപിഐ(എം) സ്വന്തം അണികളെയും പൊതുസമൂഹത്തെയും വഞ്ചിക്കുകയാണ്. ബംഗാളിലെ 34 വർഷത്തെ ഭരണകാലത്ത് ഇടതു രാഷ്ട്രീയത്തെ അങ്ങേയറ്റം അപകീർത്തിപ്പെടുത്തിയ പാർട്ടിയാണ് സിപിഐ(എം).

ഐക്യമുന്നണി മന്ത്രിസഭയുടെ കാലത്ത് സിപിഐ(എം) കൊണ്ടുവന്ന ജനവിരുദ്ധ നയങ്ങൾ കണ്ട് സഖാവ് ശിബ്ദാസ് ഘോഷ് അന്നേ മുന്നറിയിപ്പ് നൽകുകയുണ്ടായി: "ഇവിടെ ജനസംഘം പോലുള്ള വർഗീയ പാർട്ടികൾ ഒരു അവസരത്തിനു വേണ്ടി ഉറ്റുനോക്കി കൊണ്ടിരിക്കുകയാണ്. ഇടതു രാഷ്ട്രീയത്തോടുള്ള ജനങ്ങളുടെ മതിപ്പ് എന്ന് ഇല്ലാതാകുന്നുവോ, അന്ന് ഇക്കൂട്ടർ യാതൊരു മറയുമില്ലാതെ പുറത്തുവരും." എത്ര പ്രവചന തുല്യമായ വാക്കുകൾ! ■

(അടുത്ത ലക്കത്തിൽ തുടരും)

# സിപിഐ(എം)ന്റെ അപചയം ഇടതുപക്ഷ മനഃസാക്ഷിയെ ഞെട്ടിക്കുന്നു

**ജനാധിപത്യവാഴ്ചയുടെ അവശേഷിപ്പുകളെ വകവരുത്തിക്കൊണ്ട്, പാർലമെന്ററി രാഷ്ട്രീയ ചതുരംഗത്തട്ടിൽ സംസ്ഥാന മുഖ്യമന്ത്രിയും സിപിഐ(എം) നേതാക്കളും നടത്തുന്ന സമീപകാല കരുനീക്കങ്ങൾ കേരളത്തിന്റെ ഇടതുപക്ഷ മനഃസാക്ഷിയെ ഞെട്ടിക്കുകയാണ്. ആദർശത്തിന്റെയും സംസ്കാരത്തിന്റെയും കരുത്തുകൊണ്ട് ഇടതുപക്ഷ രാഷ്ട്രീയം ഏറ്റവും പ്രബലമായി കാലുറപ്പിച്ച്, ശിരസ്സുയർത്തി നിലകൊള്ളേണ്ടുന്ന ഈ ഇരുട്ടിന്റെ നാളുകളിൽ, അഹന്തയും അധികാരഗർവ്വും വിവേകരാഹിത്യവും ജനാധിപത്യവിരുദ്ധതയും മുഖമുദ്രയാക്കി സിപിഐ(എം) മുതലാളിത്ത വലതുരാഷ്ട്രീയത്തിന്റെ ദുർഗന്ധം വമിക്കുന്ന പ്രസ്ഥാനമായി മാറിയിരിക്കുന്നു.**

ഗൗരവവും മഹിമയും ചോർത്തിക്കളഞ്ഞ് സിപിഐ(എം) ഇടതുരാഷ്ട്രീയത്തെ ഉദരപൂരണത്തിന്റെ നാണംകെട്ട മാർഗ്ഗമാക്കി അധഃപതിപ്പിച്ചിരിക്കുന്നു. ക്രിമിനൽ മൂലധന നിക്ഷേപത്തിന്റെ അടിയുറച്ച നടത്തിപ്പുകാരായിക്കൊണ്ട് കോർപ്പറേറ്റ് ശക്തികൾക്കുവേണ്ടി ഉളുപ്പില്ലാതെ വിടുപണി ചെയ്യുന്നു. ചരിത്രത്തിലില്ലാത്തവിധം രാജ്യം ഒന്നടങ്കം ജനകീയ പ്രക്ഷോഭങ്ങൾക്കായി അദമ്യമായി ദാഹിക്കുമ്പോൾ, അവർ പ്രക്ഷോഭത്തിന്റെ രാഷ്ട്രീയത്തെ പടിയടച്ച് പിണ്ഡംവച്ചിരിക്കുന്നു. യഥാർത്ഥജനകീയപ്രക്ഷോഭങ്ങളെ അടിച്ചമർത്തുക മാത്രമല്ല, പുലഭ്യം പറഞ്ഞ് സ്വയം നാറുന്നു.

മന്ത്രിമാരും പാർട്ടി നേതാക്കളും നിത്യേനയെന്നോണം നടത്തുന്ന വിട്ടുവായൻ വർത്തമാനങ്ങളും മൂന്നാംകിട നിലപാടുകളും സാമൂഹ്യാന്തരീക്ഷത്തെ മലീമസമാക്കുന്നു. ഉന്നത സർക്കാർ വൃത്തങ്ങൾ നേരിട്ടും അല്ലാതെയും നടത്തുന്ന ധൂർത്തിന്റെയും അഴിമതിയുടെയും കഥകൾ, ചുരുളഴിയുന്ന വിവിധതല നേതാക്കളുടെ മാഫിയ ബന്ധങ്ങൾ, തട്ടിപ്പുകളിലും കള്ളക്കടത്തിലും മറ്റുമൊക്കെയുള്ള ഉന്നത തലബന്ധത്തെ സംബന്ധിച്ച ആരോപണങ്ങൾ, സഹകരണ മേഖലയിലെ അഴിമതിയിലൂടെ കത്തിച്ചോർത്തുന്ന കോടികൾ ഒക്കെയും ഗൗരവമുള്ളവയാണ്. സംസ്ഥാന ഭരണത്തിന് നേതൃത്വം നൽകുന്ന സാക്ഷാൽ മുഖ്യമന്ത്രിക്കെതിരെയും നിരവധി ഗുരുതര ആരോപണങ്ങൾ ഉയർന്നു കഴിഞ്ഞു. സ്വർണ്ണക്കള്ളക്കടത്ത് കേസിൽ മുഖ്യമന്ത്രിയുടെ ഓഫീസിന് ബന്ധമുണ്ട് എന്നതുൾപ്പടെയുള്ള ഗുരുതര സ്വഭാവത്തിലുള്ള ആരോപണങ്ങളെ തള്ളിക്കളയാനാവില്ല. പ്രത്യേകിച്ചും മുഖ്യമന്ത്രിയുടെ വലംകൈയും ഇടംകൈയുമായി പ്രവർത്തിച്ചിരുന്ന സ്വന്തം പ്രിൻസിപ്പൽ സെക്രട്ടറിതന്നെ അറസ്റ്റുചെയ്യപ്പെട്ട്, മാസങ്ങളോളം ജയിലിലടയ്ക്കപ്പെട്ട സാഹചര്യത്തിൽ.

സ്വർണ്ണക്കള്ളക്കടത്തും ഡോളർക്കടത്തും പോലെയുള്ള അധോലോക വ്യാപാരങ്ങളിൽ സംസ്ഥാനം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സമുന്നത നേതാക്കൾക്കും മുഖ്യമന്ത്രിക്ക് തന്നെയും നേരിട്ട് ബന്ധമുണ്ടെന്ന ഗൗരവാവഹമായ ആരോപണത്തെ ചുറ്റിപ്പറ്റി മാസങ്ങളായി മാദ്ധ്യമങ്ങൾ നിരവധി ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. കള്ളക്കടത്ത് കേസ്സിലെ കൂട്ടുകച്ചവടക്കാരും പ്രതികളും പരസ്പരം വാരിയെറിയുന്ന സംഭ്രമജനകമായ ആരോപണ-പ്രത്യാരോപണങ്ങളിൽ നേരും നെറിയും ഉറപ്പിക്കാനാവില്ല. എന്നാൽ, ഡോളർ കടത്തുകേസിൽ 2021, മാർച്ച് 4ന് അക്കാലത്തെ കസ്റ്റംസ് കമ്മീഷണർ സുമിത്കുമാർ ഹൈക്കോടതിയിൽ നൽകിയ പതിനഞ്ച് പേജുള്ള പ്രസ്താവനയിൽ, പ്രസ്തുത കേസിൽ മന്ത്രിമാർക്കും ഉന്നതോദ്യോഗസ്ഥർക്കും പങ്കുള്ളതായി ആരോപിച്ചിരുന്നു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്കും പേഴ്സണൽ സ്റ്റാഫിലെ ചിലർക്കും പങ്കുണ്ടെന്നും പറഞ്ഞിരുന്നു. സംസ്ഥാനം ഭരിക്കുന്ന ഉന്നത നേതൃസ്ഥാനീയരെ പരാമർശിക്കുന്ന അഴിമതി ആരോപണങ്ങൾ ഉയർന്നുവന്നാൽ അതിന്റെ നിജസ്ഥിതി ജനങ്ങളെ ബോധ്യപെടുത്താൻ ഇടതുപക്ഷ നേതാക്കൾക്ക് കഴിയേണ്ടതല്ലേ?

കോവിഡ് കാലത്ത് ജനങ്ങളുടെ സ്വകാര്യ വിവരങ്ങൾ അടങ്ങിയ ഡാറ്റ ബേസ് സ്പ്രിംഗ്ളർ എന്ന അമേരിക്കൻ കമ്പനിക്ക് വിൽക്കുന്ന ഇടപാട് നടന്നുവെന്ന് മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ആരോഗ്യ രംഗത്ത്, പിപിഇ കിറ്റ് വാങ്ങിയതിൽ ഉൾപ്പെടെ കോടികളുടെ കമ്മിഷൻ ഇടപാട് നടന്നതിനെ സംബന്ധിച്ച ആരോപണം, മുഖ്യമന്ത്രിയുടെ മകൾ വീണക്ക് കുപ്രസിദ്ധമായ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന കരിമ്പട്ടികയിൽപ്പെടേണ്ട സ്ഥാപനവുമായുള്ള ബന്ധവും അവർ നേടിയെടുത്ത വിദേശ കരാറുകളും, ഷാർജ സുൽത്താന് ബിരുദദാനം നൽകാനുള്ള കോഴിക്കോട് സർവകലാശാലയുടെ ചടങ്ങ് ഹൈജാക്ക് ചെയ്ത് തിരുവനന്തപുരത്ത് നടത്തിയതും ക്ലിഫ് ഹൗസിൽ അവർക്ക് മുഖ്യമന്ത്രിയും കുടുംബവും ആതിഥ്യമരുളിയതും ഉണർത്തിയ ദുരൂഹത, കരുവന്നൂർ ബാങ്ക് ഉൾപ്പെടെയുള്ള അനവധി സഹകരണ ബാങ്കുകളിൽ നടന്ന കോടികളുടെ തട്ടിപ്പുകളിൽ സിപിഐ(എം)ന്റെ ജില്ലാ പ്രാദേശിക നേതാക്കൾക്കുള്ള അനിഷേധ്യമായ പങ്ക് തുടങ്ങി നൂറു കണക്കിന് കേസുകൾ ഉണ്ട്. അവയൊക്കെ പുറത്തുവന്ന സംഭവങ്ങളിൽ ചിലത് മാത്രം. മ്യൂച്വൽ ഫണ്ട് ഉൾപ്പടെയുള്ള ആധുനിക ധനകാര്യ ഇടപാടുകളിലൂടെ സംസ്ഥാന പ്രാദേശിക നേതാക്കൾ ധനസമാഹരണത്തിൽ ഏർപ്പെടുന്ന അധാർമിക ഇടപാടുകളെക്കുറിച്ചും നിരന്തരം വാർത്തകൾ സംസ്ഥാനമെമ്പാടും കേട്ടുകൊണ്ടിരിക്കുന്നു. മദ്യ-മയക്കമരുന്ന് മാഫിയ സംഘങ്ങൾക്ക് സിപിഐ(എം) നേതാക്കൾ പരസ്യമായി ഒത്താശ ചെയ്തു കൊടുക്കുന്നുവെന്നതും ഇടതുപക്ഷത്തെ നെഞ്ചോട് ചേർത്ത് പിടിക്കുന്നവർക്ക് കനത്ത ആഘാതമാണ് സമ്മാനിക്കുന്നത്.

ഭരണം, പണാപഹരണ വഴിയായി കാണുന്ന ഒരു വലിയ വിഭാഗം ഉദയം ചെയ്തിരിക്കുന്നു. അവർ പരസ്പരം മത്സരിച്ച്, അധാർമിക വഴികളിലൂടെ സമ്പാദിക്കുന്നത് ജനങ്ങളുടെ അധ്വാനംകൊണ്ട് സൃഷ്ടിക്കുന്ന പണമാണെന്ന പ്രാഥമിക ധാർമ്മികബോധം പോലും അവരെ അലോസരപ്പെടുത്തുന്നില്ലയെന്നതാണ് ദുഃഖകരം.

അങ്ങനെ, നേതൃനിരയിൽ ഒരു സംഘം ഇവ്വിധം പൊതുപണം കൊള്ളയടിക്കുമ്പോൾ, മറുഭാഗത്ത്, സ്വന്തം പാർട്ടിക്കാർ ഉൾപ്പടെയുള്ള സാധാരണ ജനങ്ങളുടെ ജീവിത സ്ഥിതിയെന്താണ്? നിത്യനിദാന ചെലവുകൾക്കുപോലും പണം കണ്ടെത്താനാകാതെ ദുരിതക്കയത്തിലാണ് സംസ്ഥാനത്തെ സാധാരണ ജനങ്ങൾ. കേന്ദ്ര ബിജെപി സർക്കാരിന്റെ സാമ്പത്തികാതിക്രമങ്ങൾക്ക പുറമേ, സംസ്ഥാന ഇടതു സർക്കാർ ഏർപ്പെടുത്തുന്ന ചാർജ് വർദ്ധനവുകളുടെയും നികുതി വർദ്ധനവുകളുടെയും ഭാരത്താൽ നട്ടം തിരിയുകയാണ് ജനങ്ങൾ. എന്നിട്ടും, ഭക്ഷ്യധാന്യങ്ങൾക്ക് അഞ്ചു ശതമാനം ജിഎസ്ടി വർധിപ്പിക്കാനുള്ള തീരുമാനം എടുക്കുന്ന കേന്ദ്ര ധനകാര്യ യോഗത്തിൽ കേരളത്തിന്റെ ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ സന്നിഹിതനായിരുന്നുവെന്ന് മാത്രമല്ല ആ ജനദ്രോഹ തീരുമാനത്തിന് അദ്ദേഹം കൂട്ടുനിൽക്കുകയും ചെയ്തുവെന്നത് മാപ്പർഹിക്കാത്ത കുറ്റംതന്നെ.

സർവരംഗത്തും ജന രോഷം നീറിപ്പിടിക്കുകയാണ്. എന്നാൽ, ജനശ്രദ്ധയകറ്റുന്നതിൽ വിദഗ്ധരാണവർ. കുതന്ത്രങ്ങൾ പയറ്റുന്നതിലും കൃത്രിമ പ്രശ്നങ്ങൾ കത്തിപ്പൊക്കുന്നതിലും ആധുനിക വലതുപക്ഷ ബൂർഷ്വാ രാഷ്ട്രീയക്കാരെ വെല്ലുന്നവിധത്തിലാണ് സംസ്ഥാന സിപിഐ(എം) നേതാക്കൾ പെരുമാറുന്നത്. കെ റെയിലിനെതിരെ പ്രക്ഷോഭം ആളിക്കത്തുന്ന സന്ദർഭത്തിൽ അപ്രധാന വിഷയങ്ങളിലേക്ക് ശ്രദ്ധ തിരിക്കാൻ സംസ്ഥാന സർക്കാർ പരിശ്രമിച്ചിരുന്നു. രാഷ്ട്രീയ അശ്ലീലമായ പി.സി.ജോർജിന്റെ വർഗീയ വിഷം ചീറ്റുന്ന പ്രസംഗത്തിന്റെ പേരിൽ സർക്കാർ നടത്തിയ അറസ്റ്റ് എന്ന നാടകവും തുടർന്ന് നടന്ന ആഭാസങ്ങളും ശ്രദ്ധ തിരിക്കൽ മാത്രമായിരുന്നു ലക്ഷ്യമിട്ടത്.

നിയമസഭയിലെ സാമാജികർ, വിശേഷിച്ചും സിപിഐ(എം) പാർട്ടിയിലെ മുതിർന്ന നേതാക്കളായ എം.എം.മണിയപ്പോലുള്ളവർ നടത്തിയ മനുഷ്യത്വ ഹീനമായ വഷളൻ പ്രയോഗങ്ങൾ പ്രബുദ്ധ കേരളത്തെ ലജ്ജിപ്പിക്കുന്നു. വിശേഷിച്ചും വനിതാ ജനപ്രതിനിധി കൂടിയായ കെ.കെ.രമയുടെ വൈധവ്യം അവരുടെ വിധിയാണെന്ന എം.എം.മണിയുടെ സഭാതല പ്രസംഗം കേട്ട് ഭരണപക്ഷ എംഎൽഎമാർ ആർത്തു ചിരിച്ചത് കേരള രാഷ്ട്രീയത്തിന്റെ അപചയത്തിന്റെ ആഴം വ്യക്തമാക്കുന്നതായിരുന്നു. ഒരു ഇടതുപക്ഷ രാഷ്ട്രീയ നേതാവിനെ നിഷ്ഠുരമാംവിധം കൊലപ്പെടുത്തുക, എന്നിട്ട്, അദ്ദേഹത്തിന്റെ പത്നിയും പാർട്ടി നേതാവും ജനപ്രതിനിധിയുമായ ഒരു വ്യക്തിയെ വഷളൻ ഭാഷയിൽ പരസ്യമായി സഭയിൽ അപമാനിക്കുക, അതിനെ മുഖ്യമന്ത്രിതന്നെ ന്യായീകരിക്കുക; നീചമനസ്സിന് ഉടമകളായവർക്ക് മാത്രമേ ഈ വിധത്തിൽ പെരുമാറാനാകൂ.

കേവലമായ പ്രതിപക്ഷ രാഷ്ട്രീയ പ്രതിഷേധം മാത്രമാണെങ്കിലും, കോൺഗ്രസ് പ്രവർത്തകർ വിമാനത്തിൽ മുഖ്യമന്ത്രിക്കെതിരെ കൊടിയുയർത്തിപ്രതിഷേധിച്ചതിന് തത്സമയം അവരെ കായികമായി ആക്രമിക്കുകയും മർദ്ദിക്കുകയും ചെയ്ത എൽഡിഎഫ് കൺവീനറും പാർട്ടി നേതാവുമായ ഇ.പി. ജയരാജന്റെ നടപടി ഗുണ്ടായിസത്തിന്റെ പട്ടികയിലാണ് വരുന്നത്. എല്ലാ ജനാധിപത്യ പ്രതിഷേധങ്ങളോടും അസ്സഹിഷ്ണത കാട്ടുകയും പാർട്ടി നേതാക്കളുടെ കുറ്റകൃത്യങ്ങളെ ന്യായീകരിക്കുകയും ചെയ്യുന്ന മുഖ്യമന്ത്രി പിണറായി വിജയനാകട്ടെ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ മഹത്വവും യശസ്സും കെടുത്തിക്കളയുക മാത്രമല്ല ജീർണ്ണമായ വലതുപക്ഷ രാഷ്ട്രീയത്തെ പോലും ലജ്ജിപ്പിക്കുകയാണ്.

ഓരോ വിവാദങ്ങൾ മുറുകുമ്പോഴും ഇടതു നേതാക്കൾ കൂടുതൽ തുറന്ന കാട്ടപ്പെടുകയോ അപഹാസ്യരാകുകയോ ചെയ്യപ്പെടുന്ന എന്നതാണ് എടുത്തു പറയേണ്ട പൊതുസ്ഥിതി. വയനാട്ടിലെ പാർലമെന്റ് അംഗവും കോൺഗ്രസ്സിന്റെ ദേശീയ നേതാവുമായ രാഹുൽ ഗാന്ധിയുടെ ഓഫീസിന് നേരെ എസ്എഫ്ഐയുടെ ഒരു സംഘം നടത്തിയ ആക്രമണം സിപിഐ(എം)ന്റെ രാഷ്ട്രീയ പാപ്പരത്തം വിളിച്ചോതുന്ന ഒരു സംഭവമായിരുന്നു. ഒരു രാഷ്ട്രീയപാർട്ടിയുടെ നേതാവിന് നേരെയോ ഓഫീസിന് നേരെയോ ഒരു സമരത്തിന്റെ പേരിൽ മറ്റൊരു രാഷ്ട്രീയ കക്ഷിയോ സംഘടനകളോ ഇത്തരം ആക്രമണം നടത്തുന്നത് കേരളത്തിൽ അസാധാരണമാണ്. അത് ഇടതുപക്ഷ രീതിയല്ല; മറിച്ച് ഫാസിസ്റ്റ് രീതിയാണ്. വിദ്യാഭ്യാസ മേഖല നേരിടുന്ന ഏതെങ്കിലും വിഷയങ്ങളോ വിദ്യാർത്ഥി സമൂഹത്തിന്റെ ഏതെങ്കിലും പ്രശ്നങ്ങളോ ഉന്നയിച്ചു സമരം നടത്തിക്കൊണ്ടിരിക്കുന്നവരല്ല ഇപ്പോൾ എസ്എഫ്ഐക്കാർ എന്ന് എല്ലാവർക്കും അറിയാം. കേന്ദ്ര സർക്കാരും എൽഡിഎഫ് നയിക്കുന്ന സംസ്ഥാന സർക്കാരും ചേർന്ന് വനസംരക്ഷണത്തിന്റെ പേരിൽ നടപ്പാക്കുന്ന ബഫർ സോണിനെതിരെ പ്രതിഷേധിച്ചുകൊണ്ടാണ് ഇക്കൂട്ടർ, കേന്ദ്രത്തിലും സംസ്ഥാനത്തും പ്രതിപക്ഷത്തിരിക്കുന്ന ഒരു പാർട്ടിയുടെ എംപിയുടെ ഓഫീസിന് നേരെ ആക്രമണം നടത്തിയത്! ഓഫീസ് കൈയേറി അക്രമം നടത്തുക മാത്രമല്ല 'കൃഷിസ്നേഹികളും കർഷക സംരക്ഷകരും' ആയ അവർ രാഹുൽഗാന്ധി ഇരിക്കേണ്ട കസേരയിൽ ഒരു വാഴ കൊണ്ടുവച്ച് 'ജനകീയ ജനാധിപത്യ വിപ്ലവ'ത്തിലേക്ക് ഒരു ചുവടു കൂടി മുന്നേറി! കോൺഗ്രസ് ബഫർസോണിനെ പിന്തുണയ്ക്കുന്നു എന്ന് പരോക്ഷമായി സ്ഥാപിച്ചുകൊണ്ട്, സ്വന്തം മുഖം രക്ഷിക്കുക എന്ന സിപിഐ(എം) തന്ത്രമായിരുന്നു അതിനു പിന്നിൽ. ഒടുവിൽ, വെളുക്കാൻ തേച്ചത് പാണ്ടായി എന്ന് മനസിലാക്കിയ സിപിഐ(എം)നേതൃത്വം എസ്എഫ്ഐയെ തള്ളിപ്പറയുകയും വയനാട് എസ്എഫ്ഐ ജില്ലാ കമ്മിറ്റി പിരിച്ചുവിടുകയും ചെയ്തു. 2019ൽ കേരള നിയമസഭ ബഫർ സോണിനെ അനുകൂലിച്ച് പാസാക്കിയ പ്രമേയത്തിന്റെ വിവരങ്ങൾ മാദ്ധ്യമങ്ങളിലൂടെ പുറത്തു വന്നതോടെ അക്ഷരാർത്ഥത്തിൽ ഈ കൂട്ടർ ഇളിഭ്യരായി മാറി.

ഈ പ്രതിസന്ധികളിൽനിന്ന് മുഖം രക്ഷിക്കാനുള്ള സമ്മർദ്ദം ശക്തമായപ്പോഴാണ് എകെജി സെന്ററിനുനേരെയുള്ള 'ബോംബേറ് സംഭവം' ഉണ്ടാകുന്നത്. എകെജി സെന്ററിനു നേരെ ബോംബേറ് എന്ന പേരിൽ നടന്ന നാടകത്തെ സംബന്ധിച്ച് എഴുതി യൂണിറ്റിയുടെ വിലപ്പെട്ട ഇടം നഷ്ടപ്പെടുത്തരുതെന്ന് യഥാർത്ഥത്തിൽ ആഗ്രഹമുണ്ട്. എങ്കിലും പ്രതികരിക്കേണ്ടി വരുന്നത് വളരെ ഗൗരവമുള്ള ചില സാമൂഹ്യഘടകങ്ങൾ ഇതിൽ ഉൾ

(ശേഷം 13-ാം പേജിൽ)

# കേരള ചരിത്രത്തിൽ ഇത്രമേൽ വലതുപക്ഷവല്ക്കരിക്കപ്പെട്ട മറ്റൊരു ഇടതുമുന്നണി ഭരണം ഉണ്ടായിട്ടില്ല

*(12–ാം പേജിൽ നിന്ന്)*

പെട്ടിരിക്കുന്ന എന്നതിനാൽമാത്രമാണ്. തീർത്തും സങ്കുചിതമായ രാഷ്ട്രീയ ലക്ഷ്യങ്ങളോടെ കൃത്രിമമായി പടച്ചുണ്ടാക്കിയ ഒരു തിരക്കഥ മാത്രമായിരുന്നു ഈ ബോംബേറെന്ന് കേരളമൊന്നായി ഇന്ന് വിശ്വസിക്കുന്നു. പരമനാണയെന്ന് പൂർണ്ണബോധ്യത്തോടെ പി.കെ. ശ്രീമതി ടീച്ചർ ഉൾപ്പടെയുള്ള നേതാക്കൾ നടത്തിയ ദൃക്‌സാക്ഷി വിവരണം അവരെ അടിമുടി അപഹാസ്യരാക്കി. ക്യാമറയ്ക്ക് മുന്നിൽ അതിഭാവുകത്വം നിറഞ്ഞ പ്രകടനങ്ങൾ നടത്തുന്നതിൽ നേതാക്കൾ മത്സരിക്കുകയായിരുന്നു! പോലീസ് സ്ഥലത്തെത്തി വിശദമായ പരിശോധനകൾ നടത്തിയിട്ടും സ്‌ഫോടനം നടന്നതായി പറയപ്പെടുന്ന സ്ഥലത്ത് കിടക്കുന്ന കടലാസ് പോലും കരിഞ്ഞതായി കാണാൻ കഴിഞ്ഞില്ല. സിസിടിവി ദൃശ്യങ്ങൾ നൽകുന്ന സൂചനകൾ വച്ചുകൊണ്ട് നടത്തിയ അന്വേഷണങ്ങൾ എല്ലാം അവിടെയുമിവിടെയും 'തട്ടി' വഴിമുട്ടി. ഒടുവിൽ കുപ്രസിദ്ധമായ സുകുമാര കുറുപ്പിന്റെ കേസിനോടൊപ്പം ഇതുകൂടി ചേർത്ത് വെച്ച് എൽഡിഎഫ് കൺവീനർ സ്വയം തടിതപ്പി. പക്ഷേ ഈ ബോംബ് കഥയുടെ തുടക്കത്തിൽതന്നെ ബോംബെറിഞ്ഞത് കോൺഗ്രസുകാരാണെന്ന് സംശയ രഹിതമായി പ്രഖ്യാപിക്കാൻ ഈ നേതാവിന് മടിയുണ്ടായില്ല എന്നതാണ് വിചിത്രം!

ഇതിന്റെ പേരിൽ പ്രതിഷേധമെന്ന പേരിൽ കാട്ടിക്കൂട്ടിയ പേക്കൂത്തുകളും അക്രമങ്ങളും ജനങ്ങളിൽ ഉണർത്തിയത് പരമപുച്ഛത്തിന്റെ വികാരം മാത്രം. സിപിഐ(എം) തങ്ങളെ വിഢ്ഢികളാക്കി, അപമാനിക്കുകയാണെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞു. നേതാക്കൾ സ്വയം വിലകെടുത്തി, ജനങ്ങളുടെ മുമ്പിൽ നഗ്നരാക്കപ്പെടുകയാണെന്നത് തിരിച്ചറിയാൻ പോലുമാകാത്തവിധം അധഃപതിച്ചുപോയിരിക്കുന്നു ഈ പ്രസ്ഥാനം. നെറിവിനും സത്യസന്ധതയ്ക്കും ഒരു വിലയുമില്ലാതാക്കിയ ഈ നേതാക്കളെ വിശ്വാസത്തിലെടുക്കാൻ ഒരാൾപോലുമില്ല. നാലാൾകൂടുന്നിടത്ത് എവിടെയും പരിഹസിക്കപ്പെടുകയാണ് സിപിഐ(എം) എന്ന പാർട്ടി.

ഈ സാഹചര്യം സാമൂഹ്യമനസ്സാക്ഷിയിൽ ആഴത്തിലുള്ള മരവിപ്പാണ് സൃഷ്ടിക്കുന്നത്. നേതാക്കളുടെ ആക്രോശങ്ങളും പ്രതിഷേധമെന്ന പേരിലുള്ള വികാരപ്രകടനങ്ങളുമെല്ലാം നാട്യംമാത്രം. ജനങ്ങളെ വിഢ്ഢികളാക്കാനുള്ള ഇരട്ടത്താപ്പുമാത്രം. കേരളത്തിന്റെ സാമൂഹ്യമനോഘടനയിൽ ഇത് സൃഷ്ടിക്കുന്ന ആഘാതം അത്ര ചെറുതല്ല. ഒന്നിലും വിശ്വാസമില്ലാത്ത സിനിക്കുകളെ വളർത്തി, ശരിയായ മുന്നേറ്റങ്ങളെയും ഇരട്ടത്താപ്പായി കാണാൻ ജനങ്ങളെ പരിശീലിപ്പിക്കുകയാണിവർ. ഒരു തരത്തിലുമുള്ള സംഘടിതപ്രവർത്തനത്തേയും വിശ്വാസത്തിലെടുക്കാൻ ആർക്കും കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെടുന്നു. ഒരിടതുപക്ഷ പ്രസ്ഥാനം ഇത്രമേൽ വിശ്വാസ്യത നഷ്ടപ്പെടുത്തുന്നത്, ജനങ്ങളുടെ അവസാനത്തെ പ്രതീക്ഷയും തല്ലിക്കൊഴിക്കുന്നു. ഇടതുപക്ഷരാഷ്ട്രീയത്തിന്റെ വ്യതിരിക്തതയിൽ പ്രതീക്ഷ അർപ്പിച്ചിരിക്കുന്ന എത്രയോ നല്ല മനുഷ്യർ ഈ മണ്ണിലുണ്ട്. അവരെയെല്ലാം നിരായുധരാക്കുകയാണ് സിപിഐ(എം)ന്റെ അറുവഷളായ ഈ അധമരാഷ്ട്രീയം.

പ്രതിപക്ഷ പാർട്ടികളുടെ ഭാഗത്തുനിന്നും പ്രതിഷേധ പരിപാടികൾ ഉണ്ടാകുന്നത് ജനാധിപത്യത്തിൽ അസാധാരണ കാര്യമല്ല. പക്ഷേ അതിന്റെ പേരിൽ പ്രതിഷേധിക്കുന്നവരെ തല്ലിച്ചതച്ചും റിമാന്റ് ചെയ്തും കറുത്ത മാസ്ക്ക് പോലും ധരിക്കാൻ ജനങ്ങളെ അനുവദിക്കാതെയും നഗരങ്ങളിൽ വൻ ഗതാഗതകുരുക്കുകൾ സൃഷ്ടിച്ച് മുഖ്യമന്ത്രിക്ക് വീഥി ഒരുക്കിയും കെ.കരുണാകാരനെ വെല്ലുന്ന വിധത്തിൽ സംസ്ഥാനത്ത് പോലീസ് ജനങ്ങളുടെ സൈ്വര്യ ജീവിതം തകർക്കുകയുമാണ് ചെയ്തത്.

കണ്ണൂരിൽനിന്നും തിരുവനന്തപുരത്തേക്കുള്ള ഇൻഡിഗോയുടെ വിമാനത്തിനുള്ളിൽ ടിക്കറ്റെടുത്ത് യാത്ര ചെയ്ത രണ്ട് യുവാക്കൾ തിരുവനന്തപുരം എത്തി മുഖ്യമന്ത്രി പുറത്തിറങ്ങിയശേഷം വിമാനത്തിനുള്ളിൽ വച്ച് 'പ്രതിഷേധം പ്രതിഷേധം', ' മുഖ്യമന്ത്രി രാജി വയ്ക്കുക്' എന്നീരണ്ടുമുദ്രാവാക്യങ്ങൾ വിളിക്കുകയും എൽഡിഎഫ് കൺവീനർ നിയമം കൈയിലെടുത്ത് അവരെ ആക്രമിച്ചതും തള്ളി മറിച്ചിടുകയും ചെയ്തത് മാധ്യമങ്ങൾ വഴി ജനങ്ങൾ വ്യക്തമായി കണ്ടതാണ്. പക്ഷേ, ആ ചെറുപ്പക്കാർക്കെതിരെ മുഖ്യമന്ത്രിയെ വധിക്കാൻ ശ്രമിച്ചു എന്ന ആരോപണം ഉന്നയിച്ച് വധശ്രമത്തിന്റെ വകുപ്പുകൾ ചേർത്ത് കേസ് എടുത്ത് ജയിലിലടച്ചു. മുദ്രാവാക്യം വിളിച്ച് മനുഷ്യരെ വധിക്കുന്ന പുതിയ സമ്പ്രദായം വല്ലതും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടോ എന്നറിയില്ല; അതോ, ചെറിയ മുദ്രാവാക്യം വിളി കേട്ടാൽ പോലും മരിച്ചു പോകുന്ന അവസ്ഥയിൽ മുഖ്യമന്ത്രി ദുർബ്ബലനായി മാറിയതാണോ എന്നും സന്ദേഹിക്കേണ്ടിയിരിക്കുന്നു! ഈ സംഭവത്തെപ്പോലും വലിയ ഗൂഢാലോചനയായി ചിത്രീകരിക്കുന്നുവെന്നതാണ് രസകരം. അത്ര ഭീകരമായ ഒരു ഗൂഢാലോചനക്ക് നേതൃത്വം നല്കിയതായി ആരോപിച്ച് പ്രമുഖ യൂത്ത് കോൺഗ്രസ് നേതാവ് ശബരീനാഥിനെ അറസ്റ്റ് ചെയ്ത സർക്കാർ വീണ്ടും പുതിയ വിവാദം സൃഷ്ടിച്ചു. എന്നാൽ, അവിടംകൊണ്ട് വിവാദങ്ങൾ അവസാനിച്ചില്ല! ഇൻഡിഗോ വിമാന കമ്പനി വിമാനത്തിലെ സംഭവങ്ങളെ കുറിച്ച് അന്വേഷണം നടത്തി മുഖ്യമന്ത്രിയുടെ 'രക്ഷകനായ' ഇ.പി.ജയരാജനെ മൂന്ന് ആഴ്ചത്തേയ്ക്ക് യാത്രാ വിലക്ക് ഏർപ്പെടുത്തി. അതിന്റെ പേരിൽ വിമാന കമ്പനിക്കെതിരെ വിലക്ക് പ്രഖ്യാപിക്കുകയും ട്രെയിനിൽ യാത്ര ചെയ്ത് അവരെ പാഠം പഠിപ്പിക്കുകയും ചെയ്തതാണ് ഈ രാഷ്ട്രീയ കോമഡിയുടെ ആന്റി-ക്ലൈമാക്സ്!

കേരള ചരിത്രത്തിൽ ഇതിനുമുമ്പ് ഒരിക്കലും ഇത്രമേൽ വലതുപക്ഷ വൽക്കരിക്കപ്പെട്ട, ഇത്രയും ഇടതുപക്ഷ വിരുദ്ധ പ്രവണതകൾ പ്രകടിപ്പിച്ചിട്ടുള്ള, ഇത്രയേറെ തരംതാണ രാഷ്ട്രീയ നിലവാരം പുലർത്തുന്ന മറ്റൊരു ഇടതുമുന്നണി ഭരണം ഉണ്ടായിട്ടില്ല. ജനജീവിതത്തിന്റെ താളം തെറ്റിക്കുന്ന നിർണായകമായ നടപടികൾ എല്ലാ മേഖലകളിലും നടപ്പാക്കപ്പെട്ടുകൊണ്ടിരിക്കുമ്പോഴും അവയൊന്നും ജനങ്ങൾക്കിടയിൽ ഗൗരവമേറിയ ചർച്ചകൾക്ക് വിഷയം ആകരുത് എന്ന നിർബന്ധ ബുദ്ധിയോടെ അന്തസാര ശൂന്യമായ വിഷയങ്ങൾ ഈ വിധത്തിൽ സജീവമായി ഇവർ കത്തിച്ചു നിർത്തുന്നു. സെൻസേഷണലിസത്തിന്റെ പിന്നാലെ പായുന്ന കമ്പോളവൽക്കരിക്കപ്പെട്ട കോർപ്പറേറ്റ് മാദ്ധ്യമങ്ങൾ അതിന് ഒത്താശ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു. 3,30,000 കോടി രൂപയുടെ കടക്കെണിയിൽ അകപ്പെട്ട് അതി ഗുരുതരമായ സാമ്പത്തിക കുഴപ്പത്തിൽ ഉഴലുന്ന കേരളത്തിന്റെ ദുരവസ്ഥയ്ക്ക് കാരണമെന്തെന്നും അതിന്റെ കാരണക്കാർ ആരെന്നും പ്രതിസന്ധിയിൽ നിന്നുമുള്ള മോചനത്തിന്റെ മാർഗ്ഗമെന്തെന്നും ഒരു രാഷ്ട്രീയ വിഷയമായി ഇന്നും ചർച്ച ചെയ്യപ്പെടുന്നില്ല. കഴിഞ്ഞ സാമ്പത്തിക വർഷം 24,919 കോടി രൂപയാണ് കടമെടുത്തത്. അതിൽ 23,105 കോടി രൂപ പലിശ കൊടുക്കാൻ മാത്രം ചെലവാക്കി. ഈ വർഷം കടമെടുക്കാൻ കേന്ദ്രം അനുവദിക്കുന്നില്ല എന്ന മുറവിളി ഉയർത്തുകയാണ് ധനമന്ത്രി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷംമാത്രം വരുത്തിയ കടം 1,75,000 കോടി രൂപയാണ്. ഇത് ഇക്കാലമത്രയും ഭരിച്ച സർക്കാരുകൾ എല്ലാം ചേർന്നുവരുത്തിയ ആകെ ബാധ്യതയെക്കാൾ ഏറെയാണ്.

അതിഭീമമായ കറണ്ട് ചാർജ് വർദ്ധനവ്, ബസ്ചാർജ് വർദ്ധനവ്, ഗവൺമെന്റ് തലത്തിലുള്ള എല്ലാ ഫീസുകളുടെയും ചാർജ്ജുകളുടെയും വർദ്ധനവ്, ആവശ്യവസ്തുക്കളുടെ എല്ലാം വില വർദ്ധനവ് എന്നിങ്ങനെ എല്ലാ രീതിയിലും ജനങ്ങൾക്കെതിരെ കടുത്ത നടപടികൾ ഗവൺമെന്റ് നടപ്പാക്കി കൊണ്ടിരിക്കുകയാണ്. ഇതിനേക്കാൾ ശക്തമായ ആക്രമണങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ ദേശീയ തലത്തിലും നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

**ജീർണമായ ബൂർഷ്വാ രാഷ്ട്രീയ പാതയിൽ സഞ്ചരിക്കുന്ന പാർട്ടികൾക്ക് സംഭവിക്കാവുന്ന പതനത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ് സിപിഐ(എം)ന്റെ സമകാലിക ധാർമിക തകർച്ചയെന്ന് തിരിച്ചറിയാൻ കഴിയും. നന്മ കാംക്ഷിക്കുന്ന ആർക്കും ആ പാർട്ടിയിൽ പ്രതീക്ഷ അർപ്പിക്കാൻ കഴിയാതെ വന്നിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പതാകയേന്തുന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സംസ്ഥാനത്ത് വളർത്തിയെടുക്കാൻ ശ്രമിക്കുന്ന സമരരാഷ്ട്രീയമാണ് പ്രതീക്ഷാ നിർഭരമായി മുന്നേറുന്നത്.**

മുതലാളിത്ത ചൂഷണത്തിനെതിരെ, അടിച്ചമർത്തലുകൾക്കെതിരെ, അതിശക്തമായ ജനകീയ പ്രക്ഷോഭം വളർത്തിയെടുക്കുവാൻ പാകത്തിന് ജനങ്ങളെ സംഘടിത രാഷ്ട്രീയ ശക്തിയാക്കി ഏകോപിപ്പിക്കുക എന്ന ഉത്തരവാദിത്തം അടിയന്തരമായി നിർവഹിക്കേണ്ട ഈ കാലഘട്ടത്തിൽ ഭരണവർഗ രാഷ്ട്രീയത്തിന്റെ ഭാഗമായിരുന്നുകൊണ്ട് ഏറ്റവും ജീർണ്ണമായ രാഷ്ട്രീയ നീക്കങ്ങൾ നടത്തി ജനങ്ങളെ വഞ്ചിക്കുകയും വഴിതെറ്റിക്കുകയും ചെയ്യുന്ന നിലപാടാണ് സിപിഐ(എം)ന്റെനേതൃത്വത്തിൽ വ്യവസ്ഥാപിത ഇടതുപക്ഷം ചെയ്തുകൊണ്ടിരിക്കുന്നത്.

ലോകമെമ്പാടുമുള്ള ചൂഷിതരായ ജനങ്ങളുടെ വിമോചന സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുന്ന മഹത്തായ വിപ്ലവങ്ങൾ നടത്തി തൊഴിലാളി വർഗ്ഗത്തിന് വിമോചനത്തിന്റെ പാത കാട്ടിക്കൊടുത്ത മഹാന്മാരായ ആചാര്യന്മാരുടെ നാമവും തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിന്റെ മഹത്വവും ദുരുപയോഗം ചെയ്തുകൊണ്ട് അധമമായ ബൂർഷ്വാ പാർലമെന്ററി രാഷ്ട്രീയത്തിന്റെ അഴുക്കുചാലിൽ മുതലാളിത്ത സേവയുടെ നല്ല മാതൃകകളായി നിലകൊള്ളുന്ന സിപിഐ(എം)ഉം മറ്റ് വ്യവസ്ഥാപിത ഇടതുപക്ഷ പാർട്ടികളും ഏറ്റവും തൊഴിലാളി വിരുദ്ധമായ നടപടികളാണ് ഇന്ന് കൈക്കൊണ്ടുകൊണ്ടിരിക്കുന്നത്.

ആകെത്തുകയിൽ, കേരളത്തിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളാകെ മലിനപ്പെട്ടിരിക്കുന്നു. അപഹാസ്യമായ സംഭവങ്ങൾ ഓരോന്നും ഇടതുപക്ഷ മനസ്സിൽ ആഴത്തിലുള്ള മുറിവാണ് ഏൽപ്പിക്കുന്നത്. പ്രബുദ്ധമായ ഇടതുപക്ഷ രാഷ്ട്രീയ യശസ്സിനാണ് കളങ്കമേൽക്കുന്നത്. ഇടതുപക്ഷം കെടാതെ കാത്തുസൂക്ഷിക്കേണ്ട രാഷ്ട്രീയ ധാർമികതയെയാണ് അവർ കുഴിച്ച് മൂടുന്നത്. വലതുപക്ഷ രാഷ്ട്രീയത്തിന്റെ പതനപാതയിലേക്ക് അവർ സ്വയം നിലം പതിക്കുന്നു. ഒപ്പം, കേരള സമൂഹത്തെയും വലതുപക്ഷ പാളയത്തേക്ക് തള്ളിവിടുന്നു. സിപിഐ(എം) ഉന്നത നേതാക്കളുടെ അധാർമികവും അസൻമാർഗികവുമായ ചെയ്തികൾ ഇടതുപക്ഷ പ്രവർത്തകരിൽപോലും അവമതിപ്പ് സൃഷ്ടിക്കുന്നുണ്ട്. വലതുപക്ഷ ശക്തികൾ സിപിഐ(എം)ന്റെ ചെയ്തികളെ കമ്മ്യൂണിസത്തിനും മാർക്സിസത്തിനും എതിരായ ആയുധമായി ഉപയോഗിക്കുന്നുവെന്നതാണ് ഏറെ വേദനാകരം.

ജീർണമായ ബൂർഷ്വാ രാഷ്ട്രീയ പാതയിൽ സഞ്ചരിക്കുന്ന പാർട്ടികൾക്ക് സംഭവിക്കാവുന്ന പതനത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ് സിപിഐ(എം)ന്റെ സമകാലിക ധാർമിക തകർച്ചയെന്ന് തിരിച്ചറിയാൻ കഴിയും. നന്മ കാംഷിക്കുന്ന ആർക്കും ആ പാർട്ടിയിൽ പ്രതീക്ഷ അർപ്പിക്കാൻ കഴിയാതെ വന്നിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പതാകയേന്തുന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സംസ്ഥാനത്ത് വളർത്തിയെടുക്കാൻ ശ്രമിക്കുന്ന സമരരാഷ്ട്രീയമാണ് പ്രതീക്ഷാ നിർഭരമായി മുന്നേറുന്നത്. ജനാധിപത്യ ബഹുജന പ്രക്ഷോഭങ്ങൾ സൃഷ്ടിക്കുന്ന സാംസ്കാരികാന്തരീക്ഷം യഥാർത്ഥ ഇടതുപക്ഷ മുന്നേറ്റത്തിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കും. കെ റെയിലിനെതിരെ പ്രക്ഷോഭം വളർത്തിയെടുക്കുവാൻ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടി അക്ഷീണം പരിശ്രമിച്ചത് ഒരു ഉദാഹരണം. സംസ്ഥാനമെമ്പാടും ചെറുതും വലുതുമായി അനേകം പ്രക്ഷോഭങ്ങൾ ഇടതുപക്ഷ സമര രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ ശക്തിപ്പെട്ടുവരും. സിപിഐ(എം), സിപിഐ പാർട്ടികളിൽ വിശ്വാസം നഷ്ടപ്പെട്ട ആത്മാർത്ഥതയും സത്യസന്ധതയും കൈമുതലായുള്ള പ്രവർത്തകർ ഈ പ്രക്ഷോഭത്തിന്റെ പാതയിലേക്ക് കടന്നു വരണം. സിപിഐ, സിപിഐ(എം) പാർട്ടികൾക്ക് കമ്മ്യൂണിസ്റ്റ് ആദർശം ജീവിതത്തിൽ പകർത്താൻ കഴിയാതെ പോയതിനാൽ അവർ പരാജയപ്പെട്ടു. പക്ഷേ, വിപ്ലവ മുന്നേറ്റ പാതയിൽ, കമ്മ്യൂണിസ്റ്റ് ധാർമികതയിലും നൈതികതയിലും അടിയുറച്ചുപൊരുതുന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മുന്നേറുകയാണ്, ഇന്ത്യയിൽ എവിടെയും നമുക്ക് അത് കാണാനാകും. കമ്മ്യൂണിസ്റ്റ് വിശ്വാസികൾക്കും യഥാർത്ഥ ഇടതുപക്ഷ പ്രവർത്തകർക്കും എസ്‌യുസിഐഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പരിശ്രമങ്ങൾക്ക് ഒപ്പം ചേരാം. കേരളത്തിലെ ഇടത് ജനാധിപത്യ മുന്നേറ്റങ്ങൾക്ക് ശക്തിപകരാം. ■

# സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളിൽനിന്ന്

പാർട്ടി സ്ഥാപന വാർഷികം ആചരിച്ചുകൊണ്ട് 1974 ഏപ്രിൽ 24ന് സഖാവ് ശിബ്ദാസ് ഘോഷ് നടത്തിയ പ്രസംഗത്തിലെ ഒരു ഭാഗം. ഇന്ദിര ഗാന്ധിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര കോൺഗ്രസ്സ് സർക്കാരിനെതിരെ ജനരോഷം വ്യാപകമാകുന്ന സമയത്ത് ജനാധിപത്യ സമരങ്ങൾക്ക് ശരിയായ രാഷ്ട്രീയ നേതൃത്വം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നൽകിയാണ് അദ്ദേഹം ഈ പ്രസംഗം നടത്തിയത്.

**ചൂ**ഷണവും അടിച്ചമർത്തലും തങ്ങളുടെ സഹനശേഷിയുടെ പരിധികൾ ലംഘിച്ചപ്പോൾ, ഗുജറാത്തിൽ ജനങ്ങളാരംഭിച്ച ശക്തമായ പ്രക്ഷോഭത്തിന് അധികം മുന്നോട്ടു പോകാനായില്ല എന്നത് നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടാകും. ബീഹാറിലും, ജനങ്ങളുടെ കോപവും നിരാശയും, അവരുടെ ത്യാഗവും, അവർ വെടിയുണ്ടകളെപ്പോലും നേരിടുന്നതും, ജീവൻ ത്യജിക്കുന്നതും, ചിന്തിക്കാനാവാത്ത വിധമുള്ള സർക്കാർ അടിച്ചമർത്തലും – ഒക്കെ ഉണ്ടായിരിക്കെ, പ്രക്ഷോഭത്തിന്റെ നേതൃത്വം ഇന്നും ഫലത്തിൽ അത്തരം ശക്തികളുടെ കൈകളിലാണെന്നിരിക്കെ, അനിവാര്യമായ പരിണതിയെന്ന നിലയിൽ അവിടെയും സമാനമായൊരു വിധിയുണ്ടാകുന്നത് വിദൂരമല്ല. അടിച്ചമർത്തൽ നിലനിൽക്കുന്ന കാലത്തോളം, അത് മനുഷ്യന്റെ സഹനശക്തിയുടെ പരിധി കടക്കുമ്പോൾ ജനങ്ങളുടെ രോഷം പൊട്ടിത്തെറിയിലേക്കു നീങ്ങും എന്നകാര്യമാണ് ഇവിടെ എനിക്കു നിങ്ങളോട് പറയാനുള്ളത്. ശരിയായ നേതൃത്വം ഉണ്ടായാലും ഇല്ലെങ്കിലും, ശരിയായ തത്ത്വശാസ്ത്രം ഉണ്ടായാലും ഇല്ലെങ്കിലും, സമരപാതയോ നേതൃത്വമോ തെറ്റാണെങ്കിലും, അവർ വീണ്ടും വീണ്ടും പോരാട്ടത്തിന്റെ വേദിയിലേക്ക് വന്നുകൊണ്ടേയിരിക്കും. ജനങ്ങൾ പോരാടും. അവർ യഥാർത്ഥത്തിൽ പോരാടിക്കൊണ്ടേയിരിക്കുകയാണ്. ഇന്ത്യയിലെ സാധാരണ ജനങ്ങൾ ഏറെ രക്തം ചിന്തിയിട്ടുണ്ടെന്നത് നമ്മൾ ഓർക്കണം. ഈ രാജ്യത്തെ ജനങ്ങൾക്ക് പോരാടാൻ അറിയില്ല, ജീവൻ ത്യജിക്കാനറിയില്ല, പോലീസുകാരുടെ തോക്കുകൾ കാണുമ്പോൾത്തന്നെ അവർ പേടിച്ച് വിറച്ച് മാളത്തിലൊളിക്കും എന്നൊക്കെ ആരെങ്കിലും പറഞ്ഞാൽ ഞാൻ അവരോട് ഒട്ടും യോജിക്കുകയില്ല. അവർ ഒന്നുകിൽ രാജ്യത്തിന്റെ ചരിത്രത്തെക്കുറിച്ച്, പ്രത്യേകിച്ചും സ്വാതന്ത്ര്യസമരത്തിലും തുടർന്നും ഉണ്ടായിട്ടുള്ള ബഹുജനമുന്നേറ്റങ്ങളുടെയും ആത്മത്യാഗങ്ങളുടെയും രക്തസാക്ഷിത്വങ്ങളുടെയും ക്രൂരമായ പോലീസ് അതിക്രമങ്ങളുടെയും ചരിത്രത്തെക്കുറിച്ച് അജ്ഞരാണ്. അല്ലെങ്കിൽ, അവർ ആ ചരിത്രത്തെ മനഃപൂർവ്വം വളച്ചൊടിക്കുകയോ വിസ്മരിക്കുകയോ ചെയ്തിരിക്കുന്നു. പൂർണ്ണവിശ്വാസത്തോടെ ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നത്, ഈ രാജ്യത്തെ ജനങ്ങൾ ഇനിയും പൊരുതും എന്നാണ്. പ്രക്ഷോഭത്തെ സംബന്ധിച്ച ജനങ്ങളുടെ നിരാശയും മനംമടുപ്പും എത്തുതന്നെയായാലും, രാഷ്ട്രീയപാർട്ടികളിൽ അവരുടെ അവിശ്വാസം എത്ര തന്നെയായാലും, ഒരു പാർട്ടിയുടെ നേതൃത്വത്തെ അവർക്ക് ഇഷ്ടപെട്ടാലും ഇല്ലെങ്കിലും, ഒരു രാഷ്ട്രീയപ്പാർട്ടിക്കും ഒന്നും ചെയ്യാനാകില്ല എന്ന ചിന്ത അവരിൽ അടിയുറച്ചു പോയാലും, അവർ എന്നും നിഷ്ക്രിയരായിരിക്കില്ല. കാരണം വിശപ്പ് ആളുകളെക്കൊണ്ട് കഠിനമായി ജോലിചെയ്യിക്കുകതന്നെ ചെയ്യും. മനുഷ്യന്റെ സഹനശക്തിയുടെ പരിധി ലംഘിക്കുന്ന തരത്തിൽ അടിച്ചമർത്തലും ചൂഷണവും വർദ്ധിക്കുമ്പോൾ, ജനങ്ങൾ അതുവരെ കടിച്ചമർത്തിയ രോഷം മുഴുവൻ പൊട്ടിത്തെറിക്കുമെന്നത് സുനിശ്ചിതമാണ്. പ്രക്ഷോഭത്തിൽ അണിചേർന്ന് ജീവത്യാഗം ചെയ്യാൻപോലും അവർ സന്നദ്ധരാകും. പക്ഷേ എനിക്ക് ഊന്നിപ്പറയുവാനുള്ളത്, ഇതുകൊണ്ടൊക്കെയും ഒന്നും നേടുകയില്ല എന്നതാണ്. കാരണം, ജനങ്ങളുടെ രോഷവും പ്രതിഷേധവും പ്രക്ഷോഭവും ഒക്കെ എത്രതന്നെ വലുതായിക്കൊള്ളട്ടെ, ശരിയായ രാഷ്ട്രീയബോധത്തിന്റെ അഭാവത്തിൽ, അസംഘടിതരായ ബഹുജനങ്ങളുടെ പ്രതിഷേധ പ്രക്ഷോഭങ്ങൾക്ക് ഏറെ മുന്നേറാൻ കഴിയില്ല.

ഈ മുന്നേറ്റങ്ങളുടെ സ്വഭാവവും രീതിയും അടവുകളും പരിശോധിച്ചാൽ നമുക്ക് തീർച്ചയായും മനസ്സിലാക്കാൻ സാധിക്കുന്നതെന്തെന്നാൽ, സ്വാതന്ത്ര്യസമരകാലം തൊട്ട് ബൂർഷ്വാ നേതൃത്വത്തിന് കീഴിൽ നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന പ്രക്ഷോഭങ്ങളുടെ അതേ രൂപത്തിലുള്ളവയാണ് അവ എന്നുള്ളതാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, അന്തിമമായ രാഷ്ട്രീയ ലക്ഷ്യത്തെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തി, അവരെ രാഷ്ട്രീയ അവബോധം ഉള്ളവരാക്കി, സംഘടിതമായ രൂപത്തിൽ വികസിപ്പിച്ചെടുത്ത പ്രതിരോധ മുന്നേറ്റങ്ങളല്ല അവ. നിലനിൽക്കുന്ന ഭരണസംവിധാനത്തിനെതിരെ പോരാടാനുള്ള ത്വരയായി ജനങ്ങളുടെ ആവലാതികൾ രൂപാന്തരപ്പെടുമ്പോൾ, നേതാക്കൾ തീവ്രമായ പ്രസംഗങ്ങൾ നടത്തി അവരെ വൈകാരികമായി ആവേശം കൊള്ളിച്ച് തെരുവിലേക്കിറക്കുക എന്നതാണ് ഇത്തരം പ്രക്ഷോഭങ്ങളുടെ സ്വഭാവവും രീതിയും. ജനങ്ങൾ തെരുവിൽ സർക്കാരിനെതിരെ പൊരുതുമ്പോൾ നേതാക്കൾ പരമാവധി, ചില ‘സമരപരിപാടികൾ’ അവർക്ക് നിർദ്ദേശിച്ചുകൊടുക്കും. പൊതുവേ ഈ നേതാക്കൾക്ക് ഒരു പോറലും സംഭവിക്കാറില്ല. സർക്കാരിന് എന്തെങ്കിലും ആശങ്ക തോന്നിയാലോ, ഭീതിയുണ്ടായാലോ, ഇനി അല്പം ബുദ്ധിശൂന്യത കാട്ടിയാലോ പരമാവധി സംഭവിക്കുക, അവർ ഈ നേതാക്കളെ അറസ്റ്റ് ചെയ്യും എന്നുള്ളതാണ്. “ദയവായി വരണം സർ” എന്നുപറഞ്ഞ് വളരെ ഭവ്യതയോടെ അവരെ ജയിലിലേക്ക് ആനയിക്കും. നേതാക്കളാകട്ടെ, ഈ ജയിൽവാസത്തെ രാഷ്ട്രീയ മൂലധനമാക്കും. അവർ സന്തോഷപൂർവ്വം ജയിലിൽ പോകും. അവിടെ ഒന്നാം ഡിവിഷൻ തടവുകാരായി മാറി, തടവുകാരെന്ന നിലയിൽ തങ്ങൾ കൂടുതൽ ആനുകൂല്യങ്ങൾ അർഹിക്കുന്നുണ്ടെന്നു പറഞ്ഞ് കലഹിക്കും. പത്തു പതിനഞ്ച് ദിവസങ്ങൾക്ക് ശേഷം അവർ വിജയശ്രീലാളിതരായ പോരാളികളെപ്പോലെ പൂമാലകളണിഞ്ഞ് ജയിലിൽനിന്നും പുറത്തുവന്ന് സർക്കാരിനെതിരെ യുദ്ധകാഹളം മുഴക്കും. അടുത്തെങ്ങാൻ ഒരു തെരഞ്ഞെടുപ്പ് ഉണ്ടെങ്കിൽ വളരെ നന്ന്. “ഈ സർക്കാർ ജനങ്ങൾക്ക് വേണ്ടി യാതൊന്നും ചെയ്തിട്ടില്ല. ഞങ്ങളാണ് പൊരുതിയത്. അതുകൊണ്ട് ഞങ്ങളെ അധികാരത്തിൽ എത്തിക്കൂ. അധികാരകസേരയിൽ ഞങ്ങളെ ഇരുത്തൂ. ഞങ്ങളുടെ സർക്കാർ അധികാരമേറ്റാൽ ഞങ്ങൾ രാമരാജ്യത്തിലെ സുവർണ്ണഭരണം ഇവിടെ സ്ഥാപിക്കും” എന്നൊക്കെ അവർ പ്രഖ്യാപിക്കും. ഇതിനെയാണ് മുതലാളിത്ത രീതിയിലുള്ള സമരമെന്ന് പരാമർശിക്കാൻ ഞാൻ ആഗ്രഹിച്ചത്

സ്വാതന്ത്ര്യസമരത്തിൽ, ബഹുജനങ്ങൾക്കിടയിലുള്ള ബ്രിട്ടീഷ് വിരുദ്ധ വികാരത്തിന് ഒരു ഏകീകൃതവും സംഘടിതവുമായ രൂപം നൽകാതെ, ബ്രിട്ടീഷുകാർക്കെതിരെയുള്ള ഒറ്റപ്പെട്ട ചില പരിപാടികളിലാണ് മുതലാളിത്തം ജനങ്ങളെ പങ്കെടുപ്പിച്ചത്. ഇങ്ങനെ സൃഷ്ടിക്കുന്ന സമ്മർദ്ദം, ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി വിലപേശുന്നതിനായി ഉപയോഗിക്കാനാണ് അവർ ആഗ്രഹിച്ചത്. ഇന്നും പല രാഷ്ട്രീയ പാർട്ടികളും ജനങ്ങൾക്കിടയിലെ അസംതൃപ്തിയും രോഷവും വെറുതെ ആളിക്കത്തിച്ച് പോരാട്ടവേദിയിലേയ്ക്കിറങ്ങാൻ അവരെ പ്രേരിപ്പിക്കുന്നു. അതിന്റെ ഫലമായി ഉണ്ടാകുന്ന പോലീസ് അതിക്രമങ്ങളും ഭരണകൂട അടിച്ചമർത്തൽ നടപടികളും, അതിൽനിന്നും സ്വാഭാവികമായി ഉരുത്തിരിഞ്ഞ് ജനങ്ങൾക്കിടയിൽ പടരുന്ന സർക്കാർ വിരുദ്ധ-ഭരണവർഗ വിരുദ്ധ വികാരവും വെറുപ്പും, അവർ അവരുടെ രാഷ്ട്രീയനേട്ടമാക്കി മാറ്റുന്നു. ഇതിലൂടെയൊക്കെ ഒരു വിപ്ലവം ഉണ്ടാകുമോ, ജനങ്ങളുടെ ദുരിതങ്ങൾക്ക് ഉത്തരവാദിയായ സാമൂഹികസംവിധാനത്തിന് വിപ്ലവകരമായ പരിവർത്തനം ഉണ്ടാകുമോ എന്നതൊന്നും അവരുടെ പരിഗണനാ വിഷയമേയല്ല. പക്ഷേ ജനങ്ങൾക്കിടയിൽ സർക്കാരിനും ഭരണകക്ഷിക്കും എതിരെ വർദ്ധിച്ചുവരുന്ന എതിർപ്പിനെയും വെറുപ്പിനെയും ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ പാർട്ടികളെല്ലാം ചെയ്യുന്നത് എന്താണ്? ചിലർ വിപ്ലവത്തെക്കുറിച്ചും വേറെചിലർ സോഷ്യലിസത്തെ കുറിച്ചും സംസാരിക്കുന്നു; മറ്റുചിലർ ജനങ്ങളെ രാജാക്കന്മാരും പ്രഭുക്കന്മാരുമാക്കാം എന്നുമൊക്കെയുള്ള വമ്പൻ വാഗ്ദാനങ്ങളുടെ നീണ്ട പട്ടിക നിരത്തുന്നു. ഇത്തരം പൊള്ളയായ അവകാശവാദങ്ങളിലൂടെയും നെടുങ്കൻ പ്രസംഗങ്ങളിലൂടെയും വലിയ പരിപാടികൾ അവതരിപ്പിച്ചും അവരെല്ലാം ആത്യന്തികമായി തെരഞ്ഞെടുപ്പിലേക്ക് നീങ്ങി സർക്കാർ ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. ജനങ്ങളുടെ കഷ്ടപ്പാടുകൾ ഒരു സമരമായി രൂപാന്തരം പ്രാപിക്കുന്നു; ജനരോഷം വീണ്ടും വീണ്ടും പ്രതിഷേധമായി പൊട്ടിത്തെറിക്കുന്നു; അതേ സമയം തെരഞ്ഞെടുപ്പ് അധിഷ്ഠിത പാർലമെന്ററി പാർട്ടികൾ ഈ പ്രതിഷേധത്തെ, തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ നേട്ടങ്ങൾ കൊയ്യാനായി വീണ്ടും വീണ്ടും ഉപയോഗിക്കുന്നു – ഈ വിഷമവൃത്തത്തിൽ നിന്നും എങ്ങനെ പുറത്തു കടക്കാം, ജനാധിപത്യമുന്നേറ്റത്തെ, ഇടതുമുന്നേറ്റത്തെ, ജനങ്ങളുടെ വിപ്ലവമുന്നേറ്റത്തെ, ഈ വിഷമവൃത്തത്തിന്റെ പിടിയിൽ നിന്നും എങ്ങനെ മോചിപ്പിക്കാം എന്നതാണ് പ്രസക്തമായ ചോദ്യം.

നിങ്ങൾ ഒരു കാര്യം ഓർമ്മിക്കണം. ജനങ്ങളുടെ രോഷം പൊട്ടിത്തെറിക്കുന്നത്, അതിന്റെ അളവ് എത്ര വലുതുമായിക്കൊള്ളട്ടെ, അത് വിപ്ലവമല്ല. പ്രതിഷേധം സ്വാഭാവികമായി വിപ്ലവത്തെ ആനയിക്കുന്നില്ല. വിപ്ലവമെന്നാൽ നിലനിൽക്കുന്ന ഭരണകൂടസംവിധാനത്തിൽ ഉണ്ടാകുന്ന സമൂലമായ മാറ്റമാണ്. അതായത്, ഇന്നത്തെ ഭരണകൂടത്തെ തകർത്തെറിഞ്ഞ്, അതിന്റെ സ്ഥാനത്ത് പുതിയ ഭരണകൂടം സ്ഥാപിക്കുക. മുതലാളിത്തഭരണകൂടത്തെ തകർത്തെറിയുക എന്നതുകൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നത് ഒരു സോഷ്യലിസ്റ്റ് ഭരണകൂടത്തിന്റെ സ്ഥാപനം എന്നാണ്. അതിലൂടെ ഇന്നത്തെ മുതലാളിത്ത സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ ഘടനയ്ക്ക് സമൂലപരിവർത്തനം നടത്തി അതിന്റെ സ്ഥാനത്ത് സോഷ്യലിസ്റ്റ് ഘടന സ്ഥാപിക്കുക. ഇതിനെയാണ് നമ്മൾ വിപ്ലവം എന്ന് വിളിക്കുന്നത്. ഈ വിപ്ലവകരമായ മാറ്റം, ജനങ്ങളുടെ കുമിഞ്ഞുകൂടിയ ആവലാതികൾ പൊടുന്നനെ പൊട്ടിത്തെറിക്കുന്നതിലൂടെ ഉണ്ടാവുകയില്ല. ചരിത്രമോ ശാസ്ത്രമോ ഇങ്ങനെ പറയുന്നില്ല. അങ്ങനെയൊരു ധാരണ ചരിത്രവിരുദ്ധവും ശാസ്ത്രവിരുദ്ധവുമാണ്. ഇത്തരത്തിൽ പ്രക്ഷോഭവും വിപ്ലവവും ഒന്നുതന്നെയാണെന്ന് പറയുന്നവർ, ഒന്നുകിൽ നിഷ്കളങ്കരായ വിവരദോഷികളാണ്. അല്ലെങ്കിൽ, അങ്ങേയറ്റം കാപട്യക്കാരായ, വിനാശകാരികളായ, തെരഞ്ഞെടുപ്പ് രാഷ്ട്രീയക്കാരാണ്. ജനരോഷം മുതലെടുത്തുള്ള പ്രതിഷേധങ്ങളും, സാമ്പത്തികവാദത്തിലൂന്നിയ പ്രക്ഷോഭങ്ങളും നടത്തുന്നതിലൂടെയും, അവയ്ക്ക് ആക്രമണോത്സുക പരിവേഷം ചാർത്തി അവയെ വിപ്ലവമായി അവതരിപ്പിക്കുന്നതിലൂടെയും യഥാർത്ഥ വിപ്ലവമുന്നേറ്റത്തിന്റെ തയ്യാറെടുപ്പിനെ വഴിതെറ്റിക്കുകയും വിപ്ലവത്തിന്റെ പാതയെതന്നെ തടസ്സപ്പെടുത്തുകയുമാണ് ചെയ്യുന്നത്. അവർ വിപ്ലവത്തിന് മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നു. അതുകൊണ്ട് പ്രക്ഷോഭവും വിപ്ലവവും ഒരേ കാര്യമല്ല എന്നത് മനസ്സിലോർക്കുക. പശ്ചിമബംഗാളിലെ ജനങ്ങൾ ഉടനേയല്ലെങ്കിലും പണ്ടത്തേതുപോലെതന്നെ പ്രതിഷേധ മുന്നേറ്റങ്ങളിൽ അണിചേരുമെന്നുറപ്പാണ്.

ജനരോഷത്തിൽനിന്ന് വീണ്ടും ശക്തമായ പ്രക്ഷോഭം പൊട്ടിപ്പുറപ്പെടും. പക്ഷേ അടിച്ചമർത്തൽ നേരിട്ടുകൊണ്ടുപോലും സർക്കാരിനെതിരെ പൊരുതുന്നവരും, തെരഞ്ഞെടുപ്പ് രാഷ്ട്രീയ വേദിയിലേക്ക് ആകർഷിക്കപ്പെടും. മുതലാളിത്ത വ്യവസ്ഥ, തൊഴിലില്ലായ്മയുടെ പ്രശ്നം, വിദ്യാഭ്യാസ നിലവാരം കൂപ്പുകുത്തുന്നത്, നൈതിക-ധാർമ്മിക നിലവാരം അനുദിനം അധഃപതിക്കുന്നത് – ഒക്കെയും അതുപോലെ തന്നെ തുടരും. ഈ പ്രശ്നങ്ങളെയൊന്നും നിങ്ങൾക്ക് തൊടാനാവില്ല. അനേകം ത്യാഗങ്ങൾ സഹിച്ചാലും, ജനങ്ങളുടെ അസ്സംതൃപ്തിയെ മാത്രം ആശ്രയിച്ചുള്ള പ്രതിഷേധങ്ങളും ആത്മത്യാഗങ്ങളും രക്തസാക്ഷിത്വവും കൊണ്ടുമാത്രം നിങ്ങൾക്ക് വിപ്ലവം സംഘടിപ്പിക്കാൻ കഴിയില്ല. കൃത്യവും വ്യക്തവുമായ രാഷ്ട്രീയ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ സംഘടിച്ചുകൊണ്ടും, രാഷ്ട്രീയ അവബോധം നേടിയ ജനങ്ങളുടെ നീണ്ടുനിൽക്കുന്ന പ്രക്ഷോഭം നടത്താൻ ശേഷിയുള്ള ഒരു സംഘടന സൃഷ്ടിച്ചെടുത്തുകൊണ്ടും മാത്രമേ വിപ്ലവം സാധ്യമാക്കാനാകൂ. ■

(ഇന്നത്തെ സാഹചര്യവും ജനാധിപത്യ പ്രസ്ഥാനം നേരിടുന്ന പ്രധാന അപകടവും, സമാഹൃതകൃതികൾ – നാലാം വോള്യം.)

# കെ റെയിൽ സിൽവർ ലൈൻ പദ്ധതി സമ്പൂർണ്ണമായും പിൻവലിച്ച് സർക്കാർ ഉത്തരവ് ഇറക്കുക; സമരക്കാർക്കുമേൽ ചുമത്തിയിട്ടുള്ള കള്ളക്കേസുകൾ പിൻവലിക്കുക

**തിരുവോണദിനത്തിൽ കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന നേതാക്കൾ സെക്രട്ടേറിയറ്റ് നടയിൽ ഉപവസിക്കുന്നു**

## നൂറുദിവസം പിന്നിട്ട് മാടപ്പള്ളിയിലെ സമരപന്തൽ

കോട്ടയം ജില്ലയിലെ മാടപ്പള്ളിയിൽ സമരപ്പന്തൽ കേന്ദ്രമാക്കിയുള്ള അനിശ്ചിതകാലസത്യാഗ്രഹം നൂറുദിവസങ്ങൾ പിന്നിട്ടു. കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയുടെ ജില്ലയിലെ യൂണിറ്റുകൾ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം തുടങ്ങി വിവിധ ജില്ലകളിലെ സമരസമിതിയുടെ യൂണിറ്റുകൾ, വിവിധ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക സംഘടനകൾ, വിദ്യാർത്ഥി യുവജന മഹിളാ സംഘടനകൾ, ശാസ്ത്ര സംഘടനകൾ, ചെങ്ങറ സമരഭൂമിയുൾപ്പെടെ നിരവധി സമര പ്രസ്ഥാനങ്ങൾ,സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ ശ്രദ്ധേയരായ വ്യക്തിത്വങ്ങൾ തുടങ്ങി നിരവധി വ്യക്തികളും സംഘടനകളും ഇതിനകം സമരപ്പന്തലിൽ എത്തിച്ചേർന്ന് അഭിവാദ്യങ്ങൾ അറിയിച്ചു.



മാടപ്പള്ളിയിലെ സമരപ്പന്തലിൽ 112–ാം ദിവസം സത്യാഗ്രഹം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റിയംഗം സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

## രണ്ടാംഘട്ട സമരം പ്രഖ്യാപിച്ച് തിരുവനന്തപുരം ജില്ലാ കൺവൻഷൻ

കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജൂലൈ 26ന് ആറ്റിങ്ങൽ കച്ചേരിനട മുൻസിപ്പൽ ലൈബ്രറി ഹാളിൽ കൺവെൻഷൻ നടന്നു.

കോവളം എം.എൽ.എ എം. വിൻസെന്റ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ ശ്രീധർ രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലയിൽ പോലീസ് മർദ്ദനത്തിനിരയായവരും അറസ്റ്റ് വരിച്ചവരുമായ നൂറോളം സമര പ്രവർത്തകരെ കൺവെൻഷൻ ആദരിച്ചു. സമരസമിതി ജില്ലാ ചെയർമാൻ രാമചന്ദ്രൻ കരവാരം അധ്യക്ഷത വഹിച്ചു. സമിതി സംസ്ഥാന ചെയർമാൻ എം.പി ബാബുരാജ്, ജനറൽ കൺവീനർ എസ്. രാജീവൻ, സംസ്ഥാന രക്ഷാധികാരി കെ. ശൈവപ്രസാദ്, വനിതാകൺവീനർ ശരണ്യരാജ്, എ.ഷൈജു തുടങ്ങിയവർ പ്രസംഗിച്ചു.



കോഴിക്കോട് ജില്ലാ കൺവൻഷൻ സാഹിത്യകാരനും പ്രഭാഷകനുമായ പി.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.


തിരുവനന്തപുരം ജില്ലാ കൺവൻഷൻ കോവളം എംഎൽഎ എം.വിൻസെന്റ് ഉദ്ഘാടനം ചെയ്യുന്നു.

## കോഴിക്കോട് ജില്ലാ കൺവൻഷൻ

കോഴിക്കോട് സ്പോർട്സ് കൗൺസിൽ ഹാളിൽ നടന്ന കെ റെയിൽസിൽവർ ലൈൻ വിരുദ്ധ സമിതിയുടെ കൺവൻഷൻ സാഹിത്യകാരൻ പി.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രൊഫസർ ഷിബി എം.തോമസ് അധ്യക്ഷത വഹിച്ചു. ജില്ലാ ചെയർമാൻ ടി.ടി. ഇസ്മയിൽ മുഖ്യപ്രഭാഷണം നടത്തി. ജില്ലാകൺവീനർ രാമചന്ദ്രൻ വരപ്രത്ത് സമര പ്രഖ്യാപനം നടത്തി. ■


ക്വിറ്റ് ഇന്ത്യാ ദിനത്തിൽ ആലുവ നാലാം മൈൽ എ.ഡി.എ.ഐ.എ ഹാളിൽ നടന്ന ക്വിറ്റ് കെ റെയിൽ, സേവ് കേരള കൺവൻഷൻ അൻവർ സാദത്ത് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

### ക്വിറ്റ് ഇന്ത്യാ ദിനാചരണം


നേതാജി സുഭാഷ് ചന്ദ്രബോസ് 125–ാം ജന്മവാർഷികാചരണ കമ്മിറ്റി കോട്ടയത്ത് സംഘടിപ്പിച്ച ക്വിറ്റ് ഇന്ത്യാ ദിനാചരണ സമ്മേളനം പ്രൊഫ.സി.മാമ്മച്ചൻ ഉദ്ഘാടനം ചെയ്യുന്നു.

### വനിതകളുടെ സംസ്ഥാന പഠന ക്യാമ്പ്


വനിതകളുടെ ദ്വിദിന സംസ്ഥാന പഠനക്യാമ്പ് എഐഎംഎസ്എസ് അഖിലേന്ത്യ വൈസ് പ്രസിഡന്റ് ബി.ആർ.അപർണ ഉദ്ഘാടനം ചെയ്യുന്നു.

## സഖാവ് കെ.ജി.തങ്കപ്പന് ലാൽസലാം



എസ്‌യുസിഐ(സി) കറിച്ചി ലോക്കൽ കമ്മിറ്റിയിലെ മുൻ അംഗവും ദീർഘകാലം സജീവ പ്രവർത്തകനുമായിരുന്ന സഖാവ് കെ.ജി.തങ്കപ്പൻ(86വയസ്) ജൂലൈ 18ന് നിര്യാതനായി. ഏതാനും വർഷങ്ങളായി രോഗബാധയെ തുടർന്ന് രണ്ടു കാലുകളും പൂർണ്ണമായി മുറിച്ചു മാറ്റപ്പെട്ട നിലയിൽ ആയിരുന്നു അദ്ദേഹം. 1994ൽ ആണ് എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ടന്നത്. അന്നുമുതൽ പാർട്ടിയുടെ സജീവ പ്രവർത്തകനായിരുന്നു. സഹപ്രവർത്തകരായ സഖാക്കളോട് അദ്ദേഹം വലിയ സ്നേഹവും ആദരവും പുലർത്തിയിരുന്നു.പ്രവർത്തനങ്ങൾ തുടരാനാകാത്ത വിധം രോഗബാധിതനായി മാറിയതിനെ തുടർന്നാണ് സഖാവ് പാർട്ടി പ്രവർത്തനങ്ങളിൽ നിന്നും വിരമിച്ചത്. എങ്കിലും മരണം വരെ അദ്ദേഹം പാർട്ടി അംഗമായിരുന്നു. ■

# നിർമ്മാണ തൊഴിലാളി യൂണിയൻ ജില്ലാ സമ്മേളനങ്ങൾ

### കോട്ടയം

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള വായ്പ തിരിച്ചടയ്ക്കുക, ക്ഷേമനിധി അംഗങ്ങളുടെ പെൻഷൻ 7500 രൂപയാക്കുക, നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റം തടയുക തുടങ്ങിയ ഡിമാൻഡുകൾ ഉന്നയിച്ച് കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ(എഐയുടിയുസി) കോട്ടയം ജില്ലാ സമ്മേളനം ചങ്ങനാശ്ശേരിയിൽ സഖാവ് കെ.ജെ ജോയി നഗറിൽ നടന്നു. ജില്ലാ വൈസ് പ്രസിഡന്റ് കെ.എസ്. ചെല്ലമ്മ പതാകയുയർത്തി. എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. വി.പി.കൊച്ചുമോൻ പ്രസിഡണ്ടും എ.ജി.അജയകുമാർ സെക്രട്ടറിയുമായി 33 അംഗ ജില്ലാ കമ്മിറ്റിയെ തെരഞ്ഞെടുത്തു. സമാപന സമ്മേളനം എസ്‌യുസിഐ(സി)ജില്ലാ സെക്രട്ടറി മിനി കെ. ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. എൻ.കെ.ബിജു, കെ.പി. വിജയൻ എന്നിവർ പ്രസംഗിച്ചു.


കെസിഡബ്ല്യുയു കോട്ടയം ജില്ലാ സമ്മേളനം എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.



കെസിഡബ്ല്യുയു ഇടുക്കി ജില്ലാ സമ്മേളനത്തിൽ സംസ്ഥാന ജോയിന്റ് സെക്രട്ടറി സഖാവ് വി.പി.കൊച്ചുമോൻ പ്രസംഗിക്കുന്നു.

### ഇടുക്കി

ഇടുക്കി ജില്ലാ സമ്മേളനം തൊടുപുഴ ജോയിന്റ് കൗൺസിൽ ഹാളിൽ മുനിസിപ്പൽ ചെയർമാൻ സനീഷ് ജോർജ് ഉദ്ഘാടനം ചെയ്തു. കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന ജോയിന്റ് സെക്രട്ടറി വി.പി.കൊച്ചുമോൻ മുഖ്യപ്രഭാഷണം നടത്തി. എം.എൻ.അനിൽ, മുൻ ക്ഷേമനിധി ജില്ലാ ഓഫീസർ ടി.കെ.ഇസ്മയിൽ, എൻ.എസ്.ബിജുമോൻ, എൻ.വിനോദ്കുമാർ, സിബി സി. മാത്യു, പി.കെ.സജി, സെബാസ്റ്റ്യൻ ജേക്കബ്, പി.ഡി.പ്രദീപ്, ജയിംസ് കോലാനി, സുകുമാർ അരിക്കുഴ എന്നിവർ പ്രസംഗിച്ചു. ■

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2022 August
Price: Rs. 10.00

# ലാൽസലാം സഖാവ് ദേബപ്രസാദ് സർക്കാർ

### ജൂലൈ 11ന് ജയ്നഗറിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയം

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ മുതിർന്ന പൊളിറ്റ്ബ്യൂറോ അംഗവും പശ്ചിമ ബംഗാളിലെ ദക്ഷിണ 24 പർഗാന ജില്ലയുടെ മുൻ ജില്ലാ സെക്രട്ടറിയും 34 വർഷം തുടർച്ചയായി ജയ്നഗർ മണ്ഡലത്തിൽനിന്നുള്ള എംഎൽഎയുമായിരുന്ന സഖാവ് ദേബപ്രസാദ് സർക്കാർ ദീർഘകാലത്തെ അസുഖത്തിനൊടുവിൽ ഇക്കഴിഞ്ഞ ജൂൺ 27ന് കൽക്കത്ത ഹാർട്ട് ക്ലിനിക്കിൽ ചരമമടഞ്ഞു.

വിദ്യാർത്ഥിയായിരിക്കേ പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകനും ദാർശനികനും നമ്മുടെയേവരുടെയും നേതാവും ഗുരുനാഥനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ ഒരു ചർച്ച കേൾക്കാനിടവന്നു. അതിൽ ആഴത്തിൽ ആകൃഷ്ടനായ അദ്ദേഹം പാർട്ടിയിൽ ചേരുകയും അന്തരിച്ച പൊളിറ്റ്ബ്യൂറോ അംഗങ്ങളായ സച്ചിൻ ബാനർജിയുടെയും സുബോധ് ബാനർജിയുടെയും തുടർന്ന് മുൻ കേന്ദ്ര കമ്മിറ്റി അംഗവും ദക്ഷിണ 24 പർഗാന ജില്ലാ സെക്രട്ടറിയുമായിരുന്ന യാക്കൂബ് പൈലാന്റെയും നേതൃത്വത്തിൽ ജയ്നഗറിൽ സജീവ പ്രവർത്തകനായി മാറുകയും ചെയ്തു. കഠിനമായ സമരത്തിലൂടെ ആർജ്ജിച്ചെടുത്ത കഴിവിന്റെയും ശേഷിയുടേയും അടിസ്ഥാനത്തിൽ വൈകാതെ തന്നെ ജില്ലാ സെക്രട്ടേറിയറ്റിലേക്കും പിന്നീട് സംസ്ഥാന കമ്മിറ്റിയിലേക്കും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു.

2009ൽ ഡൽഹിയിൽ നടന്ന രണ്ടാം പാർട്ടി കോൺഗ്രസ്സിൽ അദ്ദേഹം കേന്ദ്രകമ്മിറ്റി അംഗമാകുകയും, ദീർഘനാൾ കേന്ദ്ര കമ്മിറ്റിയുടെ ഓഫീസ് സെക്രട്ടറി സ്ഥാനം വഹിക്കുകയും ചെയ്തു. 2018ൽ ഘാട്സിലയിൽ നടന്ന മൂന്നാം പാർട്ടി കോൺഗ്രസ്സിൽ അദ്ദേഹം പൊളിറ്റ്ബ്യൂറോയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. രോഗബാധിതനായി കൽക്കത്ത ഹാർട്ട് ക്ലിനിക്കിൽ പ്രവേശിക്കപ്പെടുന്നതു വരെയുള്ള ദീർഘകാലം ശിബ്പൂരിലെ പാർട്ടി സെന്ററിലും ജയ്നഗർ പാർട്ടി ഓഫീസിലുമാണ് അദ്ദേഹം കഴിഞ്ഞത്.

"ജയ്നഗർ ഇൻസ്റ്റിറ്റ്യൂഷൻ" എന്ന വിദ്യാഭ്യാസ സ്ഥാപനത്തിൽ അദ്ദേഹം സെക്കണ്ടറി തലത്തിൽ അദ്ധ്യാപകനായിരുന്നു. അദ്ധ്യാപകനെന്ന നിലയിൽ അദ്ധ്യാപക-വിദ്യാഭ്യാസ പ്രസ്ഥാനങ്ങളിലെ സമരങ്ങളിൽ അദ്ദേഹം സജീവമായ നേതൃത്വം നൽകി. ആൾ ബംഗാൾ ടീച്ചേഴ്സ് അസോസിയേഷൻ എന്ന സംഘടനയെ സിപിഐ(എം)ന്റെ ചൊൽപ്പടിയിൽ നിർത്താനുള്ള നീക്കത്തിനെതിരെ നിരന്തരമായി കഠിനമായ സാഹചര്യങ്ങളെ നേരിട്ട് പോരാടിയ അദ്ദേഹം അന്തരിച്ച കേന്ദ്രകമ്മിറ്റി അംഗമായ തപൻ റായ് ചൗധരിയോടൊത്തു ചേർന്ന് 1969ൽ സെക്കണ്ടറി ടീച്ചേഴ്സ് ആന്റ് എംപ്ലോയിസ് അസോസിയേഷന് ജന്മം നൽകി. എസ്ടിഇഎ എന്ന ഈ സംഘടനയിൽ വ്യത്യസ്ഥ രാഷ്ട്രീയ അഭിപ്രായമുള്ള നിരവധി അംഗങ്ങൾ ഉണ്ടായിരുന്നു. അവരെല്ലാം സഖാവ് സർക്കാരിനോട് ഹൃദയബന്ധവും ആഴത്തിലുള്ള വിശ്വാസവും പുലർത്തുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അണിചേരുകയുമുണ്ടായി.

ബംഗാളിലെ ചരിത്രപരമായ ഭാഷാസമരം, ജനവിരുദ്ധമായ ബസ് ചാർജ് വർദ്ധനയ്ക്കെതിരായ സമരം, വിലക്കയറ്റ വിരുദ്ധ സമരം എന്നിവയിലും അദ്ദേഹം നായകസ്ഥാനം വഹിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിദ്യാഭ്യാസ വിരുദ്ധ നയങ്ങൾക്കെതിരെ സംഘടിപ്പിക്കപ്പെട്ട "സേവ് എജ്യൂക്കേഷൻ കമ്മിറ്റി"യിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എന്നും സ്മരിക്കപ്പെടും.

1990ൽ യാത്രക്കൂലി വർദ്ധനവിനെതിരെ നമ്മുടെ പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന അതിശക്തമായ സമരത്തിൽ അദ്ദേഹം അറസ്റ്റിലായി. മാതേയ് ഹൽദാർ എന്ന കൗമാരപ്രായക്കാരൻ രക്തസാക്ഷിയായത് ഈ സമരത്തിലാണ്. നന്ദിഗ്രാമിലും സിംഗൂരിലും ബലപ്രയോഗത്തിലൂടെ ഭൂമി പിടിച്ചെടുക്കുന്നതിനെതിരെ ഒരു എംഎൽഎ എന്ന നിലയിൽ നിയമസഭയിലും സമരഭൂമിയിലും അദ്ദേഹം ശക്തമായി നിലകൊണ്ടു. 1977 മുതൽ 34 വർഷക്കാലത്തോളം തുടർച്ചയായി ജയ്നഗർ അസംബ്ലി മണ്ഡലത്തിൽനിന്ന് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. നിരവധി വസ്തുതകളും സൈദ്ധാന്തിക തത്വങ്ങളും ഉൾച്ചേർന്ന അദ്ദേഹത്തിന്റെ നിയമസഭാപ്രസംഗങ്ങൾ ഭരണ വൃന്ദത്തിലുള്ളവർപോലും പ്രശംസിച്ചിരുന്നു. എംഎൽഎ ആയിരുന്ന സമയത്തും മതിയായ റെയിൽ സൗകര്യത്തിനും ചികിൽസാ സംവിധാനങ്ങൾക്കും വൈദ്യുതിക്കുംവേണ്ടി ജനകീയ സമരങ്ങൾ പടുത്തുയർത്തി. പലതും വിജയം നേടി.

കുട്ടികളിലും യുവജനങ്ങളിലും ഉയർന്ന സാംസ്കാരിക നൈതികബോധം പടുത്തുയർത്താൻ അദ്ദേഹം നിരന്തരമായി യത്നിച്ചു. വളരെയധികം രോഗാതുരനായി കഴിയുമ്പോഴും പാർട്ടിയുടെയും മുന്നണി സംഘടനകളുടെയും വിവിധ വേദികളിൽ മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തകളുടെ അടിസ്ഥാനത്തിൽ വ്യക്തമായ വിശകലനങ്ങൾ അവതരിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ഇവയെല്ലാം വരുംകാലങ്ങളിലും നമ്മളിൽ വെളിച്ചം പകരും.

പ്രസന്നതയും കരുത്തും ഒരേ സമയം പകർന്നു തരുന്ന അനന്യ വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. താൻ വിശ്വസിച്ച പ്രത്യയശാസ്ത്രത്തോടുള്ള അചഞ്ചലമായ കൂറും സ്വഭാവ മഹിമയും പുലർത്തുകവഴി നമ്മുടെ പാർട്ടിയിലുള്ളവരുടെ മാത്രമല്ല മറ്റ് പാർട്ടികളുടെ നേതാക്കളുടെയും നിയമസഭാംഗങ്ങളുടെയും പലതലത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെയും മാദ്ധ്യമ പ്രവർത്തകരുടെയും ആദരവ് പിടിച്ചുപറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളെ ശരിയായ വിധത്തിൽ ജീവിതത്തിൽ പ്രയോഗിച്ചതിലൂടെ സഖാവ് സർക്കാർ ഒന്നാം നിരയിലുള്ള ഒരു കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയായി വാർത്തെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ വിയോഗത്തിൽ നമ്മുടെ പാർട്ടിക്കും ചൂഷിതരായ തൊഴിലാളിവർഗ്ഗത്തിനും ജനാധിപത്യ പ്രക്ഷോഭണങ്ങൾക്കും ശക്തനായ ഒരു നേതാവിനെയാണ് നഷ്ടമായിരിക്കുന്നത്.

ജീവിതാന്ത്യംവരെ വിപ്ലവകാരിയായിരുന്ന സഖാവ് ദേബപ്രസാദ് സർക്കാരിനു ലാൽസലാം. ■

### ദേശീയ വിദ്യാഭ്യാസ നയം കേരളത്തിൽ നടപ്പിലാക്കരുത്

## സേവ് എജ്യൂക്കേഷൻ കമ്മിറ്റി സെക്രട്ടേറിയറ്റ് മാർച്ച്

ആധുനിക വിദ്യാഭ്യാസത്തിന്റെ സർവ്വാംശങ്ങളെയും തകർക്കുന്ന 'പുതിയ ദേശീയ വിദ്യാഭ്യാസ നയം 2020' കേരളത്തിൽ നടപ്പിലാക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ട്, സ്വാശ്രയ സമ്പ്രദായത്തിന്റെ ഇരയായ രജനി എസ്. ആനന്ദ് അനുസ്മരണ ദിനത്തിൽ സേവ് എജ്യൂക്കേഷൻ സംസ്ഥാന കമ്മിറ്റി സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും നടത്തി. ഡോ.എം.പി. മത്തായി മാർച്ച് ഉദ്ഘാടനം ചെയ്തു. സമൂഹത്തെ ഷണ്ഡീകരിക്കുന്നതാണ് എൻഇപി 2020 എന്ന് ഡോ.എം.പി.മത്തായി പറഞ്ഞു. ലോകബാങ്കിന്റെ നയങ്ങളാണ് ദേശീയ വിദ്യാഭ്യാസ നയത്തിൽ ഉള്ളടങ്ങിയിരിക്കുന്നത്. ഭാഷയും സാഹിത്യവും ചരിത്രവും അപ്രസക്തമാക്കുന്നതും നിരക്ഷരത സാർവ്വത്രികമാക്കുന്നതുമായ ഈ നയം കേരളത്തിൽ നടപ്പിലാക്കരുതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വിദ്യാഭ്യാസസ്നേഹികളുംഅധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളും മാർച്ചിൽ പങ്കെടുത്തു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന പ്രസിഡന്റ് ഡോ. ജോർജ് ജോസഫ് അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽ ആയതിനാൽ സംസ്ഥാന സർക്കാരിന് തനതായ വിദ്യാഭ്യാസ നയം ആവിഷ്കരിക്കുവാൻ കഴിയുമെന്നും ഭരണഘടന ഉറപ്പുനൽകുന്ന ആ അധികാരം സംസ്ഥാന സർക്കാർ നിർവഹിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന വൈസ് പ്രസിഡന്റ് എം.ഷാജർഖാൻ, എച്ച്എസ്ടിഎ സംസ്ഥാന പ്രസിഡന്റ് അരുൺ, എച്ച്എസ്ടിഎ നേതാവ് വെങ്കിടമൂർത്തി, കെഎടിഎ ജനറൽ സെക്രട്ടറി ഇന്ദുലാൽ, സേവ് എജ്യൂക്കേഷൻ സംസ്ഥാന കമ്മിറ്റി വൈസ് പ്രസിഡന്റ് ജി.നാരായണൻ, വി.എസ്.ഗിരീശൻ, പ്രൊഫ.ഫ്രാൻസിസ് കളത്തുങ്കൽ, പ്രൊഫ.പി.എൻ.തങ്കച്ചൻ, പ്രൊഫ.കെ.പി. സജി, ഡോ.ജ്യോതിപ്രകാശ്, ആർ. പാർത്ഥസാരഥിവർമ്മ, ശശാങ്കൻ, സൗഭാഗ്യകുമാരി, ഡോ.എം.പ്രദീപൻ, ബാബു മാസ്റ്റർ, ബിനു ബേബി തുടങ്ങിയവർ പ്രസംഗിച്ചു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി അഡ്വ.ഇ.എൻ.ശാന്തിരാജ് സ്വാഗതവും ഡോ.ജോൺസൺ കൃതജ്ഞതയും പറഞ്ഞു.■



സേവ് എജ്യൂക്കേഷൻ കമ്മിറ്റി നടത്തിയ മാർച്ച് സെക്രട്ടേറിയറ്റിനുമുന്നിൽ

### വൈദ്യുതി ചാർജ്ജ് വർദ്ധനവിനെതിരെ...



ഭീമമായ വൈദ്യുതി ചാർജ്ജ് വർദ്ധനവ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മാടപ്പള്ളി, തെങ്ങണ ഇല്ക്ട്രിസിറ്റി ഓഫീസിനുമുന്നിൽ നടന്ന ധർണ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോട്ടയം ജില്ലാ സെക്രട്ടറി മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു. സഖാക്കൾ എൻ.കെ. ബിജു, റ്റി.ജെ.ജോണിക്കുട്ടി, കെ.എൻ.രാജൻ, പി.എൻ.മണിയൻ, കെ.എസ്.ശശികല, അരവിന്ദ് വേണുഗോപാൽ എന്നിവർ പ്രസംഗിച്ചു.

### പ്രളയബാധിതർ സമരത്തിൽ...


ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ അശാസ്ത്രീയ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കുക, പ്രളയബാധിതർക്ക് 10,000രൂപ ധനസഹായം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ജനകീയ പ്രതിരോധ സമിതി മങ്കൊമ്പിൽ നടത്തിയ ധർണ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് എസ്. രാജീവൻ ഉദ്ഘാടനം ചെയ്യുന്നു.

Volume: 49 No: 5 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.